2024 JUNE 23

emalayalee.com

# The Weekly

WEEKLY NEWSPAPER

ontact: editor@emalayalee.com | Phone: 917 324 ...7; 917 662 1122



# 'രാഹുലിസം' സംഭവമാക്കാൻ വയനാട്ടിൽ പ്രിയങ്കാ ഗാന്ധിയുടെ കന്നിയങ്കം



emalayalee.com The Weekly
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



## നീറ്റിനു പിന്നാലെ നെറ്റും

# വിശ്വാസ്യത ചോരുന്ന ദേശീയപരീക്ഷകൾ

ഇന്ത്യയിലെ ഒരു ശരാശരിക്കാരന്റെ ജീവിതസ്വപ്നങ്ങളിൽ ഒന്നാണ് തന്റെ കുടുംബത്തിലും ഒരു ഡോക്ടർ അല്ലെങ്കിൽ എഞ്ചിനീയർ ഉണ്ടാകണം എന്നത്. ഇതിൽ, മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഓരോ വിദ്യാർത്ഥിയും ഉറ്റുനോക്കുന്ന നീറ്റ് എന്ന എൻ ഇ ഇ റ്റി, അഥവാ നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ്, രാജ്യത്താകമാനമായി നടത്തപ്പെടുന്ന മെഡിക്കൽ കോഴ്സുകളുടെ പ്രവേശനത്തിനു വേണ്ടിയുള്ള പരീക്ഷയാണ്. ഇതൊരു ഏകതല ദേശീയപരീക്ഷയാണ്. എയിംസ്, ജീപ്മെർ പോലുള്ള ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള കടമ്പയും നീറ്റ് പരീക്ഷ തന്നെയാണ്. ഏറ്റവും ദുഷ്കരവും ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ മാറ്റുരയ്ക്കുന്നതുമായ ഈ പരീക്ഷ നടത്തുന്നത് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ ഡയറക്ട്രേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസിനായി നാഷണൽ ടെസ്റ്റിങ്ങ് ഏജൻസിയാണ്. ഈ പരീക്ഷയുടെ നടത്തിപ്പാണിപ്പോൾ സംശയത്തിന്റെ മുൾമുനയിൽ കുരുങ്ങി ലക്ഷക്കണക്കിനു വിദ്യാർത്ഥികളുടെ ഭാവി ആശങ്കയിലാഴ്ത്തിയിരിക്കുന്നത്.




ഈ വർഷം ഇരുപത്തിനാലു ലക്ഷം പേർ നീറ്റ് എഴുതിയതിൽ പതിമൂന്നു ലക്ഷത്തിൽപ്പരം വിദ്യാർത്ഥികൾ മെഡിക്കൽ പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. രാജ്യത്ത് നടക്കുന്ന ഏറ്റവും ഗൗരവമേറിയതും പ്രാധാന്യമേറിയതുമായ ഈ പരീക്ഷയിൽ ഇക്കുറി അറുപത്തിയേഴു പേർക്ക് ഒന്നാം റാങ്ക് കിട്ടിയതോടെയാണ് പല കോണുകളിൽ നിന്നും പരീക്ഷാ നടത്തിലെ ക്രമക്കേടുകളെക്കുറിച്ച് വ്യാപകമായി പരാതി ഉയരുന്നത്. ഇത്ര സുപ്രധാനമായ പരീക്ഷയിൽ ഹരിയാനയിലെ ഒരു സെന്ററിൽ പരീക്ഷ എഴുതിയ ആറു പേർക്ക് ഒന്നാം റാങ്ക് കിട്ടിയതും നെഗറ്റീവ് മാർക്കുള്ള പരീക്ഷയിൽ ഒരിക്കലും കിട്ടാൻ സാധ്യതയില്ലാത്ത മാർക്കുകൾ ലഭിച്ചതും ഒക്കെയാണ് ആശങ്കകൾക്കിടയാക്കിയത്. പരാതികൾ പ്രവഹിച്ചതോടെ അത്തരത്തിൽ മാർക്ക് കിട്ടാൻ കാരണം തെറ്റായ ചോദ്യത്തിനു നൽകിയ മാർക്കും പരീക്ഷ എഴുതാൻ സമയം കിട്ടിയില്ല എന്നു പരാതിപ്പെട്ടവർക്കു നൽകിയ അധികമാർക്കും ഒക്കെയാണെന്നാണ് ഔദ്യോഗിക വിശദീകരണമായി ആദ്യ ദിവസങ്ങളിൽ കിട്ടിയ മറുപടി.എന്നാൽ ദിവസങ്ങൾ കടന്നുപോകുമ്പോൾ പിടിച്ചതിലും



ജോർജ് ജോസഫ്
ചീഫ് എഡിറ്റർ



സുനിൽ ട്രൈസ്റ്റാർ
മാനേജിംഗ് എഡിറ്റർ

**ഇവിടെ വേണ്ടത് കുറ്റമറ്റ രീതിയിൽ ദേശീയ പരീക്ഷകൾ നടത്തുക എന്നതു മാത്രമാണ്. അല്ലാതെ ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരമായി പരീക്ഷകളേ വേണ്ടന്നു വയ്ക്കുകയല്ല. വിദ്യാർത്ഥികൾ പഠിച്ച് കയറി വരട്ടെ. അതിന് തുരങ്കം വയ്ക്കുന്നവർ തിഹാറിലെ കൊതുകുകടി കൊള്ളട്ടെ.**




വലുത് അളയിൽ എന്ന മട്ടിലാണ് കാര്യങ്ങളുടെ പോക്ക്.

ഒരു ലക്ഷം വരുന്ന മെഡിക്കൽ സീറ്റുകളിലേക്ക് യോഗ്യത നേടിയിരിക്കുന്നത് ഏതാണ്ട് പതിമൂന്ന് ലക്ഷം പേർ ആണ്. ഒരു തീവ്രവാദ ആക്രമണ ഭീഷണി നേരിടുമ്പോൾ നടത്തുന്ന പരിശോധനകൾ നേരിട്ടു വേണം വിദ്യാർത്ഥികൾ പരീക്ഷാ ഹാളിൽ കടക്കുന്നത്.പരീക്ഷ എഴുതാൻ അത്ര പ്രയാസമില്ലാ എന്നു വിദ്യാർത്ഥികൾ പറയുന്നുമുണ്ട്. എന്നാലും അതു കണക്കാക്കേണ്ട. കാരണം രാജ്യത്തു ലഭ്യമായ ഒരു ലക്ഷത്തിൽപ്പരം മെഡിക്കൽ സീറ്റുകളിലേക്ക് മിടുക്കരായ വിദ്യാർത്ഥികൾക്കു കടന്നുചെല്ലാൻ ഇതിലും സുതാര്യമായ മറ്റൊരു വഴിയില്ല എന്നതും പ്രധാനമാണ്.

നീറ്റിനായി മൂന്നും നാലും വർഷം തയ്യാറെടുത്ത് പരീക്ഷയെഴുതുന്നവർ ധാരാളമാണ് രാജ്യത്ത്. ഒരു മാർക്കു പോലും നിർണായകവുമാണ്. ഇപ്പോൾ നീറ്റ് യുജി പരീക്ഷയിലെ പ്രശ്നങ്ങൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. പിഴവില്ല എന്നു പറഞ്ഞിരുന്ന കേന്ദ്ര സർക്കാരും ഇപ്പോൾ പറയുന്നു തെറ്റുപറ്റിയെന്ന്. എൻ ടി എ ഇന്ന് സംശയത്തിനതീതമല്ല. ഗുജറാത്തിലും, ബീഹാറിലും തട്ടിപ്പു നടന്നുവെന്ന് തെളിവുകൾ പുറത്തു വന്നുകഴിഞ്ഞു. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ബീഹാറിൽ നാലു വിദ്യാർത്ഥികൾ അറസ്റ്റിലായിരിക്കുന്നു. മേയ് അഞ്ചിനു നടന്ന പരീക്ഷയുടെ തലേന്നു തന്നെ ഇവർക്ക് ചോദ്യപേപ്പർ ചോർന്നു കിട്ടിയത്രേ. 1563 വിദ്യാർത്ഥികൾക്കാണ് ഗ്രേസ് മാർക്ക് നൽകിയത്. ഇപ്പോൾ ചോദ്യപേപ്പർ ചോർന്നു കിട്ടിയെന്ന വിഷയം കൂടിയാകുമ്പോൾ ജൂലൈ ഏഴിലെ സുപ്രീം കോടതി വിധിയിലേക്കാണ് ഏവരും ഉറ്റുനോക്കുന്നത്. ഇക്കാര്യത്തിൻ കേന്ദ്രത്തിനും നാഷണൽ ടെസ്റ്റിങ്ങ് ഏജൻസിക്കും സുപ്രീം കോടതി നോട്ടീസ് അയച്ചിട്ടുണ്ട്.

നിലവിൽ മേഘാലയയിൽ ചില സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മുക്കാൽ മണിക്കൂർ സമയം നഷ്ടമായിരുന്നു. അവരുടെ പരാതിയിലും ഗ്രേസ് മാർക്ക് നൽകിയിട്ടുണ്ട്.

നീറ്റ് വിഷയത്തിൽ രാജ്യത്തെമ്പാടും വിദ്യാർത്ഥി പ്രക്ഷോഭം കടുക്കുകയാണിപ്പോൾ.

ഈ നീറ്റ് വിഷയത്തിനിടയിൽ കൂനിൻ മേൽക്കുരു പോലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏറ്റവും നിർണായകമായ നെറ്റ് അഥവാ നാഷണൽ എലിജിബിലിറ്റി ടെസ്റ്റും സംശയത്തിന്റെ നിഴലിലായത് കേന്ദ്ര ഗവൺമെന്റിന് സൃഷ്ടിക്കുന്ന തലവേദന ചെറുതല്ല. 317 നഗരങ്ങളിലായി പതിനൊന്നര ലക്ഷം വിദ്യാർത്ഥികളാണ് നെറ്റ് എഴുതിയത്. അസിസ്റ്റൻറ് പ്രഫസർ തസ്തികയിലേക്കും ജൂനിയർ റിസർച്ച് ഫെലോഷിപ്പിനും യോഗ്യത നിർണയിക്കുന്നതാണ് യുജിസി നെറ്റ് പരീക്ഷ. ഒ എം ആർ പരീക്ഷയിൽ ക്രമക്കേട് കണ്ടെത്തിയതോടെ ദേശീയ പരീക്ഷാ ഏജൻസി ജൂൺ 18ന് നടത്തിയ പരീക്ഷ റദ്ദാക്കാൻ കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് തീരുമാനിക്കുകയായിരുന്നു. ബുധനാഴ്ച ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള ഇന്ത്യൻ സൈബർ ക്രൈം ട്രെസ്റ്റ് അനലിറ്റിക്സ് ആണ് നെറ്റ് പരീക്ഷയിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് യുജിസിക്ക് റിപ്പോർട്ട് ചെയ്തത്. കമ്പ്യൂട്ടർ ടെസ്റ്റ് ഈ വർഷം ഒ എം ആറിലേക്കു മാറ്റിയിരുന്നു. എൻ ടി എ ആണ് നെറ്റ് പരീക്ഷയും നടത്തുന്നത്. ഗവേഷക വിദ്യാർത്ഥികളും താത്കാലിക അധ്യാപക ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരും ഒക്കെയാണ് നെറ്റ് എഴുതുന്നവർ. അതികഠിനമായ ഈ പരീക്ഷയ്ക്കായി ലീവെടുത്തും ഉറക്കം കളഞ്ഞുമെല്ലാമാണ് പലരും തയ്യാറെടുക്കുന്നത്. സിലബസിൽ തീരെ പ്രാധാന്യമില്ലാത്ത ഭാഗങ്ങളിൽ നിന്നാണ് ഇക്കുറി ചോദ്യങ്ങൾ ഉണ്ടായതെന്നും പരാതി ഉയരുന്നു. ആഭരണങ്ങളും ഹുക്ക് ഉള്ള അടിവസ്ത്രങ്ങളും ഉൾപ്പെടെ അഴിച്ചുവെച്ച ശേഷമാണ് പരീക്ഷാ ഹാളിലേക്കു പ്രവേശനം നൽകുന്നത്. ഇത്രയൊക്കെ മുൻകരുതൽ ഉണ്ടായിട്ടും പരീക്ഷയ്ക്ക് ഒരാഴ്ച മുന്നേ മൂവായിരം രൂപയ്ക്ക് ടെലഗ്രാം വഴി നെറ്റ് ചോദ്യപ്പേപ്പറുകൾ വാങ്ങാൻ കിട്ടി എന്നു വാർത്ത വരുമ്പോൾ അയ്യോ എന്തൊരവസ്ഥ എന്നു ആശ്ചര്യപ്പെടാതെ കഴിയുന്നുള്ളൂ. ഭാവി ശാസ്ത്രജ്ഞരേയും യൂണിവേഴ്സിറ്റി അധ്യാപകരേയും വാർത്തെടുക്കാൻ നടത്തുന്ന പരീക്ഷയുടെ ഒരു ഗതികേട്!

നെറ്റ് മാത്രമല്ല, ഇന്റഗ്രേറ്റഡ് ടീച്ചർ എജ്യുക്കേഷൻ പ്രോഗ്രാമുകളിലെ പ്രവേശനത്തിനുള്ള നാഷണൽ കോമൺ എൻട്രൻസ് ടെസ്റ്റും റദ്ദാക്കിയിട്ടുണ്ട്. അതും വീണ്ടും നടത്തുമത്രേ. നെറ്റ്, ഇ റ്റി ഇ ടി പരീക്ഷകൾ എന്തായാലും വീണ്ടും നടത്തും. എന്നാൽ ഇരുപത്തിനാല് ലക്ഷം കുട്ടികൾക്കു വേണ്ടി നീറ്റ് പരീക്ഷ വീണ്ടും നടത്തുകയെന്നത് വിദ്യാർത്ഥികളോടു ചെയ്യുന്ന കൊലച്ചതിയാകും. എന്നാൽ അതിൽ അനർഹർ കടന്നുകൂടിയതിനു പരിഹാരം വേണ്ടേ എന്ന ചോദ്യം അപ്പോഴും ബാക്കി നിൽക്കും. സുപ്രീം കോടതി നിലവിൽ മെഡിക്കൽ കോഴ്സുകളിലെ അഡ്മിഷനുകളിലെ കൗൺസിലിങ് നടത്തുന്നത് തടഞ്ഞിട്ടില്ല. എന്നാൽ നീറ്റ് പരീക്ഷ റദ്ദാക്കുമോ ഇല്ലയോ എന്നു പറഞ്ഞിട്ടുമില്ല. അതിനാൽത്തന്നെ കോടതി വിധി വരാതെ ആർക്കും ഒരു തീരുമാനവും എടുക്കാനുമാകില്ല. തമിഴ്നാട് പണ്ടേ നീറ്റ് പരീക്ഷയ്ക്ക് എതിരാണ്. എന്നാൽ നീറ്റ് അവസാനിച്ചാൽ സംഭവിക്കുക പഴയ തലവരിപ്പണ അഡ്മിഷൻ കാലമാകും. കാശുള്ളവർ ഡോക്ടറാകും, മെരിറ്റ് കാറ്റിൽ പറക്കും.

ഇവിടെ വേണ്ടത് കുറ്റമറ്റ രീതിയിൽ ദേശീയ പരീക്ഷകൾ നടത്തുക എന്നതു മാത്രമാണ്. അല്ലാതെ ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരമായി പരീക്ഷകളേ വേണ്ടന്നു വയ്ക്കുകയല്ല. വിദ്യാർത്ഥികൾ പഠിച്ച് കയറി വരട്ടെ. അതിന് തുരങ്കം വയ്ക്കുന്നവർ തിഹാറിലെ കൊതുകുകടി കൊള്ളട്ടെ.


MALABAR
GOLD & DIAMONDS
GOLDEN
SUMMER
1KG
Gold
52
Winners
Valid until 11th August, 2024
KNOW MORE
T&C Apply

# 'രാഹുലിസം' സംഭവമാക്കാൻ വയനാട്ടിൽ പ്രിയങ്കാ ഗാന്ധിയുടെ കന്നിയങ്കം



എ.എസ് ശ്രീകുമാർ

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഹൈലൈറ്റ് എന്താണെന്ന് ചോദിച്ചാൽ, കോൺഗ്രസ് കരുത്തുകാട്ടി, ബി.ജെ.പി ഒരുവിധത്തിൽ കയറിപ്പറ്റിയെന്ന് ഉത്തരം. 2019-ൽ 52 സീറ്റുകൾ മാത്രം നേടി തകർന്നടിഞ്ഞ കോൺഗ്രസിന്റെ ഉയിർത്തെഴുന്നേൽപ്പിനാണ് ജനാധിപത്യ ഭാരതം 2024-ൽ സാക്ഷ്യം വഹിച്ചത്. 100 സീറ്റുകൾ നേടിയ കോൺഗ്രസ് ഉൾപ്പെടുന്ന ഇന്ത്യാ സഖ്യം നേടിയത് 234 സീറ്റുകളാണ്. 239 സീറ്റുകൾ നേടി ബി.ജെ.പി ഏറ്റവും വലിയ ഒറ്റക്കക്ഷിയായെങ്കിലും എൻ.ഡി.എ 291 സീറ്റിൽ ഒതുങ്ങി. 2019-ൽ ബി.ജെ.പി 303 സീറ്റുകളാണ് നേടിയത്. എൻ.ഡി.എ 352 സീറ്റും നേടിയാണ് നരേന്ദ്ര മോദി രണ്ടാം വട്ടവും അധികാരത്തിലെത്തിയത്. കേരളത്തിലാകട്ടെ മുഖ്യമന്ത്രി പിണറായി വിജയന്റെ ശൈലിയും ശരീരഭാഷയും ഭരണവിരുദ്ധ വികാരവുമെല്ലാം സി.പി.എമ്മിനെയും ഇടതു മുന്നണിയെത്തന്നെയും തൂത്തെറിഞ്ഞു.

ഏതായാലും കേരളം ഉപതിരഞ്ഞെടുപ്പുകളെ നേരിടാൻ പോവുകയാണ്. രാഹുൽ ഗാന്ധി വയനാട് സീറ്റ് ഒഴിയുന്നതിനാൽ മണ്ഡലം വീണ്ടും ദേശീയ ശ്രദ്ധയാകർഷിക്കും. സഹോദരി പ്രിയങ്കാ ഗാന്ധിയുടെ വയനാട്ടിലേയ്ക്കുള്ള വരവ് യു.ഡി.എഫിനെയും കോൺഗ്രസ് പ്രവർത്തകരെയും ആവേശക്കൊടുമുടിയിലെത്തിച്ചിരിക്കുകയാണ്. ഷാഫി പറമ്പിൽ എം.എൽ.എയും മന്ത്രി കെ രാധാകൃഷ്ണനും ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയിച്ചതിനാൽ യഥാക്രമം ഇവരുടെ നിയമസഭാ മണ്ഡലങ്ങളായ പാലക്കാട്ടും ചേലക്കരയിലും ഉപതിരഞ്ഞെടുപ്പ് പോരാട്ടമുണ്ടാവും.

വയനാട്ടിലും ഉത്തർപ്രദേശിലെ റായ്ബറേലിയിലും മൽസരിച്ച് വൻ ഭൂരിപക്ഷത്തിൽ വിജയിച്ച രാഹുൽ ഗാന്ധി വയനാട് ഒഴിയാൻ തീരുമാനിച്ചതോടെയാണ് പ്രിയങ്കാ ഗാന്ധി എത്തുന്നത്. രാജ്യം ഉറ്റുനോക്കുന്ന പ്രിയങ്കയുടെ കന്നിയങ്കമാണിത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് ഡൽഹിയിൽ പ്രിയങ്കയുടെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. 2019-ൽ രാഹുൽ ഗാന്ധി 7,06,367 വോട്ടുകളാണ് (64.94 ശതമാനം) നേടിയത്. ഇടതുപക്ഷ സ്ഥാനാർത്ഥിയായ സി.പി.ഐയുടെ പി.പി സുനീറിന് 2,74,597 വോട്ടുകൾ കൊണ്ട് (25.24 ശതമാനം) തൃപ്തിപ്പെടേണ്ടി വന്നു.

രാഹുൽ കരസ്ഥമാക്കിയതിന്റെ പകുതി വോട്ടുപോലും പ്രധാന എതിരാളിക്ക് ലഭിച്ചില്ല എന്നതാണ് ശ്രദ്ധേയം. എൻ.ഡി.എയുടെ ഘടകകക്ഷിയായ ബി.ഡി.ജെ.എസിന്റെ പ്രതിനിധി തുഷാർ വെള്ളാപ്പള്ളി 78,816 വോട്ടുകൾ മാത്രം നേടി (7.25 ശതമാനം) നിലംപൊത്തി. എൻ.ഡി.എ 2019-ൽ സ്വന്തം വോട്ടുകൾ പോലും സമാഹരിച്ചില്ല എന്ന് പറയുന്നതാകും ശരി. ഇക്കുറി സി.പി.ഐയിലെ ആനി രാജയ്ക്കെതിരെ 3,64,422 വോട്ടുകളാണ് രാഹുലിന്റെ ഭൂരിപക്ഷം. 3,90.030 വോട്ടുകളാണ് ബി.ജെ.പി സ്ഥാനാർത്ഥിക്കെതിരെയുള്ള റായ്ബറേലിയിലെ ഭൂരിപക്ഷം.

അമിത ആത്മവിശ്വാസത്തോടെ 400 സീറ്റ് കടക്കുമെന്ന് മേനി നടിച്ച നരേന്ദ്ര മോദിക്കും കൂട്ടർക്കുമെതിരെ ഒറ്റയാൾ പട്ടാളമായി മാറിയ രാഹുലാണ് ഇന്ത്യാ സഖ്യത്തിന് കരുത്ത് പകർന്ന് ബി.ജെ.പിയെയും എൻ.ഡി.എയെയും പ്രഹരിച്ചത്. ആയിരക്കണക്കിന് കിലോമീറ്റർ നീണ്ട 'ഭാരത് ജോഡോ യാത്ര'യിലൂടെയാണ് രാഹുൽ കോൺഗ്രസിനെ പുനരുജ്ജീവനത്തിലേക്ക് നയിച്ചത്. ഹിന്ദി ഹൃദയഭൂമിയിലെ ഇന്ത്യാ സഖ്യത്തിന്റെ ഉജ്വല നേട്ടം കാത്തുസൂക്ഷിക്കാൻ അവിടെ രാഹുലിന്റെ സജീവ സാന്നിധ്യം അനിവാര്യമായതുകൊണ്ടാണ് അദ്ദേഹം റായ്ബറേലി നിലനിർത്തുന്നത്.



**ഗാന്ധി കുടുംബത്തിൽ നിന്ന് പ്രിയങ്ക കൂടി പാർലമെന്റിലെത്തിയാൽ പ്രതിപക്ഷ നിര കൂടുതൽ ശക്തമാകും. സോണിയാ ഗാന്ധിക്കും രാഹുലിനുമൊപ്പം പ്രിയങ്കയും എത്തുന്നതോടെ കുടുംബാധിപത്യമെന്ന ആക്ഷേപം ബി.ജെ.പി ഉന്നയിക്കും. എന്നാൽ സ്വാതന്ത്ര്യ സമരപോരാട്ടങ്ങൾക്ക് ഗാന്ധി–നെഹ്റു കുടുംബം നൽകിയ സംഭാവനകളും ഇന്ദിരാ ഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും രക്ത സാക്ഷിത്വവും മുൻനിർത്തി കോൺഗ്രസിന് ബി.ജെ.പിയെ ചെറുക്കാനാവും.**

രാഹുൽ റായ്ബറേലി കൈയൊഴിഞ്ഞാൽ ദേശീയ തലത്തിൽ കോൺഗ്രസിനത് തിരിച്ചടിയവും. കോൺഗ്രസിന് വൈകാരിക ബന്ധമുള്ള മണ്ഡലമാണ് റായ്ബറേലി. അടിയന്തരാവസ്ഥയെ തുടർന്ന് 1977-ലും ബാബാറി മസ്ജിദ് വിഷയം നീറിപ്പുകഞ്ഞ 1996, 1998 വർഷങ്ങളിലെ തിരഞ്ഞെടുപ്പുകളിലും മാത്രമാണ് കോൺഗ്രസിനിവിടെ കാലിടറിയത്. 1952-ൽ സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പൊതുതിരഞ്ഞെടുപ്പിൽ ഇവിടെ വിജയിച്ചത് ഇന്ദിരാഗാന്ധിയുടെ ഭർത്താവായ ഫിറോസ് ഗാന്ധിയാണ്. അന്ന് മുതൽ കോൺഗ്രസിന് 'കൈ' കൊടുത്ത റായ്ബറേലിയിൽ നിന്ന് പിന്നീട് ഇന്ദിരയും സോണിയയും ജയിച്ചുകയറിയത് ചരിത്രം. എന്നാൽ ഇന്ദിരാഗാന്ധിയുടെ രൂപ സാദൃശവും കരിസ്മയുമുള്ള പ്രിയങ്കയുടെ വയനാട്ടിലേയ്ക്കുള്ള വരവ് കോൺഗ്രസിന് കരുത്തവുമെന്നുതന്നെയാണ് കോൺഗ്രസിന്റെ സംസ്ഥാന നേതൃത്വം ഉറച്ചുവിശ്വസിക്കുന്നത്.

അതേസമയം, വയനാട് പരമ്പരാഗത കോൺഗ്രസ് മണ്ഡലമായതിനാൽ എതിരാളിയായി ആര് വന്നാലും 'രാഹുലിസം' വീണ്ടും വയനാട്ടിൽ നിറഞ്ഞു നിൽപ്പുണ്ട്. രാഹുലിസം 'പ്രിയങ്കയിസ'ത്തിലേയ്ക്ക് എത്രമാത്രം വഴിമാറുമെന്ന് കണ്ടറിയണം. കോൺഗ്രസിന്റെ വടക്കേ ഇന്ത്യയിലെ പ്രതാപം വീണ്ടെടുക്കാൻ രാഹുലിനാവുമെങ്കിൽ ദക്ഷിണേന്ത്യയിലെ പ്രിയങ്കയുടെ സാന്നിധ്യവും പാർട്ടിക്ക് നിർണായകമാണെന്ന കാഴ്ചപ്പാടോടെയാണ് പ്രിയങ്കയുടെ രംഗപ്രവേശം.

ഗാന്ധി കുടുംബത്തിൽ നിന്ന് പ്രിയങ്ക കൂടി പാർലമെന്റിലെത്തിയാൽ പ്രതിപക്ഷ നിര കൂടുതൽ ശക്തമാകും. സോണിയാ ഗാന്ധിക്കും രാഹുലിനുമൊപ്പം പ്രിയങ്കയും എത്തുന്നതോടെ കുടുംബാധിപത്യമെന്ന ആക്ഷേപം ബി.ജെ.പി ഉന്നയിക്കും. എന്നാൽ സ്വാതന്ത്ര്യ സമരപോരാട്ടങ്ങൾക്ക് ഗാന്ധി-നെഹ്റു കുടുംബം നൽകിയ സംഭാവനകളും ഇന്ദിരാ ഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും രക്തസാക്ഷിത്വവും മുൻനിർത്തി കോൺഗ്രസിന് ബി.ജെ.പിയെ ചെറുക്കാനാവും. സോണിയ ഗാന്ധിയുടെയും രാഹുൽ ഗാന്ധിയുടെയും തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ചുമതലയുമായി സാന്നിധ്യമറിയിച്ച പ്രിയങ്ക ഗാന്ധി, 2019ലാണ് സജീവ രാഷ്ട്രീയത്തിലെത്തിയത്. കിഴക്കൻ ഉത്തർ പ്രദേശിന്റെ ചുമതല ആദ്യം വഹിച്ച പ്രിയങ്ക പിന്നീട് ഉത്തർ പ്രദേശിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറിയായി.



വയനാടുമായും റായ്ബറേലിയുമായും തനിക്ക് വൈകാരിക ബന്ധമുണ്ടെന്ന് രാഹുൽ ഗാന്ധി പ്രതികരിച്ചു. കഴിഞ്ഞ അഞ്ച് വർഷമായി താൻ വയനാട്ടിൽ നിന്നുള്ള എം.പിയായിരുന്നു. ജനങ്ങളുടെ സ്നേഹത്തിനും പിന്തുണയ്ക്കും നന്ദി പറയുന്നു. പ്രിയങ്ക ഗാന്ധി വയനാട്ടിൽനിന്ന് മത്സരിക്കുമെങ്കിലും താൻ ഇടയ്ക്കിടെ വയനാട് സന്ദർശിക്കും. റായ്ബറേലിയുമായി തനിക്ക് പഴയ ബന്ധമുണ്ട്, അവരെ വീണ്ടും പ്രതിനിധീകരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്, പക്ഷേ അതൊരു കടുത്ത തീരുമാനമായിരുന്നുവെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

വയനാടിനെ പ്രതിനിധീകരിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് പ്രിയങ്ക ഗാന്ധി പറഞ്ഞു. രാഹുൽ ഗാന്ധിയുടെ അഭാവം വയനാട്ടുകാരെ അനുഭവിപ്പിക്കില്ല. താൻ കഠിനാധ്വാനം ചെയ്യും. എല്ലാവരേയും സന്തോഷിപ്പിക്കാനും ഒരു നല്ല പ്രതിനിധിയാകാനും താൻ പരമാവധി ശ്രമിക്കും. റായ്ബറേലിയുമായും അമേഠിയുമായും തനിക്ക് വളരെ പഴയ ബന്ധമുണ്ട്. അത് തകർക്കാൻ കഴിയില്ല. റായ്ബറേലിയിലെ തന്റെ സഹോദരനെയും സഹായിക്കും. തങ്ങൾ രണ്ടുപേരും റായ്ബറേലിയിലും വയനാട്ടിലും ഉണ്ടാകുമെന്നും പ്രിയങ്ക ഗാന്ധി പറഞ്ഞു.

പ്രിയങ്കയുടെ സ്ഥാനാർത്ഥിത്വത്തെ താനും പന്തുണയ്ക്കുന്നുവെന്ന് ഭർത്താവും വ്യവസായിയുമായ റോബർട്ട് വദ്രയും വ്യക്തമാക്കി. രാഹുലിന്റെ അളിയൻ റോബർട്ട് വദ്രയ്ക്ക് പാലക്കാട് സീറ്റ്കൂടി നൽകിയാൽ കോൺഗ്രസിന്റെ കുടുംബാധിപത്യം പൂർണമാവുമെന്നും വയനാട്ടിലുള്ളവർ തന്റെ കുടുംബമാണെന്ന് രാഹുൽ പറഞ്ഞതിന്റെ പൊരുൾ ഇപ്പോൾ എല്ലാവർക്കും മനസിലായെന്നുമാണ് ബി.ജെ.പിയുടെ പരിഹാസം. എന്നാൽ മൂന്നാം മോദി സർക്കാരിൽ ബി.ജെ.പി നേതാക്കളുടെ മക്കളായ 20 പേർക്കാണ് മന്ത്രിസ്ഥനം നൽകിയിരിക്കുന്നത്. ഇത് കോൺഗ്രസിന് തിരിച്ചടിക്കാനുള്ള ചൂരലാണ്.

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഫ്ലോറിഡ ചാപ്റ്ററിന് നവസാരഥികൾ



**അബി ആനന്ദ്, ഫ്ലോറിഡ**

ഫ്ലോറിഡ: വടക്കെ അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ഫ്ലോറിഡ ചാപ്റ്ററിന്റെ 2024-2025 വർഷത്തേക്കുള്ള ഭാരവാഹികളെ തെരെഞ്ഞെടുത്തു.

പ്രസിഡന്റ് ജെസി പാറത്തുണ്ടിൽ, സെക്രട്ടറി ബിനു ചിലമ്പത്ത്, ട്രഷറർ എബി ആനന്ദ്, വൈസ് പ്രസിഡന്റ് ബിജു ഗോവിന്ദൻകുട്ടി, ജോയിന്റ് സെക്രട്ടറി സാബു മത്തായി എന്നിവരാണ് പുതിയ ഭാരവാഹികൾ .

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഫ്ലോറിഡ ചാപ്റ്ററിന്റെ പ്രത്യേക യോഗത്തിൽ ചാപ്റ്റർ പ്രസിഡന്റ് മാത്യു വർഗീസ് (ജോസ് ഫ്ലോറിഡ) അധ്യക്ഷത വഹിച്ചു. ഇപ്പോഴത്തെ കജഇചഅ നാഷണൽ അഡ്വൈസറി ബോർഡ് ചെയർമാനും, മുൻ നാഷണൽ പ്രസിഡന്റുമായ സുനിൽ തൈമറ്റം യോഗത്തിൽ പങ്കെടുക്കുകയും, ഇന്ത്യ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ നേത്രുത്വത്തിൽ മയാമിയിൽ നടന്ന അന്താരാഷ്ട്ര മാധ്യമ കോൺഫെറൻസ് വൻ വിജയമാക്കാൻ ഫ്ലോറിഡ ചാപ്റ്ററിന്റെ സഹകരണത്തിൽ സുനിൽ തൈമറ്റം നന്ദി അറിയിച്ചു . ജോയി കുറ്റിയാനി, ജോർജി വർഗീസ് എന്നിവർ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. ജനുവരി പത്തിന് കേരളത്തിൽ വച്ച് നടക്കുന്ന മാധ്യമശ്രീ, മാധ്യമര്ത്തന പുരസ്‌കാര ചടങ്ങിന് എല്ലാവിധ സഹകരണവും പ്രഖ്യാപിച്ചു കൊണ്ട് യോഗം അവസാനിച്ചു.



# കൊപ്പേൽ സെൻ്റ് അൽഫോൻസാ ദേവാലയത്തിൽ ഫാദേഴ്സ് ഡേ ആഘോഷിച്ചു



ഡാളസ്: കൊപ്പേൽ സെൻ്റ് അൽഫോൻസാ സീറോ മലബാർ കാത്തോലിക്കാ പള്ളിയിൽ ജൂൺ 16ാം തീയതി ഞായറാഴ്ച പിതാക്കൻമാരുടെ ദിനം ആഘോഷപൂർവ്വം നടത്തുകയുണ്ടായി.അമേരിക്കയിലെ വാഷിംഗ്ടണിൽ 1910 ലാണ് ആദ്യത്തെ ഫാദേഴ്സ് ഡേ ആഘോഷിച്ചത്. ഒരോ വ്യക്തിയുടെയും ജീവിതത്തിൽ പൂർണ്ണത കൈവരിക്കുന്നതിൽ ഒരു പിതാവ് ഏററെടുക്കുന്ന യാത്രകളുടെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്നതാണ് ഓരോ പിതൃദിനവും

ജീസസ് ക്രൈസ്ററ് സ്വന്തം പിതാവായ ദൈവത്തിന് കൊടുത്ത നന്ദി, സ്നേഹം അതൊക്കെ മാതൃകയായി എടുക്കേണ്ട ഒരു ദിനം കൂടിയാണ് ഫാദേഴ്സ് ഡേ. ഞായറാഴ്ച രാവിലെ ഒൻമ്പതു മണിയുടെ പരിശുദ്ധ കുർബ്ബാനക്കു ശേഷം ഫാദർ ജിമ്മി എടക്കുളത്തിൽ പ്രത്യേകമായി എല്ലാ പിതാക്കമാരെ ആശംസിക്കുകയും ദൈവം ഏൽപ്പിച്ചിരിക്കുന്ന പിതൃത്വം ഏററവും ഭംഗിയായി ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ നിർവ്വഹിക്കാൻ ഇവരെ ശക്തരാക്കണമേ എന്നു പ്രാർത്ഥിക്കുകയും ചെയ്തു.

ഏററവും പ്രായം കുറഞ്ഞ കുട്ടിയുടെ അപ്പൻ, പള്ളിയിലെ മുതിർന്ന അപ്പൻ, പിന്നെ കൂടുതൽ കുട്ടികൾ ഉള്ള അപ്പൻ. ഈ കാററഗറിയിലുള്ള മൂന്നു അപ്പമ്മാർ ഒരുമിച്ച് നിന്ന് കുർബ്ബാനക്കു ശേഷം കേക്കു മുറിച്ച് സന്തോഷം പങ്കു വച്ചത് എല്ലാംവരിലും കൗതുകം ഉണർത്തിയ ഒരു കാഴ്ചയായിരുന്നു. പള്ളിയിൽ വന്ന എല്ലാം വിശ്വാസികൾക്കും കേക്കു വിതരണം നടത്തി ആഘോഷത്തെ മോടിപിടിപ്പിച്ചു.

കൈക്കാരൻമാരായ റോബിൻ കുര്യൻ, ജോഷി കുര്യാക്കോസ്, രഞ്ചിത്ത് മാത്യു, റോബിൻ ജേക്കബ് എന്നീവർ ഈ ദിവസം മനോഹരമാക്കുന്നതിന് നേതൃത്ത്വം വഹിച്ചു.

വാർത്ത ലാലി ജോസഫ്





# ഫിലാഡൽഫിയയിൽ സി. സി. ഡി. ഗ്രാജുവേഷനും, അവാർഡുദാനവും

**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: 12 വർഷങ്ങളിലെ ചിട്ടയായ വിശ്വാസപരിശീലന ക്ലാസ്റ്റും പഠനത്തിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി അടുത്ത ലക്ഷ്യത്തിലേക്കു കുതിക്കാൻ വെമ്പിനിൽക്കുന്ന ഹൈസ്കൂൾ ബിരുദധാരികളെ ആദരിച്ചു.

സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ നടന്ന ലളിതമായ ഗ്രാജുവേഷൻ ചടങ്ങിൽ ഈ വർഷം സണ്ടേസ്കൂൾ പന്ത്രണ്ടാം ക്ലാസിൽനിന്നും ഗ്രാജുവേറ്റുചെയ്ത് ഡിപ്ലോമ നേടിയ 17 യുവതീയുവാക്കന്മാരാണു ആദരവിനർഹരായത്. ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയെ തുടർന്നാണ്é സി.സി.ഡി. ക്ലാസ് ഓഫ് 2024 ഗ്രാജുവേറ്റ്സിനെ അനുമോദിച്ചു പ്രത്യേക പ്രാർത്ഥനകളും അനുഗ്രഹപ്രഭാഷണവും നടത്തിയത്. മതബോധനസ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ, പന്ത്രണ്ടാംക്ലാസ് അധ്യാപിക ഡോ. ബിന്ദു മെതിക്കളം ക്ലാസ് ഓഫ് 2024 നു ആശംസകളർപ്പിച്ചു.

പന്ത്രണ്ടാം ക്ലാസിലെ ബെസ്റ്റ് സ്റ്റുഡന്റ് ആയ അലിസാ സിജിé ജോസഫ് കാഞ്ഞിരക്കാട്ടുതൊട്ടിയിലിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കൊച്ചുമകൻ ഡോ. ജോസിൻ ജയിംസ് ഏർപ്പെടുത്തിയിരിക്കുന്ന 1000 ഡോളർ കാഷ് അവാർഡും സർട്ടിഫിക്കറ്റും റവ. ഡോ. ജോർജ് ദാനവേലിലും, ഡോ. ജോസിനും കുടുംബവും നൽകി ആദരിച്ചു.

സി.സി.ഡി. പൂർവവിദ്യാർത്ഥികളായ ഡോ. ജേക്കബ് സെബാസ്റ്റ്യൻ, ജോസഫ് സെബാസ്റ്റ്യൻ, ജയിംസ് മാത്യു, സിറിൽ ജോൺ, ജെറിൻ ജോൺ എന്നിവർ ഈ വർഷം മുതൽ പുതുതായി ഏർപ്പെടുത്തിയ ഫാമിലി ഫ്രണ്ട്സ് സ്കോളർഷിപ് 1000 ഡോളർ കാഷ് അവാർഡ് ഏറ്റവും നല്ല ലേഖനകർത്താവായ അൻസു ജോജോയ്ക്ക് ലഭിച്ചു.

2023-2024 ലെ എസ്. എ. റ്റി പരീക്ഷയിൽ സി. സി. ഡി. പന്ത്രണ്ടാം ക്ലാസിൽനിന്നും ഉന്നതവിജയം നേടിയ അലൻ ജോസഫ്, ആൻഡ്രൂ എബ്രാഹം എന്നിവർക്ക് എസ്. എം. സി. സി. നൽകുന്ന കാഷ് അവാർഡുകൾ എസ്. എം. സി. സി. ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ജോജോ കോട്ടൂർ നൽകി.



സി. സി. ഡി. ഈയർബുക്കിന്റെ പിന്നിൽ പ്രവർത്തിച്ച സ്റ്റുഡന്റ് എഡിറ്റർമാരായ ബ്രിയാന കൊച്ചുമുട്ടം, ഹാന്നാ ജയിംസ്, ജയ് ക്ക് ബെന്നി, സ്റ്റാഫ് എഡിറ്റർ ജോസ് മാളേയ്ക്കൽ എന്നിവർക്കും വിശേഷാൽ അവാർഡുകൾ തദവസരത്തിൽ നൽകുകയുണ്ടായി.

അതോടൊപ്പം ഈ വർഷം മതബോധനസ്കൂളിലെ പ്രീകെ മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽനിന്നും ബെസ്റ്റ് സ്റ്റുഡന്റ്സ് ആയും, സമ്പൂർണ ഹാജർ നേടിയും മാതൃകയായ കുട്ടികളെയും ആദരിക്കുകയുണ്ടായി.


ഫോട്ടോ: ജോസ് തോമസ്















# ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ ചാപ്റ്ററിനു പുതിയ നേതൃത്വം

## ഡോ. ഈപ്പൻ ഡാനിയൽ പ്രസിഡന്റ്
## സുമോദ് തോമസ് നെല്ലിക്കാല ജനറൽ സെക്രട്ടറി



Chairman
**Sabu Skariah**



President
**Dr Eapen Daniel**



Secretary
**Sumodh Nellikkala**



Treasurer
**Philippos Cheriyan**

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ കേരള ചാപ്റ്ററിനു പുതിയ നേതത്വം. ചെയർമാനായി സാബു സ്കറിയയും പ്രസിഡന്റായി ഡോ. ഈപ്പൻ ഡാനിയൽ , ജനറൽ സെക്രട്ടറിയായി സുമോദ് തോമസ് നെല്ലിക്കാല എന്നിവരും അടുത്ത രണ്ടു വർഷ കാലയളവിലേക്ക് സംഘടനയ്ക്കു നേതൃത്വം നല്കും. ജൂൺ ഒൻപതിന് ഫിലാഡൽഫിയ പമ്പ ഓഡിറ്റോറിയത്തിൽ ചേർന്ന വാർഷിക യോഗമാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. ഇവരെ കൂടാതെ വൈസ് ചെയർമാൻമാരായി ജോർജ് ഓലിക്കൽ, ജീമോൻ ജോർജ് ,വൈസ് പ്രസിഡന്റുമാരായി അലക്സ് തോമസ്, കൊച്ചുമോൻ വയലത്ത്, രാജൻ കുര്യൻ , സെക്രട്ടറിമാരായി എൽദോ വർഗീസ്, ഷാജി സാമുവൽ , ട്രഷറർ ഫിലിപ്പോസ് ചെറിയാൻ ജോയിൻറ് ട്രഷറർ ഷാജി സുകുമാരൻ, ഫണ്ട് റൈസിംഗ് ചെയർമാനായി ജെയിംസ് പീറ്റർ , പ്രോഗ്രാം കോർഡിനേറ്റർമാരായി തോമസ് കുട്ടി വർഗീസ്, ഫെയ്ത്ത് എൽദോ , ഐടി കോർഡിനേറ്റർ സാജൻ വർഗീസ് , അംഗത്വ കോർഡിനേറ്ററായി ജോൺ ചാക്കോ , പി.ആർ. ഒ ബിമൽ ജോൺ എന്നിവരും കമ്മിറ്റി അംഗങ്ങളായി അറ്റോർണി ജോസ് കുന്നേൽ ,വർഗീസ് ബേബി, ലോറൻസ് തോമസ്, ജെയ്സൺ വർഗീസ്, റിജി ജോർജ് , ജോൺ സാമുവൽ, തോമസ് ചാണ്ടി, ജിജോമോൻ ജോസഫ്, ജോബി ജോൺ ,കോര ചെറിയാൻ , മാർഷൽ വർഗീസ് , ജോൺസൺ മാത്യു, അലക്സ് അലക്സാണ്ടർ , ഗീവറുഗീസ് ജോൺ , സ്റ്റാൻലി ജോർജ്ജ് എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. റിട്ടേണിംഗ് ഓഫീസർമാരായ ജീമോൻ ജോർജ്, ഫിലിപ്പോസ് ചെറിയാൻ എന്നിവർ തിരഞ്ഞെടുപ്പ് നടപടികൾ നിയന്ത്രിച്ചു.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ഈപ്പൻ ഡാനിയൽ ചങ്ങനാശ്ശേരി എസ് ബി കോളജിലെ ബിരുദാന്തര പഠനം കേരള സർവകലാശാലയിൽ റാങ്ക് ജേതാവായി പൂർത്തീകരിച്ച ശേഷം കേരള സർവകലാശാലയിൽ തന്നെ പ്രൊഫസർ ആയി ജോലി ചെയ്തു. അമേരിക്കയിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കിയ അദ്ദേഹം ജീനോമിക്സ്, കോർപ്പറേറ്റ് ഐടി മേഖലയിൽ പെൻസിൽവാനിയ സർവകലാശാലയിൽ ഇപ്പോൾ ജോലി ചെയ്യുന്നു.മുൻപ് രണ്ട് തവണ പമ്പ മലയാളി ഓർഗനൈസേഷന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ട്രൈസ്റ്റേറ്റ് ഏരിയയിലെ മറ്റ് പല രാഷ്ട്രീയ, പൗര സംഘടനകളുടെയും ഭാഗമായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ സഭയുടെ ജീവകാരുണ്യ, സാമൂഹിക പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുന്നു.ആരോഗ്യ സംരക്ഷണ പദ്ധതി പ്രവർത്തനങ്ങൾ, ചാരിറ്റബിൾ പ്രോജക്റ്റ് നേതൃത്വം എന്നീ മേഖലകളിലെ സേവനങ്ങൾക്കും , എഴുത്തുമായി ബന്ധപ്പെട്ട എഡിറ്റിംഗ്. പ്രസിദ്ധീകരണം തുടങ്ങിയവയിലെ പ്രവർത്തന മികവിനുമായും നിരവധി അവാർഡുകളും ഡോ. ഈപ്പൻ ഡാനിയൽ കരസ്ഥമാക്കിയിട്ടുണ്ട്.

ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട സുമോദ് നെല്ലിക്കാല ഫിലാഡൽഫിയയിലെ സാമൂഹിക സാംസ്കാരിക മേഖലയിലെ നിറസാന്നിധ്യമാണ്. നിലവിൽ, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക, ഫിലാഡൽഫിയ ചാപ്റ്ററിന്റെ ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നു.2023 മുതൽ പെൻസിൽവാനിയ അസോസിയേഷൻ ഫോർ മലയാളി പ്രോസ്പെരിറ്റി ആൻഡ് അഡ്വാൻസ്മെന്റ് (പമ്പ) എന്ന നോൺ പ്രോഫിറ്റ് സംഘടനയുടെ പ്രസിഡന്റായും പ്രവർത്തിച്ചു വരുന്നു.. ഇദ്ദേഹം പ്രസിഡന്റായിരിക്കെ, പമ്പയുടെ 25-ാം വാർഷികം ഒരു മെഗാ ഇവന്റായി ആഘോഷിക്കുകയുണ്ടായി . 2020 2021 വർഷങ്ങളിൽ പെൻസിൽവാനിയ, ന്യൂ ജേഴ്സി , ഡെലവെയർ ഏരിയയിലെ 15 ഇന്ത്യൻ അസോസിയേഷനുകൾ ഉൾപ്പെടുന്ന കൂട്ടായ്മയായ ട്രൈസ്റ്റേറ്റ് ഫോറം കേരളയുടെ ചെയർമാനായി സുമോദ് സേവനമനുഷ്ഠിച്ചു.2020 ലെ കോവിഡ് സമയത്ത്, സുമോദിന്റെ നേതൃത്വത്തിൽ, സംഘടന ആയിരക്കണക്കിന് ഛ95 മാസ്കുകളും സാനിറ്റൈസറുകളും പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. ഈ സംരംഭം പ്രാദേശിക വാർത്താ ചാനലുകൾ റിപ്പോർട്ട് ചെയ്യുകയും അമേരിക്കയിലെ പ്രമുഖ രാഷ്ട്രീയ നേതാക്കളുടെതടക്കം ശ്രദ്ധ ആകർഷിക്കു

കയും ചെയ്തു. 2019 ൽ, സുമോദ് പമ്പ അസോസിയേഷൻ ജനറൽ സെക്രട്ടറിയായും 2018 ൽ ഫൊക്കാന കൺവെൻഷൻ രജിസ്ട്രേഷൻ കോർഡിനേറ്ററായും സേവനമനുഷ്ഠിച്ചു. അമേരിക്കയിലെയും കാനഡയിലെയും കേരള അസോസിയേഷനുകളുടെ കോൺഫെഡറേഷനാണ് ഫൊക്കാന. ഫൊക്കാനയുടെ നേതൃത്വത്തിൽ നിരവധി ചാരിറ്റി പരിപാടികളും കൺവെൻഷനുകളും നടത്തപ്പെടാറുണ്ട് . 2017 ൽ ട്രൈ സ്റ്റേറ്റ് കേരള ഫോറം ജനറൽ സെക്രട്ടറി , 2016 - 2018 പമ്പ അസോസിയേഷൻ ട്രസ്റ്റി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. 2024-ൽ കമ്മ്യൂണിറ്റി സേവനത്തിനുള്ള ഫിലാഡൽഫിയ പോലീസ് കമ്മീഷണറുടെ അവാർഡ് സുമോദിന് ലഭിക്കുകയുണ്ടായി .

ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ട ഫിലിപ്പോസ് ചെറിയാൻ 32 വർഷത്തെ സേവനത്തിന് ശേഷം ഫിലാഡൽഫിയ സിറ്റിയിലെ പബ്ലിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എയർ മാനേജ്മെന്റ് സർവീസസ് ലബോറട്ടറിയിലെ അഡ്മിനിസ്ട്രേറ്റീവ് സയന്റിസ്റ്റിന്റെ റോളിൽ നിന്ന് അടുത്തിടെ വിരമിച്ചയാളാണ് . ഇന്ത്യയിൽ നിന്ന് രസതന്ത്രത്തിൽ മാസ്റ്റർ ഓഫ് സയൻസ് ബിരുദം നേടിയ അദ്ദേഹം 1985ൽ യു.എസ്.എ.യിലേക്ക് കുടിയേറുന്നതിന് മുമ്പ് കേരള സർവ്വകലാശാലയിലും നൈജീരിയയിലെ കാനോയിലെ ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിലും അദ്ധ്യാപകനായി പ്രവർത്തിച്ചു. യുഎസിൽ, അദ്ദേഹം സിസിപിയിലും ഡ്രെക്സൽ യൂണിവേഴ്സിറ്റിയിലും വിദ്യാഭ്യാസം തുടർന്നു. ഫിലിപ്പോസ് ചെറിയാൻ വിവിധ സാമൂഹിക, സാംസ്കാരിക, സാമുദായിക സംഘടനകളിൽ സജീവമായി പ്രവർത്തിച്ചു വരികയാണ് . പമ്പയുടെ പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ നേതൃസ്ഥാനങ്ങളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരളത്തിലെ തിരുവല്ല പ്രദേശത്തെ ആളുകൾക്ക് വേണ്ടിയുള്ള ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ചാരിറ്റബിൾ സംഘടനയായ ഫ്രണ്ട്സ് ഓഫ് തിരുവല്ലയിൽ ട്രഷറർ, സെക്രട്ടറി, അന്താരാഷ്ട്ര സാംസ്കാരിക സംഘടനയായ ഓർമയുടെ (ഓവർസീസ് റസിഡന്റ് മലയാളിസ് ഇൻ അമേരിക്ക) മുൻ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ, ഫിലിപ്പോസ് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ട്രൈസ്റ്റേറ്റ് കേരള ഫോറം എന്നിവയുടെ ട്രഷററായും സംഭാവന ചെയ്തിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ ഫെലോഷിപ്പി ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കൂടിയാണ് അദ്ദേഹം, ഫിലാഡൽഫിയയിലും പരിസര പ്രദേശങ്ങളിലുമുള്ള ഇന്ത്യൻ ഓർത്തഡോക്സ് സഭകൾ കേന്ദ്രീകരിച്ച് ആത്മീയ , ജീവകാരുണ്യ, സാംസ്കാരിക, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നു.

# സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് : വ്യവസായ സംരംഭക സെമിനാർ ശ്രദ്ധേയമായി




ജീമോൻ റാന്നി

ഹൂസ്റ്റൺ: സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിന്റെ (SIUCC) ആഭിമുഖ്യത്തിൽ നടത്തിയ വ്യവസായ സംരംഭക സെമിനാർ സംരംഭക പങ്കാളിത്തം കൊണ്ടും ഇൻഷുറൻസ് രംഗത്ത് ദീർഘവർഷങ്ങളുടെ അനുഭവ സമ്പത്തും പരിചയ സമ്പന്നനുമായ പ്രമുഖ ഇൻഷുറൻസ് ബ്രോക്കർ ജോർജ് ജോസഫിന്റെ ക്ലാസുകൾ കൊണ്ടും ശ്രദ്ധേയമായി മാറി.

സംഘടനയുടെ കോർപ്പറേറ്റ് ഓഫീസായ സ്റ്റാഫോഡിലുള്ള ചേംബർ ഹാളിലാണ് ബിസിനസ്സ് ഉടമകൾക്കുള്ള ബിസിനസ് സെമിനാർ സംഘടിപ്പിച്ചത് .

ജൂൺ 9 ന് ഞായറാഴ്ച വൈകുന്നേരം നടത്തിയ സെമിനാറിൽ നിലവിൽ ബിസിനസ് സംരംഭകരും ബിസിനസ് നടത്തുവാൻ താല്പര്യവുമുള്ള 60 ൽ പരമാളുകൾ പങ്കെടുത്തു. രണ്ടു മണിക്കൂർ നീണ്ടുനിന്ന സെമിനാറിൽ പങ്കെടുത്തവരുടെ എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി നൽകി ജോർജ് സെമിനാറിന് മികവ് പകർന്നു .

ചേംബർ പ്രസിഡണ്ട് സഖറിയ കോശി അദ്ധ്യക്ഷത വഹിച്ചു വന്നു ചേർന്ന ഏവരെയും സ്വാഗതം ചെയ്തു. ജനങ്ങൾക്കു ഉപകാരപ്രദമായ നിരവധി പരിപാടികളാണ് ഈ വർഷവും ആവിഷ്കരിക്കുന്നതെന്ന് പ്രസിഡണ്ട് ആമുഖപ്രസംഗത്തിൽ സൂചിപ്പിച്ചു. തുടർന്ന് സെമിനാറിൽ പങ്കെടുത്തവർ സ്വയം പരിചയപ്പെടുത്തി.

ബിസിനസ്സ് രൂപീകരണം, ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും തിരഞ്ഞെടുപ്പ്, . പേര് തിരഞ്ഞെടുക്കലും രജിസ്ട്രേഷനും, ബിസിനസിന്റെയും രജിസ്ട്രേഷന്റെയും രൂപീകരണം. ഉടമസ്ഥാവകാശം, എസ് കോർപ്പറേഷൻ, എൽഎൽസി, സി കോർപ്പറേഷൻ, ഫെഡറൽ ഇഐഡിയും സ്റ്റേറ്റ് ഐഡിയും, ബിസിനസ്സ് നടത്തിപ്പ്, മൂലധനവും ബിസിനസ് ലോണും, ബാങ്ക് വായ്പ, നികുതിയിളവ്, നികുതി മാറ്റിവെച്ച ബിസിനസ്സ് ചെലവുകൾ, ബിസിനസ് ഇൻഷുറൻസ് പ്ലാനുകൾ, ബിസിനസ് ഓണേഴ്സ് ലയബിലിറ്റി ഇൻഷുറൻസ് പ്ലാനുകൾ,.എംപ്ലോയി ഗ്രൂപ്പ് ബെനഫിറ്റ് പ്ലാനുകൾ, പ്രധാന ജീവനക്കാരുടെ ആനുകൂല്യ പദ്ധതികൾ, ഗ്രൂപ്പ് ലൈഫ്, ഗ്രൂപ്പ് ഡിസെബിലിറ്റി, ഗ്രൂപ്പ് LTC പ്ലാനുകൾ 401(k) പ്ലാനുകൾ, ആദായ നികുതി, ഇൻഷുറൻസ്, നിയമ പ്രശ്നങ്ങൾ, ബിസിനസ്സ് ഉടമകൾക്കുള്ള പദ്ധതികൾ, ബിസിനസ്സ് ഉടമകളുടെ ആനുകൂല്യ പദ്ധതികൾ എക്സിക്യൂട്ടീവ് ബെനിഫിറ്റ് പ്ലാനുകൾ, ലൈഫ്, ഡിസെബിലിറ്റി, എൽടിസി പ്ലാനുകൾ.തുടങ്ങി നിരവധി വിഷയങ്ങൾ സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടു.

ചേംബർ ഓഫ് കോമേഴ്സ് സെക്രട്ടറി ജിജി ഓലിയ്ക്കൻ നന്ദി പ്രകാശിപ്പിച്ചു. ഡിന്നറോടു കൂടി സെമിനാർ സമാപിച്ചു.




# Miss & Mrs Malayali Canada 2024


കാനഡയിലെ മലയാളം എഫ് എം റേഡിയോയായ മധുരഗീതം ഇരുപതാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച കാനഡയിലെ ആദ്യത്തെ പാൻ കനേഡിയൻ ബ്യൂട്ടിപാജന്റ് സൗന്ദര്യസങ്കല്പങ്ങൾക്ക് പുതിയ മാനം നൽകി. മിസ് ആന്റ് മിസ്സിസ് മലയാളി കാനഡ പാജന്റിൽ, കാനഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ 29 മത്സരാർത്ഥികളാണ് വേദിയിലെത്തിയത്. സെലിബ്രിറ്റി ജഡ്ജ് പൂർണിമ ഇന്ദ്രജിത്തിന്റെ സാന്നിധ്യം മത്സരത്തിന് കൂടുതൽ തിളക്കം നൽകി. ഫിലിം പ്രൊഡ്യൂസറും ആക്ടറുമായി ടോം ജോർജ് കോലത്, മിസ്സ് ആൻഡ് മിസ്സിസ് കാനഡയുടെ സിഇഒ യും ഫൗണ്ടറുമായ ആനി മാഞ്ഞൂരാൻ എന്നിവരായിരുന്നു മറ്റ് വിധികർത്താക്കൾ. മിസ് കാറ്റഗറിയിൽ അനീഷ ജോർജ് ടൈറ്റിൽ വിന്നർ ആയപ്പോൾ ഹുനൈന നവാസ് ഫസ്റ്റ് റണ്ണറപ്പും ഗിഫ്റ്റി ഷാജു സെക്കൻഡ് റണ്ണറപ്പും ആയി.മിസ്സിസ് കാറ്റഗറിയിൽ ജനനി മരിയ ആൻറണി വിജയ കിരീടം ചൂടിയപ്പോൾ,മിലി ഭാസ്കർ ഫസ്റ്റ് റണ്ണറപ് സ്ഥാനവും വീണ ബേബി സെക്കൻഡ് റണ്ണറപ് സ്ഥാനവും കരസ്ഥമാക്കി. കാനഡയിലെ ആദ്യത്തെ പാൻ കനേഡിയൻ പാജന്റിന്റെ വിന്നേഴ്സ് എന്ന നിലയ്ക്ക് ചരിത്രത്തിലേക്ക് നടന്നു കയറിയ വിജയിതാക്കളെ കാണികൾ വലിയ കരഘോഷത്തോടെ അഭിനന്ദിച്ചു. കഴിഞ്ഞ ഇരുപത് വർഷമായി കാനഡയിലെ മലയാളത്തിന്റെ ശബ്ദമായി നിലകൊള്ളാൻ മധുരഗീതത്തെ സഹായിച്ച എല്ലാവർക്കും, മധുരഗീതത്തിന്റെ സിഇഒയും പ്രൊഡ്യൂസറുമായ വിജയ് സേതുമാധവനും ക്രിയേറ്റീവ് ഡയറക്ടർ മൃദുല മേനോനും നന്ദി അറിയിച്ചു.















emalayalee.com

# മാലിനിയുടെ കഥാ ലോകം




**സാംസി കൊടുമൺ**

മാലിനിയുടെ 20 കഥകളും ഒരു അനുസ്മരണവും അടങ്ങുന്ന 'നൈജൽ' എന്ന ഈ ചെറുകഥാസമാഹാരത്തിന് അഭിനന്ദനങ്ങൾ.

മാലിനി ഈ കഥകളിലൊല്ലാം പ്രത്യക്ഷത്തിൽ വലിയ വലിയ സൈദ്ധാന്തിക ചർച്ചകളൊന്നും അവതരിപ്പിക്കുന്നില്ല. എന്നു തോന്നാം. അല്ലെങ്കിൽ മറ്റൊരുരു വിധത്തിൽ പറഞ്ഞാൽ അസ്തിത്വ പ്രതിസന്ധി വാദമോ, സ്ത്രീ ശാക്തീകരണ പക്ഷപാത നിലപാടുകളോ മുഴച്ചു നിൽക്കുന്നില്ല. പത്തുനാല്പതു വർഷമായി അമേരിക്കയിൽ ജീവിക്കുന്ന ഒരു സ്ത്രീ എഴുത്തുകാരിയിൽ നിന്നും നാം ചിലപ്പൊൾ അതു പ്രതീക്ഷിക്കുന്നുണ്ടാവാം. എന്നാൽ മാലിനി താൻ ഉപേക്ഷിച്ചു പോന്ന നാട്ടിലെ ആ ഗ്രാമ അന്തരീക്ഷത്തിലാണ് തന്റെ കഥകളുടെ ഉറവിടം തേടുന്നത്. ഈ കഥകളത്രയും കാലാകാലങ്ങളായി തന്റെ ഉള്ളിൽ നിന്ന് പുറത്തുചാടാൻ വെമ്പൽ കൂട്ടിയിട്ടുണ്ടാകാം. വളരെ ലളിതമായ കഥാ തന്തുവിനെ പല കൈവഴികളിലൂടെ വികസിപ്പിച്ചെടുക്കുന്ന മാന്ത്രിക വിദ്യ മാലിനിക്ക് വശമുണ്ടെന്നു പറയാതിരിക്കാൻ കഴിയില്ല.

ഒരു റോക്കറ്റ് ഭൂമിയെ പലവട്ടം ചുറ്റി ഭ്രമണപഥത്തിൽ എന്തുമ്പോലേ മാലിനിയുടെ ചില കഥകളിലേക്ക് പ്രവേശിക്കാൻ കഴിയു എന്നു ഞാൻ തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ ഞാൻ ആ കഥകളിലേക്ക് പ്രവേശിക്കാൻ കഴിയാതെ വട്ടം കറങ്ങുകയാണ്. എഴുത്തുകാരിയുടെ ശൈലിയുടെ പ്രത്യേകതയണതിനു കാരണം. മാലിനി സ്വന്തമായി ഒരു ശൈലി രൂപപ്പെടുത്തി അതിൽ ഉറച്ചു നിൽക്കുന്നു എന്ന് എനിക്കു പറയാൻ സന്തോഷമുണ്ട്. അവതാരകൻ അതു സാക്ഷ്യപ്പെടുത്തുമ്പോൾ ഞാനും ഒപ്പം കൂടുന്നു. അവതാരകൻ പറയുന്നു: ‘‘നിറുത്തില്ലാത്ത എഴുത്തിലൂടെ പ്രതിഭയെ നിരന്തരം തേച്ചുമിനുക്കിക്കൊണ്ടേയിരുന്ന ഒരു കൃതഹസ്തയായ എഴുത്തുകാരിയുടെ ക്രാഫ്റ്റും കയ്യൊതുക്കവും ഈ സ്മാഹാരത്തിലെ 'അവസ്ഥാന്തരങ്ങൾ, 'പൊരുത്തം', യൂദായുടെ അമ്മ', 'നൈജൽ', 'തട്ടുമ്പുറത്തമ്മച്ചി', തുടങ്ങിയ എല്ലാ കഥകളിലും ഉണ്ട്‘‘. ഈ പ്രസ്താവന എഴുത്തുകാരിക്കു കിട്ടിയ അംഗീകാരം തന്നെയാണ്.

ഇതും ചെറുകഥകളെക്കുറിച്ചുള്ള ആധികാരിക പ്രമാണമായി അംഗീകരിച്ചിട്ടുള്ള സോമർസെറ്റ് മോം പറഞ്ഞ നിർവചനംകൂടി ഒന്നു കേട്ടു പോയാലോ: ''ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടിയാണത്. അതിന്റെ പ്രതിപാദനത്തിന് അഖണ്ഡത വേണം, മൗലീകമാകണം, വെട്ടിത്തിളങ്ങണം, ഉള്ളിൽത്തട്ടണം, ആദ്യന്തം നെട്ടായമായി നീങ്ങണം'' ഇതിൽ നെട്ടായമായി നീങ്ങണം എന്ന തത്വം പലപ്പോഴും എഴുത്തുകാർക്ക് പാലിക്കാൻ കഴിയാറില്ല അതിനു കാരണം കഥാബീജവും, ശൈലിയുമാണെന്നെനിക്കു തോന്നുന്നു. മാലിനിയുടെ ഒന്നു രണ്ടു കഥകളെങ്കിലും ആ ഗണത്തിൽ എനിക്കു ചൂണ്ടിക്കാണിക്കാൻ കഴിയും.

'പൊരുത്തം' എന്ന കഥ ആദ്യവായനയിൽ പിടിതരാതെ തെന്നിമാറുന്നില്ലേ എന്നു തോന്നിയെങ്കിലും മൂന്നാം വായനയിൽ അതു നമ്മൊടൊപ്പം കൂടി എലിസബത്ത് ഫ്ളോറൻസ് അക്കാർഡി എന്ന പെൺകുട്ടി ഓർമ്മകളുടെ താളുകൾ മറിച്ചു. ഇവിടെ 12ആം പേജിലെ ആദ്യ വരികളിൽ എന്തോ ഒരു കുഴപ്പം ഉള്ളതുപോലെ... പണത്തിനു മേൽ ജീവിച്ചപ്പോൾ, തനിക്ക് വായിക്കാൻ അറിയില്ലല്ലോ എന്ന് സങ്കടപ്പെട്ട മുതലാളിയുടെ പ്രീയപ്പെട്ട മകൾ. ഇവിടെ വായിക്കാനറിയാത്തത് മുതലാളിക്കോ മകൾക്കോ എന്നൊരു സന്ദേഹത്തിൽ വായന ഉടക്കിയെങ്കിലും വായനയറിയാത്തത് മുതലാളിക്കെന്നുറപ്പിച്ചു. പക്ഷേ അടുത്ത വരികളിൽ ....അക്ഷരം പഠിക്കുന്നതിനൊപ്പം മകൾ അച്ചടക്കമുള്ളവളായി വളരണം.... എന്നു വായിച്ചപ്പോൾ സന്ദേഹം വീണ്ടും ഉയർന്നു. 14ആം പേജിലെ യൂണിവേഴ്സിറ്റിക്കുള്ളിലെ (ROTC) യുടെ ...പ്രവർത്തനം എന്നു പറയുമ്പോൾ അത് എന്താണ് എന്ന് വായനാക്കാർ ചോദിക്കുന്നത് ഒഴിവാക്കൻ ആ സംഘടനയുടെ പേര് പറയുന്നത് ഉചിതം ആകുമായിരുന്നു എന്ന് വായനക്കിടയിൽ ഞാൻ ഓർത്തു. 15ആം പേജിൽ ബെത്തും റൂബനും തമ്മിലുള്ള പ്രേമത്തെക്കുറിച്ച് പറയുന്നത് വളരെ ചുരുങ്ങിയ വാക്കുകളിൽ വൈകാരിക കോലാഹലങ്ങൾ ഒന്നും ഇല്ലാതെയാണെന്ന് പ്രത്യേകം പറയേണ്ടിരിക്കുന്നു. അവതാരകൻ പറഞ്ഞ കയ്യടക്കമുള്ള എഴുത്തുകാരിയെ നമുക്കിവിടെ കാണാം.

വീട്ടുകാരുടെ എതിർപ്പിനെ മറികടന്ന് വിവാഹിതരാകാൻ തീരുമാനിച്ച ബെത്തിന് 'ഐ ആം നോട്ട് റെഡി യെറ്റ്' എന്ന് കല്യാണത്തലേന്ന് കത്തുകൊടുത്ത് ഒളിച്ചോടിയ റൂബന്റെ ബോഡി അമേരിക്കൻ ഫ്ളാഗ് പുതപ്പിച്ച് കൊണ്ടുവരുന്നത് വിയറ്റ്നാം യുദ്ധമുഖത്തു നിന്നുമായിരുന്നു. യുദ്ധം എത്ര ജീവിതങ്ങളേയും സ്വപ്നങ്ങളേയും തകർക്കുന്നു എന്ന ചോദ്യം ഒട്ടും വികാരപ്രകടങ്ങളൊന്നും ഇല്ലാതെ എഴുത്തുകാരി സമൂഹത്തോട് ചോദിക്കുകയാണ്. യുദ്ധങ്ങൾക്കെതിരായ ഒരു സന്ദേശം കൂടിയാണി കഥ. ഏകദേശം അറുപത്തഞ്ച്, എഴുപതു വർഷത്തെ കഥ മൂന്നു തമുറകളിലൂടെ കടന്ന്, ഇറ്റാലിയനിൽ നിന്ന് മലയാളിയിലേക്ക് കടക്കുമ്പോൾ ചെറുകഥയുടെ ചിട്ടവട്ടങ്ങളെ കടന്ന് ഒരു നോവലിനുള്ള സാദ്ധ്യത തള്ളിക്കളയാൻ കഴിയില്ല എന്നുള്ള എന്റെ നിരീക്ഷണം എഴുത്തുകാരി സ്വീകരിക്കണമെന്നില്ല.

ഈ സമാഹാരത്തിലെ മറ്റു പലകഥകളേക്കുറിച്ചും പറയണമെന്നുണ്ട്. കാരണം ചില കഥകളിലൊക്കെ നാം കേട്ടുമറന്ന പലതും നമ്മളിലേക്ക് തിരിച്ചു കൊണ്ടു വരുന്നതായി അനുഭവപ്പെടുന്നു. ചിലപ്പോൾ സമാനമായതോ പാർശസ്പർശിയായതോ, രണ്ടായാലും അത്തരം കഥകൾ അനുവാചകനിലേക്ക് പ്രവേശിക്കുന്നു എന്നു പറയാതെ തരമില്ല. 'ഒറ്റമുലച്ചി' വായിച്ചപ്പോൾ, ഞാൻ കണ്ട ആദ്യത്തെ ഒറ്റമുലച്ചിയെ ഓർമ്മവന്നു. ഡെൽഹി സെന്റ് സ്റ്റീഫൻസ് ഹോസ്പറ്റലിലെ അവിവാഹിതയായ ഡോക്ടർ. അവരുടെ ജീവിതമത്രയും രോഗികൾക്കായി മാറ്റിവെച്ചവർക്ക് അന്ന് അമ്പതിനു മുകളിൽ പ്രായം. അവരെ സ്നേഹത്തോടും സഹതാപത്തോടും ഒളികണ്ണിട്ടു നോക്കുമായിരുന്നുന്നു. അവരുമായി ബന്ധപ്പെട്ട ഒരോർമ്മയിൽ ഗാന്ധിജിയുടെ പടമുള്ള


Experience
Elegance Redefined
in New Jersey
Dear Patron,
It is with great joy and pride that we invite you to the grand opening of our newly renovated Joyalukkas showroom in New Jersey.
Location : 1665 Oak Tree Rd Suite #325, Edison, NJ 08820
Date : Saturday, 15th June, 2024.
Time : 5:30 pm
Looking forward to your support & presence.
Warm Regards,
Joy Alukkas
Chairman, Joyalukkas Group.
joyalukkas.com
Joyalukkas
World's favourite jeweller
USA • UK • INDIA • UAE • OMAN • QATAR • BAHRAIN • KSA • KUWAIT • SINGAPORE • MALAYSIA

സ്റ്റാമ്പ് തലതിരിച്ചൊട്ടിച്ചതിന് ദേഷ്യപ്പെടുന്നവരുടെ പറയാത്ത ശബ്ദം ഞാൻ കേട്ടു. ഗാന്ധിജി തലതിരിച്ചൊട്ടിക്കേണ്ടവനല്ല എന്ന വലിയ പാഠം ഇന്നും മനസ്സിൽ അണയാതെ കിടക്കുന്നു. പിന്നെ കേരളത്തിലെ വലിയ എഴുത്തുകാരിയായ ഗ്രേസി തന്റെ മുല മുറിച്ചുകളയേണ്ടി വന്ന ദീനത്തെക്കുറിച്ചെഴുതിയ ലേഖനം തന്ന നൊമ്പരവും ഈ കഥയിലൂടെ ഞാൻ ഓർക്കുന്നു. സ്ത്രീകളുടെ വലിയ പേടിസ്പനമായ സ്തനാർബുദത്തേക്കുറിച്ചുള്ള ഒരോർമ്മപ്പെടുത്തലും ബോധവൽക്കരണവും കൂടിയാണിക്കഥ. 'നന്മ നിറഞ്ഞ വേശ്യാഗ്രാമ'ത്തെക്കുറിച്ച് വായിച്ചപ്പോൾ, പത്മരാജന്റെ അരപ്പട്ട കെട്ടിയ ഗ്രാമം എന്ന സിനിമ മനസ്സിലേക്കിറങ്ങി. കഥ രണ്ടും രണ്ടാണെങ്കിലും എന്നിൽ ആ രണ്ടു കഥകളും സന്ധിക്കുന്നു. അതുപോലെ 'തട്ടുമ്പുറത്തമ്മച്ചി' എന്നിൽ ഒട്ടും സാമ്യമില്ലാത്ത മറ്റൊരോർമ്മ ഉണർത്തുന്നു. ഞങ്ങളുടെ ഗ്രാമത്തിൽ പ്രചാരത്തിലുള്ള എനിക്കു മുമ്പുള്ള തലമുറയിൽ നടന്ന ഒരു കഥ. രാത്രിയെ പേടിയുള്ള ഒരു ഭാര്യയെ രാത്രിമുഴുവൻ തെങ്ങിൽ കെട്ടിയിട്ട ഭർത്താവ് പിന്നീടുള്ള ജീവിതകാലമത്രയും വിഭാര്യനായി കഴിയേണ്ടിവന്ന കഥയിലെ ഭാര്യയുടെ ഉറച്ച തീരുമാനത്തെ മനസ്സുകൊണ്ട് നമിച്ചു കൊണ്ടാണ് തട്ടുമ്പ്രത്തമ്മച്ചിയിലെ ഉറപ്പുള്ള സ്ത്രിയെ തിരിച്ചറിയാൻ ശ്രമിച്ചത്.

സ്തീശാക്തീകരണത്തേക്കുറിച്ച് എഴുത്തുകാരി പ്രത്യക്ഷത്തിൽ ഒന്നും പറയുന്നില്ലെങ്കിലും 'കന്യക' എന്ന കഥ ചർച്ച ചെയ്യുന്ന വിഷയം അതുതന്നെയല്ലെ. പുരുഷനില്ലാത്ത കന്യകാത്വം സ്ത്രീയിൽ മാത്രം അന്വേഷിക്കുന്ന ഒരു സമൂഹത്തിനു നേരെ എഴുത്തുകാരി പൊട്ടിച്ചിരിക്കുകയല്ലെ എന്നു തോന്നും. വി.ടി. ഭട്ടതിരിപ്പാടിന്റെ സ്മാർത്തവിചാര കാലം ഒരു നവകേരളത്തിനു തുടക്കം കുറിച്ചുവെങ്കിൽ നാം ഇപ്പോൾ എവിടെ...? സ്ത്രി എ്ന്നും പരിശുദ്ധയും, ചാരിത്രവദിയും അയിരിക്കണമെന്ന പുരുഷ മേധാവിത്വത്തോടുള്ള കടുത്ത ആക്ഷേപ ഹാസ്യമായി ഈ കഥയെ ഞാൻ കാണുന്നു. ഈ കഥകളിലൂടെ കടന്നു പോകുമ്പോൾ എന്നിൽ പലേ സമാന്തര ചിന്തകളും കടന്നു വരുന്നു എന്നത് ഈ കഥകൾ ഒരുരീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ എന്നോട് സംവദിക്കുന്നു എന്നാണ്.

ഈ സമാഹാരത്തിലെ മറ്റൊരു കഥായ 'യൂദായുടെ അമ്മ'യുടെ മനോവേദന തൊട്ടറിയാതെ പോകുന്നതെങ്ങനെ. യൂദയെ അമ്മ കാണുന്നത് അന്നും കുഴപ്പം പിടിച്ച കുട്ടിയായിട്ടാണെന്നെനിക്കു തോന്നുന്നു. ഒടുവിൽ നസ്രായനായ യേശുവിന്റെ ഒപ്പം ആയി എന്നറിയുന്ന അമ്മ, അവനേയും രക്ഷിക്കണേ എന്ന് യേശുവിനോട് പ്രാർത്ഥിക്കുന്നു. ഒരമ്മമനസ്സിന്റെ പ്രാർത്ഥന സ്വർഗ്ഗം കേൾക്കാതിരിക്കില്ല. ബൈബിൾ സാഹിത്യത്തിലെ യേശുവിനെപ്പോലെ ഞാൻ ഇഷ്ടപ്പെടുന്ന ഒരു കഥാപാത്രമാണ് യൂദ. നിങ്ങളിൽ പലരും വായിച്ചിട്ടില്ലാത്ത 'അത്താഴമേശയിലെ ഒറ്റുകാരൻ' എന്ന എന്റെ കഥയിൽ യൂദ മാന്യനും ബുദ്ധിമാനുമായിട്ടാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. യൂദയും മദ്ലനക്കാരി മറിയയും ഇല്ലായിരുന്നുവെങ്കിൽ നാം ഇന്നുകാണുന്ന യേശു ഉണ്ടാകുമായിരുന്നുവോ...?

വളവ് എന്ന കഥയിൽ ഒളിപ്പിച്ചിരിക്കുന്ന ദ്വയാർത്ഥ സ്ത്രീ പക്ഷ ചിന്തകളെ തിരിച്ചറിയണം. സാധാരണ ആരും ഒരു കഥയുടെ ശീർഷകം വളവ് എന്ന് കൊടുക്കാൻ ധൈര്യം കാണിക്കാറില്ല. ഇന്നലെവരെ നേർവരയിലായിരുന്നവർ വളവിലെത്തപ്പെടാനുള്ള സാഹചര്യം സ്ത്രീ സ്വത്വബോധം അല്ലാതെ മറ്റെന്താണ്.

''അയാൾക്കൊപ്പം സിറ്റിക്കടുത്തു താമസം തുടങ്ങിയ അന്നുമുതൽ അവളുടെ ഒരാഗ്രഹമായിരുന്നു- സിറ്റിയിലൊന്നു പോ




ാകണം, നെറേ വെള്ളത്തിനു നടുവിലുള്ള ആ പ്രതിമ ഒന്നു കാണണം. കടിച്ചു തിന്നാവുന്ന കപ്പില് നെറച്ച ഐസ് ക്രീം തിന്നോട്ട് അതിലെ ഒന്നു ചുറ്റി നടക്കണം.'' ഇവിടെ മൂന്നു പ്രതീകങ്ങളെ എഴുത്തുകാരി സൃഷ്ടിച്ചിരിക്കുന്നു. സിറ്റി- കെട്ടു പാടുകളെ പൊട്ടിച്ചെറിഞ്ഞ് സ്വതന്ത്രമായി നടക്കാവുന്ന സിറ്റിയിലേക്കു പോകാനുള്ള ആഗ്രഹം. വെള്ളത്തിനു നടുവിലുള്ള പ്രതിമ- സ്റ്റാച്ചു ഓഫ് ലിബർട്ടി സ്വാതന്ത്ര്യത്തിന്റെ വിളക്കേന്തിയ പ്രതിമ. പിന്നെ ഐസ് ക്രീമും കടിച്ച് അവിടെല്ലാം ചുറ്റി നടക്കണം. ഒരു കൗമാരക്കാരിയിലേക്കുള്ള തിരിച്ചു പോക്ക്. ഇതെല്ലാം എഴുത്തുകാരി ഉദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഈ കഥയിൽ അങ്ങനെ ഒരു തലം ഊരിത്തിരിഞ്ഞു വരുന്നുണ്ട്.

ഈ കഥാപാത്രം സിറ്റിക്കടുത്തേക്കു താമസം മാറ്റുമ്പോൾ മാത്രമാണ് സിറ്റികാണണമെന്ന മോഹം ഉദിക്കുന്നത്. അപ്പോൾ അവരുടെ അതുവരെയുള്ള ജീവിതവും പ്രായവും നമ്മുടെ ചിന്തയിലേക്ക് കടന്നുവരുന്നു. വെറും നാട്ടിൻമ്പുറത്തുകാരിയായ വീട്ടമ്മയായി ജിവിച്ച് മടുത്തവളുടെ സ്വാതന്ത്ര്യപ്രഖ്യാപനമായി നമുക്ക് അവളുടെ വാക്കുകളെ കേട്ടുകൂടെ? അങ്ങനെ ചിന്തിക്കുവാനുള്ള കാരണം അവളുടെ ഉള്ളിലെ ആഗ്രഹങ്ങളാണ്. സ്വാതന്ത്യത്തിന്റെ പ്രതിമ കാണണം. കടിച്ചു തിന്നുന്ന ഐസ് ക്രിം കടിച്ച് അവിടെയൊക്കെ ചുറ്റിനടക്കണം. പുതിയ കാഴ്ചകളിലും, ചുറ്റുപാടുകളിലും അഭിരമിക്കാനുള്ള മോഹം. ഒരു പക്ഷേ പാഴായിപ്പോകുന്ന യൗവ്വനത്തിനെക്കുറിച്ചുള്ള വെളിപാടുകളായിരിക്കാം. ഐസ്ക്രീം ശക്തമായ ഒരു പ്രതീകമാണ്. ഇവിടെ നിങ്ങൾക്ക് ഇഷ്ടമുള്ളരീതിയിൽ ചിന്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. ഒരു കാര്യം ഉറപ്പാണ്, തന്റെ ജീവിത സാഹചര്യങ്ങളിലെ അർത്ഥശൂന്യമായ നിരന്തരങ്ങളിൽ നിന്നും മോചനം കൊതിക്കുന്ന ഒരു സ്ത്രീഹൃദയത്തിന്റെ തുടുപ്പുകൾ ഈ കഥയിൽ നാം അറിയുന്നു.

ഭർത്താവ് അല്ലെങ്കിൽ ജീവിത പങ്കാളി ചിന്തിക്കുന്നത് നിന്നെ ഞാൻ വീടിന്റെ നാലുചുവരുകൾക്കുള്ളിൽ സുരക്ഷിതയായി പരിപാലിച്ച്, ഉണ്ണാനും, ഉടുക്കാനും തന്ന് നിന്നിൽ എന്റെ കുട്ടികളെ ജനിപ്പിച്ച്, ഒരു കുടുംബം സ്ഥാപിച്ചില്ലെ. നിനക്ക് കാണാനുള്ളതെല്ലാം ഇവിടെ ഞാൻ തന്നില്ലെ ഇനി എന്താണു നിനക്ക് സിറ്റിയിൽ കാണാനുള്ളത്. ആ ചോദ്യത്തിൽ ഭാര്യ കേട്ടത് മറ്റൊന്നാണ്. നീ സിറ്റിയിൽ ചുറ്റിയടിക്കാൻ പോയാൽ പിന്നെ തുണികൾ ഒക്കെ ആര് അലക്കും, പാത്രങ്ങളൊക്കെ ആരു കഴുകം. ആധുനിക സ്ത്രീയുടെ ജീവിതം അടുക്കളയിൽ പാത്രം കഴുകാനും, നിങ്ങൾ വിഷേപിക്കുന്ന കുട്ടികളെ പെറ്റുവളർത്താനും ഉള്ള തല്ലെന്ന പിറുപിറുപ്പിലും, ജനാലയിലെ പൊടിതുടയ്ക്കുമ്പോഴും, കഴുകാനായി ജനാല കർട്ടൻ അഴിക്കുമ്പോഴും അവൾ വെളിയിലെ പട്ടണത്തെക്കുറിച്ചു മോഹിച്ചു. കൂട്ടത്തിൽ പറയട്ടെ ഇന്നത്തെ പുത്തൻ തലമുറയിൽ വിവാഹമേ വേണ്ടെന്നു പറയുന്ന അനേകം പെൺകുട്ടികളുടെ മനസ്സും ചേർത്തു വായിക്കണം. ബീജ ബാങ്കിൽ നിന്നും കടം കൊണ്ട ബീജത്തിലൂടെ വേണമെങ്കിൽ കുട്ടികളെ ജനിപ്പിച്ച്, കൂടുംബം എന്ന സ്ഥാപനത്തെ നിരാകരിക്കുന്ന ഒരു പുത്തൻ തലമുറ നമുക്ക് മുന്നിൽ വളരുന്നു. (ഈ സമാഹരത്തിലെ ഒട്ടുമാവ് എന്ന കഥ കാണുക.)

ഈ കഥയിലെ നായിക തന്റെ മോഹങ്ങളുമായി ഒടുവിൽ സിറ്റികാണാൻ പോകുന്നു. ശരീരം വശങ്ങളിലേക്ക് വളർന്ന്, കാലിലെ ആണിയാൽ നടക്കാൻ കഴിയാത്തവളായി, യൗവ്വനമത്രം ഒലിച്ചിറങ്ങിയത റിഞ്ഞിട്ടും, ഭർത്താവിനു സമയമാകുവോളം അവൾ കാത്തു.ഒടുവിൽ അയാളുടെ റിട്ടയർമെന്റിന്റെ പിറ്റേദിവസം അയാൾ അവളെ സിറ്റികാണിക്കാൻ കൊണ്ടുപോകുകയാണ്. സ്വാതന്ത്ര്യത്തിലേക്കുള്ള പടവുകൾ മാലിന്യങ്ങൾ നിറഞ്ഞതായിരുന്നെങ്കിലും എത്ര പടവുകൾ, അല്ലെങ്കിൽ എത്രകാലം എന്ന് അവൾ എണ്ണിയില്ല. പക്ഷേ കയറ്റം ക്രിത്യം 29 പടവുകൾ ആയിരുന്നു. പടവുകൾ കയറിയതോട് അവർ തമ്മിലുള്ള അകലം വർദ്ധിച്ച് അയാൾ അവളിൽ നിന്നും വളരെ അകലത്തിൽ ഒരുവളവിൽ ആയതോട്, അവൾ അയാളെ മറന്ന് തന്റെ സ്വപ്നമായിരുന്ന ഐസ്ക്രിം തിരക്കുകളില്ലാതെ കഴിക്കുന്നിടത്ത് കഥ തീരുകയാണ്. മാലിനി തന്റെ ജീവിത വീക്ഷണം ഈ കഥയിൽ അനാവരണം ചെയ്യുന്നതോ...? സാധാരണ ജീവിത പരിസരത്തു നിന്നും കണ്ടെടുത്ത കഥകളിൽ അസാധാരണമായ ജീവിത ദർശനങ്ങൾ നമുക്ക് വായിച്ചെടുക്കാം. നൈജൽ എന്ന ഈ കഥാസമാഹാരത്തിനും, മാലിനിക്കും എല്ലാ നന്മയും വിജയങ്ങളും നേരുന്നു.



# ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിന് എൺപതാം ജന്മദിന – ശുഭദിനാശംസകൾ

(ഇ-മലയാളിക്ക് വേണ്ടി തയ്യാറാക്കിയത്
സുധീർ പണിക്കവീട്ടിൽ)

ഇരുനൂറു പൗർണ്ണമിചന്ദ്രികകൾ (16 വയസ്സ്) കണ്ട് അതിശയം പൂണ്ട് കവിതകൾ എഴുതിയ കടമ്പനാട് എന്ന കൊച്ചു ഗ്രാമത്തിലെ ഒരു പെൺകുട്ടി ഇപ്പോൾ എൺപതിന്റെ നിറവിൽ എത്തിനിൽക്കുന്നു. അവർ നമുക്കെല്ലാം പ്രിയങ്കരിയായ ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിൽ. ആയിരം പൗർണ്ണമി ചന്ദ്രികകൾ കാണാൻ നാല് വർഷങ്ങൾ കൂടി ബാക്കി നിൽക്കെ ഈ എൺപതാം ജന്മദിനം ഉറ്റവരും ചുറ്റുപാടും ആഘോഷഭരിതമാക്കുകയാണ്. സ്നേഹത്തിന്റെ ഗിത്താർ കമ്പികളിൽ വിരലുകൾ ഓടിച്ചുകൊണ്ട് പ്രിയമുള്ളവർ ഉച്ചത്തിൽ പാടുന്നു é ജന്മദിന ശുഭദിനാശംസകൾé പിറന്നാൾ ആശംസകളുടെ വെണ്മുകിൽ മാലകൾ ആകാശത്തിന്റെ ചെരുവുകളിലൂടെ ഉർന്നുവീഴുന്നു. അവയെ കൈയിലെടുത്തുകൊണ്ട് മാലാഖമാർ ജന്മദിനഗീതങ്ങൾ പാടി എത്തിച്ചേരുന്നു. വസന്തകാല പറവകളും ഈ കവയിത്രിക്കായി പാട്ടുകൾ തിരയുന്ന തിരക്കിലാണ്. വർണ്ണശബളിമയാർന്ന പൂക്കൾ കന്യകമാരെപോലെ കൈയിൽ താലവുമേന്തി നിൽക്കുന്നു. കിളികളും അവരുടെ ഗാനമേളയിൽ ഇന്നേ ദിവസം പാടുന്നത് പിറന്നാൾ ഉപഹാരഗീതങ്ങളാണ്. ഒരു പക്ഷെ കിളികൾ കടമ്പനാടിന്റെ പ്രകൃതിഭംഗി നമ്മെ പാടി കേൾപ്പിക്കുകയായിരിക്കും ഒരു സിനിമ പാട്ടിലൂടെ.രംഗ് വിരംഗ് കെ ഫുല് ഖിലെ ഹേ ലോഗ് ബി ഫൂലോം ജൈസേé വിവിധ നിറത്തിലുള്ള പൂക്കൾ വിരിയുന്നു ഇവിടത്തേ ജനങ്ങളും പൂ പോലെ. കഴിഞ്ഞുപോയ നല്ല നാളുകൾ. എല്ലാവരും സ്നേഹത്തോടെ സൗഹാർദ്ദത്തോടെ കഴിഞ്ഞ നാളുകൾ. ഇന്നത് നമ്മൾ നഷ്ടപ്പെടുത്തികളഞ്ഞു. കവയിത്രികൂടിയായ ശ്രീമതി ശങ്കരത്തിലിന്റെ രചനകളിലെല്ലാം ഗൃഹാതുരത്വത്തിന്റെ നേരിയ വിഷാദം കാണാം. ഗ്രാമത്തിന്റെ വിശുദ്ധിയും സങ്കൽപ്പങ്ങളും നഷ്ടപ്പെട്ടു എന്നവർ ഖേദിക്കുന്നു. ഈ ജന്മദിനത്തിൽ എല്ലാം മറന്നുകൊണ്ട് ഒരു പുതിയ പുലരിയെ എതിരേൽക്കാം.

പ്രിയപ്പെട്ടവരുടെ സ്നേഹത്തിന്റെ കളിത്തട്ടിൽ എൺപതു തിരിയിട്ട വിളക്കുകൾ കൊളുത്തി ഈ ദിവസം പ്രകാശമാനമാക്കാം. ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിൽ ഓരോ വർഷവും ഈ ജന്മദിനം വന്നെത്തുന്നു. ഈ ഭൂമിയിൽ നമ്മുടെ ജീവിതം എങ്ങനെയെന്ന് അന്വേഷിക്കാനാണ് ഈ സന്ദർശനം. ജന്മദിനത്തെ പലരും പല വിധത്തിൽ ആണ് എതിരേൽക്കുന്നത്. ശ്രീമതി ശങ്കരത്തിൽ ദൈവവിശ്വാസമുള്ള ഒരു ഭക്തയായതുകൊണ്ട് ജന്മദിനത്തെ ഭക്തിസാന്ദ്രതയോടെ വരവേൽക്കാം. മധുരം നിവേദിക്കാം, പ്രാർത്ഥനാഗീതങ്ങൾ ആലപിക്കാം, പുത്തൻ കോടികൾ ഉടുത്ത് ഉത്സാഹത്തിമിർപ്പിൽ മദിക്കാം, സമ്മാനപൂക്കളുമായി ജന്മ ദിനാശംസകൾ അർപ്പിക്കാം, ഓരോ തവണ ഒരു കുഞ്ഞു പിറക്കുമ്പോൾ മാതാപിതാക്കൾ ആഹ്ലാദഭരിതരാകുന്നു. ജന്മദിനത്തിൽ ആ ഓർമ്മകൾ ഓടിയെത്തുന്നു. കുട്ടികൾക്ക് പ്രായം കൂടുന്തോറും മാതാപിതാക്കളുടെ വേർപാടും ഉണ്ടാകുന്നു. എന്നാലും ഓരോ ജന്മദിനത്തിലും പിറന്നാളുകാർ അവരുടെ മാതാപിതാക്കളെ ഓർക്കുന്നു. അമ്മയെ പ്രത്യേകമായി. ജന്മദിനം ഒരു വ്യക്തിയുടെ ജീവിതത്തിലെ സുപ്രധാന ദിവസമാണ്.

സ്ഥാനം കൊണ്ട് എൽസി കൊച്ചമ്മ എന്ന് വിളിക്കപ്പെടുന്ന അവർ ജീവിതത്തിൽ വിജയം നേടിയ ശ്രേഷ്ഠ വനിതയാണ്. ബിരുദാനന്ത ബിരുദങ്ങളും, അനവധി പാഠ്യക്രമങ്ങൾക്ക് ലഭിച്ച സാക്ഷ്യപത്രങ്ങളും, ന്യൂയോർക്കിലെ നാസാ കൗണ്ടിയിൽ എൻജിനീയറായി ജോലിയും അവരുടെ ബുദ്ധിപരമായ കഴിവുകളെ വ്യക്തമാക്കുന്നവയാണ്. ദിവംഗതനായ അഭിവന്ദ യോഹന്നാൻ ശങ്കരത്തിൽ കോർഎപ്പിസ്കോപ്പയുടെ പത്നിയായി, അവർക്കായി ദൈവം നൽകിയ രണ്ടു പുത്രന്മാരുമായി അവർ സംതൃപ്തമായ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു.. ഇപ്പോൾ ഈ പിറന്നാൾ ആഘോഷത്തിൽ അദൃശ്യനായി ബഹുമാനപ്പെട്ട അച്ചൻ സന്നിഹിതനായിരിക്കും.

ആയുരാരോഗ്യങ്ങൾ ആരും ആശീർവദിക്കുന്ന ഈ മംഗളമുഹൂർത്തത്തിൽ ഇ-മലയാളിയും അവരുടെ പത്രാധിപസമിതിയും, എഴുത്തുകാരും, വായനക്കാരും അഭ്യുദയകാംക്ഷികളും ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിന് അനുഗ്രഹപ്രദമായ ജന്മദിനം ആശംസിക്കുന്നു.

# ഫിലാഡൽഫിയ സീറോമലബാർ പള്ളിയിൽ വി: തോമ്മാശ്ലീഹായുടെ തിരുനാൾ ജൂൺ 28 മുതൽ ജൂലൈ 8 വരെ




ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: ഭാരതഅപ്പസ്തോലനും ഇടവക മദ്ധ്യസ്ഥനുമായ വിശുദ്ധ തോമ്മാശ്ലീഹായുടെ ദുക്റാന (ഓർമ്മ) തിരുനാളിന് സെന്റ് തോമസ് സീറോമലബാർ ഫൊറോനാ ദേവാലയത്തിൽ ജൂൺ 28 വെള്ളിയാഴ്ച്ച കൊടിയേറ്റത്തോടെ തുടക്കമാകും. ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ, ചിക്കാഗോ സീറോമലബാർ രൂപതാവികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം എന്നിവർ സംയുക്തമായി വെള്ളിയാഴ്ച്ച വൈകുന്നേരം ആറരക്ക് തിരുനാൾകൊടി ഉയർത്തി പതിനൊന്നുദിവസം നീണ്ടുനിൽക്കുന്ന തിരുനാൾ ആഘോഷങ്ങൾക്ക് ആരംഭംകുറിക്കും. 7 മണിക്ക് ദിവ്യബലി, തിരുസ്വരൂപങ്ങളുടെ വെഞ്ചരിപ്പ്, ലദീഞ്ഞ് എന്നിവ വെള്ളിയാഴ്ച്ചയിലെ തിരുക്കർമ്മങ്ങളിൽപ്പെടും. പ്രധാന തിരുനാൾ ദിവസങ്ങൾ ജുലൈ 5, 6, 7 ആയിരിക്കും.

ജുലൈ 5 വെള്ളിയാഴ്ച്ച വൈകുന്നേരം 7 മണിക്ക് മുൻ വികാരി റവ. ഫാ. കുര്യാക്കോസ് കുമ്പക്കിൽ മുഖ്യകാർമ്മികനായി ദിവ്യബലി, തിരുനാൾ സന്ദേശം, നൊവേന.

ജുലൈ 6 ശനിയാഴ്ച്ച വൈകുന്നേരം നാലര മുതൽ റവ. ഫാ. ജോബി ജോസഫ് (സെ. മേരീസ് സീറോമലബാർ, ലോംഗ് ഐലന്റ്) കാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ കുർബാനയും, ലദീഞ്ഞും, പ്രദക്ഷിണവും. തുടർന്ന് 7 മണിമുതൽ ഇടവകയിലെ കലാപ്രതിഭകൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ.

പ്രധാന തിരുനാൾ ദിവസമായ ജുലൈ 7 ഞായറാഴ്ച്ച രാവിലെ ഒമ്പതര മണിക്ക് റവ. ഫാ. ലിജോ കൊച്ചുപറമ്പിലിന്റെ (ഫിലാഡൽഫിയ സെ. നമ്മോൻ ക്നാനായ കത്തോലിക്കാ മിഷൻ) മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ റാസ കുർബാന. തിരുനാൾ സന്ദേശം നൽകുന്നത് റവ. ഫാ. ജോസഫ് അലക്സ് (കാത്തലിക് യൂണിവേഴ്സിറ്റി, വാഷിംഗ്ടൺ ഡി. സി.), നൊവേനക്കും ലദീഞ്ഞിനും ശേഷം വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം, യുവജനങ്ങൾ തയാറാക്കുന്ന കാർണിവൽ, തുടർന്ന് സ്നേഹവിരുന്ന്.

മരിച്ചവരുടെ ഓർമ്മദിനമായ ജുലൈ 8 തിങ്കളാഴ്ച്ച വൈകുന്നേരം 7ന് ദിവ്യബലി, ഒപ്പീസ്. തിരുക്കർമ്മങ്ങൾക്കുശേഷം റവ. ഡോ. ജോർജ് ദാനവേലിൽ കൊടിയിറക്കുന്നതോടെ പതിനൊന്ന് ദിവസത്തെ തിരുനാളാഘോഷങ്ങൾക്ക് തിരശീലവീഴും.

ജൂൺ 28 മുതൽ ജുലൈ 6 വരെ എല്ലാ ദിവസങ്ങളിലും വൈകുന്നേരം 7 മണിക്ക് ഇടവകയിലെ കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ നൊവേനയും മധ്യസ്ഥപ്രാർത്ഥനയും നടക്കും. തിരുനാൾ ദിവസങ്ങളിൽ (ഞായർ ഒഴികെ) വൈകുന്നേരം 6:30 മുതൽ 7:00 മണിവരെ കുമ്പസാരിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും.

വിൻസന്റ് ഇമ്മാനുവലും കുടുംബവുമാണ് ഈ വർഷത്തെ തിരുനാൾ നടത്തുന്നത്. കൈക്കാരന്മാരുടെ നേതൃത്വത്തിലൂള്ള വിവിധ കമ്മിറ്റികൾ തിരുനാൾ നടത്തിപ്പിന്റെ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ, കൈക്കാരന്മാരായ ജോജി ചെറുവേലിൽ, ജോസ് തോമസ്, പോളച്ചൻ വറീദ്, സജി സെബാസ്റ്റ്യൻ, ജെറി കുരുവിള, പാരീഷ് സെക്രട്ടറി ടോം പാറ്റാനിയിൽ, തിരുനാൾ പ്രസുദേന്തി, പാരിഷ് കൗൺസിൽ അംഗങ്ങൾ എന്നിവർ തിരുനാളിന്റെ ക്രമീകരണങ്ങൾ നിർവഹിക്കും.


1st Annual
AAPI WORLD HEALTH CONGRESS
American Association of Physicians of Indian Origin
AAPI
Dive into the future of healthcare at the 1st AnnualAAPI World Health Congress, a pivotal event bringing together the brightest minds and hearts in healthcare
July 18-22
Marriott Marquis | New York
Anjana Samadder, MD
President, AAPI
Sumul Raval, MD
Secretary | Convention Treasurer
Achintya Moulick, MD
Convention Chair
Empowering Health Bridging Communities
Exploring Confluence: 'AI and Medicine'
'Literary & Film Seminar
Invited Dignitaries
Donald Trump
45th U.S. President
Amit Shah
Minister of Home Affairs of India
Sri Sri Ravishankar
World Spiritual Leader
Bernie Sanders
United States Senator
Michelle Obama
Former First Lady of U.S.
Dr. Mansukh Mandivya
Minister of Health and Family Welfare
Dr. Jesse Ehrenfeld
President of AMA
Dr. Vivek Murthy
U.S. Surgeon General
Eearly Bird Special
Discount Available Now!
Register now at aapiworldhealthcongress.org
More Info: 1-630-990-2277 | eMail: convention@aapiusa.org

# മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ – 2024 ആഘോഷം വർണ്ണശബളമാക്കി വേൾഡ് മലയാളീ കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ്




**നൈനാൻ മത്തായി**

ഫിലാഡൽഫിയ : വേൾഡ് മലയാളീ കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് ജൂൺ എട്ടാം തീയതി, ശനിയാഴ്ച മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ വിവിധ പരിപാടികളോടെ സെയിന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്ൾസ് ചർച്ച് ഹാളിൽ വച്ച് നടത്തുകയുണ്ടായി. വിശിഷ്ട അതിഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗം വൈകിട്ട് അഞ്ചു മണി മുതൽ ആറുമണി വരെയും വിവിധ ആർട്ടിസ്റ്റുകളെ കോർത്തിണക്കികൊണ്ടുള്ള കലാപരിപാടികൾക്കു അഞ്ചു മണി മുതൽ ഒൻപത് മണി വരെയും വേദി സാക്ഷിയായി.

കേരളാ അമലാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയന്സസിന്റെ ഡയറക്ടർ Rev. Fr. വാൾട്ടർ തെലാപ്പിള്ളി മുഖ്യ അതിഥിയായിരുന്നു. ടാനി കോശി ഈശ്വര പ്രാർത്ഥനയും സംഗീത ആൻ തോമസും ആരോൺ അനിലും യഥാക്രമം അമേരിക്കൻ ദേശീയഗാനവും ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു. പ്രൊവിൻസിന്റെ ജനറൽ സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗത പ്രസംഗം നടത്തി. തുടർന്ന് മുഖ്യ അതിഥികളും ഭാരവാഹികളും ചേർന്ന് നിലവിളക്കു തെളിയിച്ചു. Rev. Fr. എം. കെ. കുര്യാക്കോസ് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. മാതൃപിതൃ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വേൾഡ് മലയാളി കൗൺസിൽ ചെയ്തുവരുന്ന കാരുണ്യപ്രവർത്തനങ്ങളെ അഭിനന്ദിച്ചും തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം സംസാരിച്ചു. വേൾഡ് മലയാളീ കൌൺസിൽ അമേരിക്ക റീജിയന്റെ ജനറൽ സെക്രട്ടറി ശ്രീമാൻ അനീഷ് ജെയിംസും ഗ്ലോബലിന്റെ ജനറൽ സെക്രട്ടറി ശ്രീമാൻ പിന്റോ കണ്ണമ്പള്ളിയും തങ്ങളുടെ ആശംസാപ്രസംഗത്തിൽ പ്രൊവിൻസിന്റെ കാരുണ്യപ്രവർത്തനങ്ങളെ അഭിനന്ദിച്ചു.

സാമ്പത്തീകമായി ബുദ്ധിമുട്ടു അനുഭവിക്കുന്ന കേരളത്തിലെ ഇരുപത്തിയഞ്ചു യുവതീ യുവാക്കളുടെ വിവാഹങ്ങൾ 2025ൽ നടത്തികൊടുക്കുവാൻ ഏറ്റെടുത്തിരിക്കുന്ന ഒരു വലിയ കാരുണ്യ പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രൊവിൻസ് ഈ ആഘോഷപരിപാടികൾ സംഘടിപ്പിച്ചത്. മുഖ്യ അഥിതിയായിരുന്ന വാൾട്ടർ തെലാ

# LIVE Television Channels Streaming of Events

MediaAppUSA

## 'VOD' Video On Demand
## Movies | Shows | Photos
## Event Tickets

**One App for All Media Outlets**



- Amazon fireTV
- ROKU TV
- Apple TV
- GoogleTV
- Samsung TV
- LGTV
- Panasonic
- VIZIO TV
- iPhone
- Android

Download on the App Store | ANDROID APP ON Google play

Available in App Store or Google Store

Scan the QR Code for instant download

Download 'MediaAppUSA'



പ്പിള്ളി അച്ഛൻ മാതാപിതാക്കളുടെ മൂല്യങ്ങളെക്കുറിച്ചും സമൂഹത്തിൽ നാം നന്മ ചെയ്യുന്നവരായി തീരേണ്ടതിന്റെ പ്രാധ്യാന്യത്തെകുറിച്ചും മുഖ്യ സന്ദേശത്തിൽ എടുത്തുപറഞ്ഞു. വേൾഡ് മലയാളീ കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് ഏറ്റെടുത്തു നടത്തുന്ന നിർധനരായ 25 യുവതീ യുവാക്കളുടെ സമൂഹ വിവാഹത്തിൽ കൂടി 50 കുടുംബങ്ങളെ കരുണയുടെ പാതയിലേക്ക് നാം ബന്ധിപ്പിക്കുകയാണെന്നും അദ്ദേഹം തന്റെ സന്ദേശത്തിൽ ഓർമിപ്പിച്ചു. പ്രൊവിൻസിന്റെ അധ്യക്ഷൻ നൈനാൻ മത്തായി പ്രൊവിൻസ് ഏറ്റെടുത്തിരിക്കുന്ന




ഈ ബൃഹത് കാരുണ്യ പ്രവർത്തനത്തെക്കുറിച്ചു വളരെ വിശദമായി യോഗത്തിൽ സംസാരിച്ചു. വുമൺ ഫോറം ചെയർമാന് ശ്രീമതി മറിയാമ്മ ജോർജ് പ്രൊവിൻസിന്റെ കഴിഞ്ഞകാല കാരുണ്യപ്രവർത്തങ്ങളെക്കുറിച്ചും മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേയെക്കുറിച്ചും വിശദീകരിച്ചു.




വേൾഡ് മലയാളീ കൗൺസിൽ വിമൻസ് ഫോറം പ്രസിഡന്റും പ്രോഗ്രാം കോർഡിനേറ്ററും ആയ ഷൈലാ രാജന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രൊഫഷണൽ നർത്തകരുടെ ഡാൻസ്ഫെസ്റ്റും ഗായകരുടെ സംഗീത സന്ധ്യയും വേദിയെ വർണ്ണശബളമാക്കി. തന്റേതായ കൊറിയോഗ്രഫിയിൽ പ്രൊവിൻസ് ഏറ്റെടുത്തു നടത്തുന്ന സമൂഹവിവാഹത്തിന്റെ പശ്ചാത്തലത്തെ ഉൾക്കൊള്ളിച്ചുകൊണ്ടു ഷൈലാ രാജൻ സംഘടിപ്പിച്ച ഗ്രാൻഡ് ഫിനാലെ ഡാൻസ് സദസ്സിനെ പുളകമണിയിച്ചു.



സമൂഹത്തിന്റെ വിവിധ മേഖലകളിലും പ്രസ്ഥാനങ്ങളിലും ചെയ്തിട്ടുള്ള പ്രവർത്തനമികവിന്റെ അംഗീകാരമായി Rev. Fr. എം. കെ. കുര്യാക്കോസിന് ഗുഡ് ഷെപ്പേർഡ് അവാർഡും, അറ്റോർണി ജോസഫ് എം കുന്നേലിന് കമ്മ്യൂണിറ്റി ലീഗൽ ഇമ്പാക്ട് അവാർഡും, ജോസ് ആറ്റുപുറത്തിനു കമ്മ്യൂണിറ്റി അസോസിയേഷൻ എൻറിച്ച്മെന്റ് അവാർഡും നൽകി യോഗമധ്യേ ആദരിച്ചു. കൂടാതെ പ്രൊവിൻസിന്റെ മുതിർന്ന അംഗങ്ങളായ തോമസ് ഡാനിയേലിനെയും ലീലാമ്മ വർഗീസിനെയും പൊന്നാട അണിയിച്ചു ആദരിച്ചു.

പ്രൊവിൻസിന്റെ എല്ലാ സബ് കമ്മിറ്റികളുടയും ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഫാദേഴ്സ് ആൻഡ് മദേഴ്സ് ഡേയുടെ ആഘോഷ പരിപാടികൾ വളരെ വിജയകരമാക്കിത്തീർത്തു. ട്രെഷറാർ തോമസ്കുട്ടി വർഗീസ് നന്ദി പറഞ്ഞു. കേരള തനിമയുടെ രുചി വിളിച്ചറിയിക്കുന്ന അത്താഴവിരുന്നോടുകൂടി ആഘോഷ പരിപാടികൾ രാത്രി പത്തുമണിയോടെ പര്യവസാനിച്ചു.

# മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് സിറിയക് ദേവാലയത്തിൽ പിതൃദിനാഘോഷവും ബിരുദദാന ചടങ്ങും സംയുക്തമായി നടത്തി



**സജി സക്കറിയ, പി.ആർ.ഓ.**

മെസ്കിറ്റ് മാർ ഗ്രിഗോറീയോസ് സിറിയക് ദേവാലയത്തിൽ ജൂൺ പതിനാറാം തീയതി ഞായറാഴ്ച ഫാദേഴ്സ് ഡേയും, ഗ്രാഡുവേഷൻ സെറിമണിയും സംയുക്തമായി നടത്തി. വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന ചടങ്ങിൽ വികാരി റവ.ഫാ. മാർട്ടിൻ ബാബു എല്ലാ ഫാദേഴ്സിനും ആശംസകൾ നേർന്ന് സംസാരിച്ചു. ഒരു പിതാവ് മൾട്ടിപ്പിൾ ഹാറ്റ്സ് അണിയുന്ന വ്യക്തിയാണെന്നും അവരുടെ സ്നേഹം, നേതൃത്വം, സഹനം എല്ലാം അച്ഛൻ എടുത്തു പറഞ്ഞ് സംസാരിച്ചു. ജോഷുവ

ജോണും ആശംസകൾ നേർന്ന് സംസാരിച്ചു. പ്രിയപ്പെട്ട പപ്പാ, നിങ്ങളെപ്പോലെ എന്നെ അത്യധികം സ്നേഹിക്കുന്ന ഒരാളെ പിതാവായി എന്റെ ജീവിതത്തിൽ ലഭിച്ചതിൽ ഞാൻ ഭാഗ്യവാനാണെന്ന് ജോഷുവ തന്റെ സന്ദേശത്തിൽ പറഞ്ഞു. ഫാദേഴ്സ് 'Fathers carry important values, principles. They are patient and understanding.'

ഈ വർഷം നഴ്സിംഗിൽ ബിരുദം നേടിയ ജോസ് ഉതിപ്പാന്റേയും, സുജ ജോസിന്റേയും മകൾ മെർലിൻ ജോസിനെ അനുമോദിച്ച് മാർട്ടിൻ അച്ഛനും, സണ്ടേസ്ക്കൂൾ അദ്ധ്യാപികയും, വുമൺസ് ലീഗ് സെക്രട്ടറിയുമായ സോമി ഫിലിപ്പും സംസാരിച്ചു. ഫ്ളോറൻസ് നൈറ്റിംഗ് ഗേൽ ഉയർത്തിയ ദീപശിഖയാണ് നഴ്സിംഗ് പ്രൊഫ്ഷൻ എന്നും, ഈ ജോലി പരിപാവനമായി കാണണമെന്നും അവർ എടുത്ത് പറഞ്ഞു. ഗ്രാജുവേഷൻ ജീവിതത്തിലെ പുതിയ അദ്ധ്യായമാണ്. ഭാവിയിൽ എല്ലാ ഭാവുകങ്ങളും നേരുന്നു. പള്ളിയുടെ പാരിതോഷികം വൈസ് പ്രസിഡന്റ് ബിജു ജോൺ മെർലിന് സമ്മാനിച്ചു. മെർലിൻ തന്റെ കുടുംബത്തിലെ ഓരോരുത്തർക്കും, പള്ളിക്കാർക്കും പ്രത്യേകം നന്ദിയും, കൃതജ്ഞതയും അറിയിച്ചു. ജോസ് ഉതുപ്പാൻ ലഞ്ചും, കേക്കും സ്പോൺസർ ചെയ്തു. ഫാദേഴ്സ് ഡേ/ഗ്രാജുവേഷൻ കേക്ക് മുറിക്കലും നടത്തി.







# ശ്രീനാരായണ ഗ്ലോബൽ കൺവൻഷൻ ജൂലൈ 11 മുതൽ 14 വരെ;
## ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു




യുഗ പ്രഭാവനായ ശ്രീനാരായണ ഗുരുദേവൻറെ നാമധേയത്തിൽ നോർത്ത് അമേരിക്കയിലെ ശ്രീനാരായണ അസ്സോസിയേഷനുകളുടെ കൂട്ടയ്മയായ

ഫെഡറേഷൻ ഓഫ് ശ്രീനാരായണ ഗുരു ഓർഗനൈസഷൻസ് നോർത്ത് അമേരിക്ക (FSNONA) രണ്ടു വര്ഷത്തിലൊരിക്കൽ നടത്തിവരുന്ന ശ്രീനാരായണ ഗ്ലോബൽ കൺവെൻഷന്റെ ഒരുക്കങ്ങൾ അണിയറയിൽ പൂർത്തിയായി വരുന്നു. കണക്ടിക്കറ്റിലെ സ്റ്റാംഫോർഡിലുള്ള ഹിൽട്ടൺ ഹോട്ടലിൽ 2024 ജൂലൈ 11 മുതൽ 14 വരെ നടത്തുന്ന കൺവെൻഷന്റെ തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നതായി പ്രസിഡന്റ് ശ്രീ സജീവ് ചേന്നാട്ടും , സെക്രട്ടറി ശ്രീമതി രേണുക ചിറകുഴിയിലും അറിയിച്ചു.

സ്കൂൾ ഓഫ് വേദാന്ത ഡയറക്ടർ സ്വാമി മുക്താനന്ദ യതി , എഴുത്തുകാരനും , പ്രഭാഷകനുമായ ശ്രീ ഷൌക്കത്ത് , Texas 240th Judicial District Court, Fort Bend county Judge ശ്രീ സുരേന്ദ്രൻ പട്ടേൽ , നിയമ പണ്ഡിതനും സാമൂഹ്യ ചിന്തകനുമായ ഡ്യ മോഹൻ ഗോപാൽ എന്നിവർ മുഖ്യ അതിഥികളാകുന്ന കൺവെൻഷനിൽ കേരളത്തിലെ കലാസാംസ്കാരിക രംഗത്തുള്ള പ്രമുഖർ പങ്കെടുക്കുന്നു . ദാർശനിക ചർച്ചകൾ , സാഹിത്യ സാംസ്കാരിക സമ്മേളനങ്ങൾ , യുവജന വനിത സമ്മേളനങ്ങൾ എന്നിവയ്ക്ക് പുറമെ ശ്രീനാരായണ ഗുരു കൃതികളെ ആസ്പദമാക്കിയുള്ള നടനശില്പമായ കാളീനാടകം പ്രമുഖ നർത്തകി ഡോ:കലാമണ്ഡലം ധനുഷാ സന്യാൽ അവതരിപ്പിക്കുന്നു. ചലച്ചിത്ര പിന്നണി ഗായകൻ ശ്രീ വിവേകാനന്ദൻ , അപർണ ഷിബു , അമേരിക്കയിലെ പ്രമുഖ ഗായിക ഗായകന്മാരും ചേർന്ന് അവതരിപ്പിക്കുന്ന സംഗീത സായാഹ്നം , വിവിധ സംസ്ഥാനങ്ങളിൽ നിനിന്നുമുള്ള കലാകാരന്മാർ അവതരിപ്പിക്കുന്ന കലാപരിപാടികൾ ഈ കൺവെൻഷന് നിറപ്പകിട്ടേകുമെന്നു കൽച്ചറൽ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ സുരേഷ് ബാബു ചിറക്കുഴിയിൽ അറിയിച്ചു.

കൺവെൻഷനോടനുബന്ധിച്ചു പ്രകാശനം ചെയ്യപ്പെടുന്ന സോവനീറിന്റെ അണിയറ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നതായി കോർഡിനേറ്റർ കെ.എൻ സഞ്ജീവ് അറിയിച്ചു

കൺവെൻഷന്റെ രണ്ടു വര്ഷം നീണ്ടു നിന്ന ഈ തയ്യാറെടുപ്പിൽ എടചഷചഅ എക്സിക്യൂട്ടീവിനോടൊപ്പം വടക്കേ അമേരിക്കയിലെയും ക്യാനഡയിലെയും നിരവധിപേർ പങ്കാളികളാണ്

ട്രസ്റ്റീ ബോർഡ് ചെയർമാൻ ഡ്യ ചന്ദ്രോത് പുരുഷോത്തമൻ , മുഖ്യ രക്ഷാധികാരി ഡ്യ എം അനിരുദ്ധൻ , രക്ഷാധികാരി അറ് കല്ലുവിള വാസുദേവൻ, പ്രസിഡണ്ട് ശ്രീ സജീവ് ചേന്നാട്ട്, ജനറൽ സെക്രട്ടറി ശ്രീമതി രേണുക ചിറക്കുഴിയിൽ, ട്രഷറർ ശ്രീ രാജീവ് ഭാസ്കർ, വൈസ് പ്രസിഡന്റ് ശ്രീ സുനിൽ കുമാർ കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി ശ്രീമതി മായാ ഷൈജു , ജോയിന്റ് ട്രഷറർ സഹൃദയൻ പണിക്കർ, ന്യൂയോർക്കിൽ നിന്നുള്ള ബോർഡ് ഭാരവാഹികളായ ശ്രീ രവീന്ദ്രൻ രാഘവൻ , ശ്രീമതി ബിന്ദു വാലത്തു ,ശ്രീ രാധാകൃഷ്ണൻ .ജ.ഗ, ശ്രീ അജയൻ ദിവാകരൻ , ശ്രീ സ്വർണകുമാർ മാധവൻ ,ശ്രീമതി ലളിത ഹരിദാസ് , വൈസ് ചെയർമാൻ അറ് അനിയൻ തയ്യിൽ എന്നിവർ നേതൃത്ത്വം നൽകുന്നു

കൺവെൻഷനായി രൂപീകരിക്കപ്പെട്ട സബ് കമ്മറ്റി കോർഡിനേറ്റർസ്

ശ്രീ : സുരേഷ് ബാബു ചിറകുഴിയിൽ, താമര രാജീവ് (cultural programs), ശ്രീ : സഹൃദയൻ പണിക്കർ, സുനിൽ കൃഷ്ണൻ, മായാ ഷൈജു (Registration ), ശ്രീമതി ബിന്ദു വാലത്തു ( Women's forum), ശ്രീ : രവീന്ദ്രൻ രാഘവൻ (Food committee ) ശ്രീ സുബിൻ കുമാരൻ , ഷാനവാസ് കാട്ടൂർ, സുജി വാസവൻ , സുധീർ പ്രയാഗ (Sponsorship and Finance), ശ്രീ : ഉണ്ണി മണപ്പുറത്തു ,ഷാനവാസ് കാട്ടൂർ ,സുജി വാസവൻ (Scholarship and Charity) ശ്രീ : സ്വർണ്ണകുമാർ മാധവൻ (raffle committee) , ശ്രീമതി: അനിതാ ഉദയ് (Banquet committee ) , ശ്രീ ബാബു ഉത്തമൻ (Business and education ), ശ്രീ : ഷാനവാസ് കാട്ടൂർ, ശ്രീമതി അഞ്ജന പ്രയാഗ, ശ്രീ : മ്യൂണിക് ഭാസ്കർ, ( Media and Public relations ), ശ്രീ : പ്രവീൺ ദിവാകരൻ , മണിരാജ് ജയദേവൻ (website), ശ്രീ : നിഖിൽ സുനിൽ കുമാർ (Transportation ) ശ്രീമതി ലളിത ഹരിദാസ് ( Prayer)

ശ്രീമതി: സുഷമ സ്വർണകുമാർ സ്റ്റേജ് ഡെക്കറേഷൻ. ശ്രീ : സഞ്ജീവ് .K. N , ശ്രീ: ഡാനി ധനഞ്ജയൻ (Souvenir) ശ്രീമതി ലക്ഷ്മിക്കുട്ടി പണിക്കർ , ശ്രീമതി പ്രസന്ന ബാബു (procession,thiruvathira) , ജയചന്ദ്രൻ രാമകൃഷ്ണൻ ( Hospitality), ശ്രീമതി ഷമിതാ ഭരതൻ ( Seminar )

റീജിയണൽ വൈസ് പ്രസിഡന്റുമാർ ശ്രീമതി പ്രസന്ന ബാബു (Tri state Region)

സുജിത് ശ്രീധർ ( ഫിലാഡെൽഫിയ ), ഡോ വിജിലി ബാഹുലേയൻ (Washington ) ഉണ്ണി മണപ്പുറത്തു ( Texas) , {പവീൺ ദാമോദരൻ ( Arizona)

കൺവെൻഷനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും രെജിസ്ട്രേഷനും താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക .

സജീവ് ചേന്നാട്ട് (പ്രസിഡന്റ് ) Ph: 917 9790177, രേണുക ചിറകുഴിയിൽ (സെക്രട്ടറി) Ph: 9144344843, രാജീവ് ഭാസ്കർ (ട്രഷറർ ) Ph: 5143959480


FOMAA
Team United 2024-2026
VOTE
FOR
BAIJU
VARGHESE
For FOMAA
General Secretary
കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ പ്രസിഡന്റ്
ഫോമാ മിഡ് അറ്റ്ലാന്റിക് റീജിയണിന്റെ 2020–2024 ലെ ശക്തനായ റീജിയണൽ വൈസ് പ്രസിഡന്റ് (RVP)
ഫോമാ 2022 Cancun കൺവെൻഷന്റെ നാഷണൽ രജിസ്ട്രേഷൻ കോഓർഡിനേറ്റർ
ഫോമാ 2018 ചിക്കാഗോ കൺവെൻഷന്റെ നാഷണൽ രജിസ്ട്രേഷൻ കമ്മിറ്റി മെമ്പർ
ഫോമാ ഹെല്പിങ് ഹാൻഡ്സ്, സാന്ത്വന സംഗീതം കോഓർഡിനേറ്റർ
പുതിയ ആശയങ്ങൾ...
ഉപാധികളില്ലാത്ത സൗഹൃദം...
മികച്ച സംഘാടനം
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU PUNNOOSE
for Vice President
PAUL P. JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# ലോക കേരള സഭ എന്തിനു വേണ്ടി?



**നടപ്പാതയിൽ ഇന്ന് - 111**

**ബാബു പാറയ്ക്കൽ**

ലോക കേരള സഭയുടെ നാലാം ദ്വൈവാർഷിക സമ്മേളനം തിരുവനന്തപുരത്തു വച്ച് അരങ്ങേറി. പ്രവാസി മലയാളികൾക്ക് അവരുടെ ആശയങ്ങളും നിർദ്ദേശങ്ങളുംപങ്കുവയ്ക്കാൻ, പ്രത്യേകിച്ച് ജനപ്രതിനിധികളുമായി, ഒരു വേദി. അവയൊക്കെ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക മേഖലകളിൽ നന്നായി പ്രയോജനപ്പെടുത്തുക. അവയൊക്കെ കേരളത്തിന്റെ വികസനത്തിന് വേണ്ടി ഉപയോഗിക്കുക തുടങ്ങിയവയാണ് ഈ ലോക കേരള സഭ കൊണ്ടുദ്ദേശിക്കുന്നത്. അതിന്റെ ഒരുക്കങ്ങൾ തിരുവനന്തപുരത്തു പൂർത്തീകരിക്കുമ്പോളാണ് കേരളത്തിന്റെ പ്രവാസി ചരിത്രത്തിൽ ആദ്യമായി ഏതാണ്ട് 24 മലയാളികൾ കുവൈറ്റിൽ ഒരപകടത്തിൽ അതിദാരുണമായി കൊല്ലപ്പെട്ട വാർത്ത കേരളത്തിന്റെ നെഞ്ചു പിളർത്തി ടെലിവിഷൻ ചാനലുകളിൽ പ്രത്യക്ഷപ്പെടുന്നത്.

കേരളത്തിൽ ജീവിതമാർഗം കണ്ടെത്താനാവാതെ സ്വന്തം കുടുംബത്തിന്റെയും ബന്ധുക്കളുടെയും സ്വപ്നങ്ങൾ നിറച്ച പെട്ടിയും പേറി അറബ് രാജ്യത്തേക്ക് വണ്ടികയറിയ 24 പേരുടെ ചേതനയറ്റ ശരീരം അടക്കം ചെയ്ത പെട്ടികൾ അവരുടെ വീട്ടുമുറ്റത്തു കൊണ്ടുവച്ചു കേരളം വിറങ്ങലിച്ചു നിന്നപ്പോൾ മനുഷ്യത്വപരമായി ചിന്തിച്ചവർ ഒറ്റവാക്കിൽ പറഞ്ഞു, 'ഈ ലോക കേരള സഭ ഇപ്പോൾ കൂടുന്നത് അനുചിതമാണ്' എന്ന്. എന്നാൽ, എന്തുതന്നെയായാലും ഈ മാമാങ്കത്തിനു തിരശീല ഉയരും എന്ന് സംഘാടകരായ സർക്കാർ വാശിപിടിച്ചു. ഇതിൽ സംബന്ധിക്കുന്ന ഡെലിഗേറ്റുകൾക്കും ഇത് നടത്തണമെന്നു തന്നെയായിരുന്നു വാശി. 'മരിച്ചവർ മരിച്ചു. അതിന്റെ പേരിൽ പ്രവാസികളെ ഉദ്ധരിക്കാനുള്ള ഈ സമ്മേളനം മാറ്റി വയ്ക്കാനുകുമോ' എന്ന ചിലരുടെ പ്രസ്താവന കേട്ടപ്പോൾ എന്താണ് ഈ ലോക കേരള സഭ ഉദ്ധരിക്കുന്നത് എന്നറിയണമെന്നു തോന്നി. അതിന്റെ വിശദശാംശങ്ങളിലേക്കു നമുക്കൊന്ന് നോക്കാം.

2018 ലാണ്. ആദ്യത്തെ ലോക കേരള സഭ സമ്മേളിക്കുന്നത്. പിന്നീട് 2020 ലും 2022 ലും ഇപ്പോൾ 2024 ലുമാണ് സമ്മേളനങ്ങൾ നടന്നത്. കേരളത്തിന്റെ വരുമാനത്തിന്റെ 35 ശതമാനം വരുന്നത് പ്രവാസികളിൽ നിന്നാണ്. അപ്പോൾ പിന്നെ പ്രവാസികളെ പ്രത്യേകം ശ്രദ്ധിക്കാതിരിക്കാനാകുമോ? അതിനായി 'നോർക്ക' എന്ന ഒരു വകുപ്പ് തന്നെ സർക്കാർ സ്ഥാപിച്ചു. 1996 ഡിസംബറിൽ സ്ഥാപിതമായ ഈ നോർക്കയ്ക്കു വേണ്ടി ഒരു മന്ത്രിയുമുണ്ടായി. എന്നാൽ നോർക്കയുടെ പ്രവർത്തങ്ങൾ വിജയകരമായില്ല. അതുകൊണ്ടു പ്രവാസികൾക്കു വേണ്ടി ഒരു കേരള ലോക സഭയുണ്ടാക്കി. പ്രവാസികളുടെ ആകമാന ക്ഷേമമാണ് ലക്ഷ്യമാക്കിയതെങ്കിലും അതല്ല നടപ്പിലായത്. കേരളത്തിൽ നിന്നും ഗൾഫിലുള്ള പ്രവാസികളിൽ ഭൂരിഭാഗം വരുന്ന സാധാരണ തൊഴിലാളികൾക്ക് അവരുടെ ആവലാതികൾ അവതരിപ്പിക്കാനുള്ള ഒരവസരം കൈവന്നില്ല. ആദ്യത്തെ വർഷം 35 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സംബന്ധിച്ചപ്പോൾ ഇന്ന് 103 രാജ്യങ്ങളിൽ നിന്നും 25 സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളാണ് സംബന്ധിച്ചത്.

ഏറ്റവും ദുഖകരമായ കാര്യം സാധാരണ തൊഴിലാളികളുടെ പ്രാതിനിധ്യം തുലോം കുറവാണെന്നുള്ളതാണ്. പങ്കെടുക്കുന്നവർക്കുള്ള രെജിസ്ട്രേഷൻ വ്യവസ്ഥയനുസരിച്ചു വെബ്സൈറ്റിൽ ആർക്കും അപേക്ഷിക്കാം. എന്നാൽ സ്വന്തമായി യാത്രാച്ചെലവുൾപ്പെടെ വഹിക്കണം. അതിനെല്ലാവരും തയ്യാറായാലും

കിട്ടുന്ന അപേക്ഷകൾ അരിച്ചുനോക്കി പങ്കാളികളെ നിശ്ചയിക്കുന്നത് സർക്കാർ തന്നെയാണ്. അങ്ങനെ വരുമ്പോൾ ഉന്നത തലങ്ങളിൽ സ്വാധീനം കുറഞ്ഞ സാധാരണ തൊഴിലാളികൾക്ക് പ്രവേശനം നിഷേധിക്കപ്പെടുന്നു. കഴിഞ്ഞ സമ്മേളനത്തിൽ 'ഹൗസ് മെയ്ഡ്' ആയി പ്രവർത്തിക്കുന്ന ഒരു സ്ത്രീക്കും ഈ പ്രാവശ്യം ഡ്രൈവർ ആയി ജോലി നോക്കുന്ന ഒരാൾക്കും മാത്രമാണ് പ്രവേശനം ലഭിച്ചതെന്ന് മനോരമ റിപ്പോർട്ട് ചെയ്തു.

അങ്ങനെ സ്വന്തം പോക്കറ്റിൽ നിന്നും പണം മുടക്കി പ്രവാസി ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന വിദേശ മലയാളികളിൽ ഭൂരിഭാഗവും 'പ്രാഞ്ചിമാർ' ആണെന്നും പ്രമുഖരുടെ കൂടെ നിന്നുള്ള ഫോട്ടോ മാത്രമാണ് അവരുടെ ലക്ഷ്യം എന്നും ആരോ ലേഖനമെഴുതിയതിനെ രൂക്ഷമായി വിമർശിച്ചു കൊണ്ട് ഒരു അമേരിക്കൻ മലയാളി സംഘടനയുടെ മുൻ നേതാവ് ഒരു വീഡിയോ ഇറക്കിയത് ഇപ്പോൾ വൈറൽ ആയിട്ടുണ്ട്. അതെന്തെങ്കിലുമാകട്ടെ.

ഈ ആറു വർഷം ലോക കേരള സഭാ മാമാങ്കം നടത്തിയിട്ടും ഇന്നുവരെ എത്ര പ്രവാസി മലയാളികൾ വിദേശത്തുണ്ടെന്നു പോലും സർക്കാരിനറിയില്ല. കുവൈറ്റിൽ മാത്രം 10 ലക്ഷം ഇന്ത്യയ്ക്കാരുള്ളതായിട്ടാണ് കേന്ദ്ര മന്ത്രാലയം പറയുന്നത്. കേരളത്തിൽ എത്ര ബംഗാളികൾ ഉണ്ടെന്നു പോലും കേരള സർക്കാരിനറിയില്ലല്ലോ. ഈ ലോക കേരള സഭയുടെ 2024 ലെ സമ്മേളനത്തിൽ അവതരിപ്പിച്ച അജണ്ട എന്താണെന്നു നോക്കാം.

1. വിദേശ റിക്രൂട്ട്മെന്റ് പ്രോഗ്രാമിനെ കുറിച്ചുള്ള ചർച്ച.
2. എമിഗ്രേഷൻ കരട് ബിൽ.
3. വിദ്യാർത്ഥികളും സ്ത്രീകളും കുടിയേറ്റക്കാരും വിദേശത്തു നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ
4. പുനരധിവാസത്തിൽ പ്രവാസിയുടെ ക്ഷേമനിധിക്കുള്ള പങ്ക്
5. നവതൊഴിലവസരങ്ങളും നൈപുണ്യ വികസനവും, പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ.
6. വിദേശ രാജ്യങ്ങളിലെ മാറുന്ന തൊഴിൽ-കുടിയേറ്റ നിയമങ്ങളും മലയാളി പ്രവാസികളും.
7. വിജ്ഞാന സമ്പത് വ്യവസ്ഥയിലേക്കുള്ള പരിവർത്തനങ്ങളും പ്രവാസികളും.

വെളിയിൽ നിന്നു വരുന്നവരെക്കൂടാതെ കേരളത്തിലെ 140 എം എൽ എ മാരും 20 എം പി മാരും ഇതിന്റെ ഭാഗമാണ്. പ്രത്യേക ക്ഷണിതാക്കൾ ഉൾപ്പെടെ ആകെ ഈ വർഷം പങ്കെടുത്തത് 351 പേരാണ്. ഈ സമ്മേളനത്തിന് സർക്കാർ മാത്രം ചെലവാക്കുന്നത് 3 കോടി രൂപയാണ്. വ്യക്തിപരമായി ഓരോ പ്രതിനിധിയും ചെലവാക്കുന്നത് യാത്രാച്ചെലവുൾപ്പെടെ വേറെ എത്രയോ കോടികളാണ്! ഇത്രയും മുടക്കി സമയം ചെലവഴിക്കുന്നത് വഴി എന്താണ് പ്രവാസികൾ നേടുന്നത്? 2020 ൽ ആകെ 156 നിർദ്ദേശങ്ങളാണ് സമർപ്പിച്ചത്. 2022 ൽ അത് 678 ആയി ഉയർന്നു. എന്നാൽ അത് ക്രോഡീകരിച്ച് 67 നിർദ്ദേശങ്ങളായി ചുരുക്കി. അതിൽ 11 എണ്ണം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ളതാണ്. ബാക്കി 56 ൽ ഒരെണ്ണം മാത്രം, കേരളാ മൈഗ്രേഷൻ സർവ്വേ, നടത്തിയതായി കേരള സർക്കാർ അവകാശപ്പെടുന്നു.



കോവിഡ് മൂലം വിദേശത്തു നിന്നും മടങ്ങിയവർക്കു പുനരധിവാസ പാക്കേജ് നൽകുമെന്ന് പറഞ്ഞിരുന്നു. അങ്ങനെ വന്ന 14166 പേർക്കായി 151 കോടി ആനുകൂല്യം നൽകിയതായി മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചതായി പറയുന്നു. പക്ഷേ, ആർക്കാണ് ലഭിച്ചതെന്നു മാത്രം അറിയില്ല. സ്വന്തമായി ഭാര്യയുടെ കെട്ടുതാലി വരെ പണയം വച്ച് ലോൺ എടുത്തവരും ഇതിൽ ഉൾപ്പെടുമെന്നു പറഞ്ഞപ്പോൾ കാര്യങ്ങൾ എളുപ്പമായി.

ഇങ്ങനെ വിപുലമായി കേരളസഭയുടെ ദ്വൈവാർഷിക സമ്മേളനങ്ങൾ നടത്തുകയും അതിനിടെ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും മേഖലാ സമ്മേളനങ്ങൾ നടത്തുകയും ചെയ്തതുകൊണ്ട് അനേകം പുതിയ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞത്രേ! ആകെ 148,000 ൽ പരം പുതിയ സംരംഭങ്ങൾ കഴിഞ്ഞ വർഷം മാത്രം കേരളത്തിൽ ആരംഭിച്ചതായിട്ടാണ് സർക്കാർ പറയുന്നത്. എത്രപേർക്ക് തൊഴിൽ ലഭിച്ചു എന്ന കൃത്യമായ കണക്ക് കിട്ടിയിട്ടില്ലെന്ന് മാത്രം. ഗൾഫിൽ വച്ച് നടന്ന മേഖലാ സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞത് എല്ലാവർക്കും ഓർമ്മയുണ്ടാകുമല്ലോ. 'കോവിഡ് കാലത്തു തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചു വരുന്നവർക്ക് അവരുടെ 6 മാസത്തെ ശമ്പളം സർക്കാർ സൗജന്യമായി നൽകും. ജോലി ചെയ്ത ആകെ വർഷങ്ങൾക്ക് ഒരു വർഷത്തിന് ഒരു മാസമെന്ന നിലയിൽ ഇവർക്കെല്ലാവർക്കും പെൻഷനും സർക്കാർ നൽകും.' നാട്ടിൽ 1600 രൂപാ ക്ഷേമ പെൻഷൻ നൽകാൻ കഴിയാത്തപ്പോഴാണ് ഈ ഗീർവ്വാണം അടിക്കുന്നതെന്നോർക്കണം.

പിന്നെ, ഈ സമ്മേളനം കൊണ്ട് ആകെയുണ്ടായ ഒരു ഗുണം ഇസ്രായേൽ–ഹമാസ് യുദ്ധം തീർക്കാൻ വഴിയൊരുക്കി എന്നതു മാത്രമാണ്. അജണ്ടയിൽ ഇല്ലാതിരുന്നിട്ടും ഈ വിഷയം ചർച്ച ചെയ്യുകയും ഇസ്രയേലിനോട് ഉടനടി യുദ്ധം നിർത്തണമെന്നുമുള്ള പ്രമേയം പാസ്സാക്കി ഇസ്രായേലിന് അയച്ചു കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രമേയം കയ്യിൽ കിട്ടിയില്ലെങ്കിലും വിവരം അറിഞ്ഞയുടൻ തന്നെ നെതന്യാഹു ഗാസയിലെ പട്ടാളക്കാരോട് ഉടനടി പിൻവാങ്ങാൻ ഉത്തരവിട്ടതായി അറിയുന്നു. ഇസ്രായേലിൽ ജോലി ചെയ്തിരുന്ന ഒരു മലയാളി പ്രവാസി ഹമാസിന്റെ മിസൈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ട് മൃതദേഹം നാട്ടിൽ കൊണ്ടു വന്നു വീട്ടുമുറ്റത്തു വച്ചപ്പോൾ തിരിഞ്ഞു നോക്കാത്തവരാണ് ഇപ്പോൾ പാലസ്തീൻകാരുടെ പേരിൽ വിലപിക്കുന്നത് എന്നത് പ്രത്യേകം ഓർമ്മിക്കണം.

ഈ ലോക കേരള സഭയിൽ സംബന്ധിക്കുന്നവർ ഒരു കാര്യം അവരുടെ മനസ്സാക്ഷിയോട് ചോദിക്കണം. നമ്മുടെ അത്രയും സാമ്പത്തിക ഭദ്രതയൊന്നും അവകാശപ്പെടാൻ ഇല്ലെങ്കിലും കുടുംബത്തിനു വേണ്ടി ആ മരുഭൂമിയിൽ കഷ്ടപ്പെട്ട 24 സഹോദരങ്ങൾ അതിദാരുണമായി കൊല്ലപ്പെട്ടിട്ട് അവരുടെ പൊട്ടിച്ചിതറിയ സ്വപ്നങ്ങൾ വാരിക്കൂട്ടി തങ്ങളുടെ ചേതനയറ്റ ശരീരത്തോടുകൂടി ഒരു പെട്ടിയിൽ അടക്കം ചെയ്തു പണി തീരാത്ത വീട്ടുമുറ്റത്തു നിരത്തി വച്ചപ്പോൾ ഈ സമ്മേളനം നടത്തേണ്ടത് അനിവാര്യമായിരുന്നോ? അതോ, അതിനേക്കാൾ പ്രധാനം മുഖ്യമന്ത്രിയുടെയും എം എൽ എ മാരുടെയും കൂടെയുള്ള സെൽഫികളായിരുന്നോ? എങ്കിൽ നിങ്ങളെ ആരെങ്കിലും 'പ്രാഞ്ചി' എന്നു വിളിച്ചാൽ അവരെ കുറ്റപ്പെടുത്താനാകുമോ?

# കോൺസൽ വിജയകൃഷണന് കേരള സെന്ററിന്റെ നേതൃത്വത്തിൽ മലയാളി സംഘടനകൾ യാത്രയയപ്പ് നല്കി



ന്യൂയോർക്ക്: ഇന്ത്യൻ കോൺസുലേറ്റിൽ നിന്ന് വിരമിക്കുന്ന കോൺസൽ (കമ്മ്യൂണിറ്റി അഫേഴ്സ് ) എ കെ വിജയകൃഷ്ണന് ന്യൂയോർക്കിലെ കേരള സെൻെർ ഓഡിറ്റോറിയത്തിൽ വച്ച് കേരള സെന്ററിന്റെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകൾ യാത്രയയപ്പ് നൽകി.

ഗോപിയോ, കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്, പയനിയർ ക്ലബ് ഓഫ് കേരളയിറ്റ്സ്, കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, ഫൊക്കാന ന്യൂയോക് റീജിയൻ, ഫോമാ ന്യൂയോർക് റീജിയൻ, ലിംകാ,വേൾഡ് മലയാലി കൗൺസിൽ, മിലൻ കൾച്ചറൽ ഓർഗനൈസഷൻ, കഅങഅഘക എന്നി സംഘടനകൾ യാത്രയപ്പിനു നേതൃത്വം നൽകി .

കേരള സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാൻ സ്വാഗതം പറഞ്ഞു. കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ, അസോസിയേഷൻ നേതാക്കളെ പരിചയപ്പെടുത്തി. ഇന്ത്യൻ എംബസിയുമായി വര്ഷങ്ങളായി ബന്ധപ്പെടുന്ന ഗോപിയോ നേതാവ് ഡോ. തോമസ് എബ്രഹാം തന്റെ അനുഭവത്തിൽ എംബസി ഉദ്യോഗസ്ഥരിൽ സെൽ നമ്പർ പൊതു സമൂഹത്തിനു നൽകി കഴുയുന്നത്ര സമയം ഇന്ത്യക്കാരെ സഹായിക്കുന്ന വിജയകൃഷ്ണനെ പോലെ മറ്റൊരു ഉദ്യോഗസ്ഥനും മുൻപ് ഉണ്ടായിട്ടില്ലെന്നും അദ്ദേഹത്തിന്റെ സേവനം വിലമതിക്കാനാകാത്തതാണെന്നും പറഞ്ഞു.

കൈരളിടിവി ഡയറക്റ്റർ ജോസ് കാടാപുറം, ബീന കോത്താരി (GOPIO), ഫോമാ നേതാവ് തോമസ് ടി ഉമ്മൻ , ജോണി സക്കറിയ (പ്ര സിഡന്റ്, പയനിയർ ക്ലബ്), മനോഹർ തോമസ് (സർഗവേദി ), സിബി ഡേവിഡ് (കലാവേദി), ബിജു ചാക്കോ (വേൾഡ് മലയാലി കൗൺസിൽ),



കളത്തിൽ വർഗിസ്, കോശി തോമസ് ,മേരി ഫിലിപ്പ് , മാത്യു കുട്ടി ഈശോ എന്നിവർ കോൺസൽ വിജയകൃഷണൻ ഇന്ത്യൻ സമൂഹത്തിനു ചെയിത സഹായങ്ങൾ അനുസ്മരിച്ചു.

വിജയകൃഷ്ണൻ തന്റെ മറുപടി പ്രസംഗത്തിൽ കോൺസുലേറ്റിലെ ഉദ്യോഗസ്ഥർ എപ്പോഴും പരമാവധി എംബസിയിൽ എത്തുന്നവരെ സഹായിക്കാൻ ശ്രമിക്കാറുണ്ടെന്നു പറഞ്ഞു. താൻ വ്യക്തിപരമായി വളരെ സ്നേഹത്തോടെ പെരുമാറിയിട്ടുണ്ട്. ഏതു രാത്രിയിൽ ഫോൺ വിളിച്ചാലും സഹായിക്കാൻ ശ്രമിക്കാറുണ്ട് . ഗാന്ധിജിയെ പിന്തുടരുന്നു ഒരു വ്യക്തിയയാതു കൊണ്ടു ക്ഷമയും സ്നേഹവും കൈവിടാതെ സൂക്ഷിക്കും. വയലൻസ് എന്റെ മാർഗ്ഗമല്ലായെന്നു താൻ കരുതുന്നു- വിജയകൃഷ്ണൻ പറഞ്ഞു.

പ്രധാന ആഘോഷങ്ങൾ വരുമ്പോൾ ഇന്ത്യൻ സമൂഹം അങ്ങോട്ടും ഇങ്ങോട്ടും സ്റ്റേറ്റ് വ്യത്യാസ മില്ലാതെ പങ്കെടുക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു . എല്ലാ സഹകരണത്തിനും ന്യൂയോർക്കിലെ ഇന്ത്യൻ സമൂഹത്തിനോട് അദ്ദേഹം നന്ദി പറഞ്ഞു

കേരള സെന്റർ സെക്രട്ടറി രാജു തോമസ് എല്ലാവർക്കും ക്രിതജ്ഞത പറഞ്ഞു. ഡിന്നറോടെ പരിപാടികൾ സമാപിച്ചു



















# ഉമ്മൻ പി. എബ്രഹാമിന് ഡോക്ടറേറ്റ്



ന്യു യോർക്ക്: ഉമ്മൻ പി. എബ്രഹാമിന് എച്ച്ജെ. ഇന്റർനാഷണൽ ഗ്രാജുവേറ്റ് സ്ക്കൂൾ ഫോർ പീസ് ആന്റ് ലീഡർഷിപ്പിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു. ഡോ. പ്രൊഫ. ഡ്രിസ കോൺ, ഡോ. പ്രൊഫ. ജേക്കബ് ഡേവിഡ് എന്നിവരുടെ മേൽനോട്ടത്തിലാണ് ഗവേഷണം പൂർത്തിയാക്കിയത്. 'തിയോളജി എംഫസിസ് ഓൺ ഫാമിലി മിനിസ്റ്ററി ആന്റ് എഡ്യൂക്കേഷൻ' എന്നതായിരുന്നു ഗവേഷണ വിഷയം .

തോനയ്ക്കാട്-മാവേലിക്കര സ്വദേശിയായ ഉമ്മൻ പി.എബ്രഹാം ഓർഗാനിക്ക് കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം നേടി 1980 ൽ ഉന്നത വിദ്യാഭ്യാസത്തിനായി ന്യൂയോർക്കിൽ എത്തി. സോഫ്റ്റ് വേയർ എൻജിനീയറിങ്ങിൽ (കമ്പ്യൂട്ടർ സയൻസ്) മാസ്റ്റർ ബിരുദം നേടിയശേഷം 1986 മുതൽ അമേരിക്കയിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ അപ്ലിക്കേഷൻ ഡവലപ്മെന്റ് ഏരിയയിൽ ജോലിചെയ്യുന്നു. 2015 ൽ ഫ്രാൻസിസ്കൻ വൈദികർ തുടങ്ങിയ, ക്യൂൻസ് സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽ നിന്നും സിസ്റ്റമാറ്റിക് തിയോളജിയിൽ മാസ്റ്റർ ഡിഗ്രി കരസ്ഥമാക്കി.

ഡോ. ഉമ്മൻ പി.എബ്രഹാം, തോനയ്ക്കാട് പാലമൂട്ടിൽ കുന്നിനേത്ത് പോളകുന്നിൽ കുടുംബാംഗമാണ്.

ലഫ്റ്റന്റ് കെ.സി. എബ്രഹാം ഫൗണ്ടേഷൻ പ്രസിഡന്റ്, പാലമൂട്ടിൽ കുടുംബയോഗ സെക്രട്ടറി, എന്നീ നിലകളിലും സാമൂഹിക, സാംസ്കാരിക മേഖലകളിലും പ്രവർത്തിച്ചു വരുന്നു. സ്വപിതാവിന്റെ സ്മരണാർത്ഥം ധീരദേശാഭിമാനി ലെഫ്റ്റനന്റ് കെ.സി.എബ്രഹാം ഐ.എൻ.എ. എന്ന ജീവചരിത്രഗ്രന്ഥം (Historical Biography) 2018 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭാര്യ എൻജിനീയർ സൂസൻ ഓ. എബ്രഹാം മാവേലിക്കര പണിക്കരുവീട്ടിൽ കുടുംബാംഗം. മക്കൾ: എബ്രഹാം ഉമ്മൻ പി.യും വർഗീസ് ഉമ്മൻ പി.യും.

ഇ-മലയാളിക്ക് നൽകിയ അഭിമുഖത്തിൽ നിന്ന്

*സയൻസ് കൈകാര്യം ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെയാണ് തിയോളജിയിൽ താൽപര്യപരം വന്നത്?*

മാതാപിതാക്കളുടെ കൂടെ വളരുമ്പോൾ, ധാരാളം പ്രമുഖ വ്യക്തികൾ വീട്ടിൽ നിത്യം വന്നുപോകുമായിരുന്നു. കൂടുതൽ പേരും ക്രിസ്തീയ വിശ്വാസത്തിൽ ജീവിക്കുന്നവരുമായിരുന്നു. എന്നാൽ ഇവരിൽ മാതാവിന്റെ സഹോദരന്മാർ നോൺ തിയോളജിക്കൽ ഫീൽഡിൽ പ്രവർത്തിക്കുന്നവരായിരുന്നു. ഒരാൾ (കെ.ഓ.തോമസ്) കേരളത്തിൽ തന്നെ എക്സിക്യൂട്ടീവ് എൻജിനീയർ ആയി ജോലി ചെയ്യുന്ന വ്യക്തിയായിരുന്നു. രണ്ടാമത്തെ ആൾ (കെ.ഓ. ജോർജ്) എയർഫോഴ്സിൽ ഒരു ഓഫീസറും.

ഇവർ രണ്ടുപേർക്കും ബൈബിളിനെ കുറിച്ച് നല്ല അറിവ് ഉണ്ടായിരുന്നു. വി.വേദപുസ്തകത്തിലെ വചനം അനുസരിച്ച് ജീവിതം നയിച്ചവരുമായിരുന്നു. മൂന്നാമത് കുടുംബത്തിൽ നല്ല ബന്ധമുള്ള വ്യക്തി (പി.എ.ഉമ്മൻ) ഒരു ജഡ്ജി ആയിരുന്നു. ഇവർ മൂന്ന് പേരുടെയും തീഷ്ണതയു



ള്ള ക്രിസ്തീയ ജീവിതം (പ്രീച്ച് & റീച്ച് ദ പീപ്പിൾ) എന്നെ ചെറുപ്പത്തിലെ ആകർഷിച്ചിരുന്നു. അതിൽ കൂടുതലായി എന്റെ മാതാവിന്റെ (ചിന്നമ്മ ഏബ്രഹാം) ജീവിതവും സഭയുമായുള്ള ബന്ധവും സേവനവും എന്നെ ദൈവത്തെ കുറിച്ച് കൂടുതൽ അറിയണം എന്ന് ബോധവാനാക്കിയിരുന്നു ചെറുപ്പത്തിലെ തന്നെ.

ഇതുപോലെ തന്നെ ചെറുപ്പത്തിൽ സഭയിലെ എം.വി.ജോർജ് അച്ചൻ താമസിച്ചിരുന്നത് (പിന്നീട് ഗീവർഗീസ് മാർ ഒസ്താത്തിയോസ്) അമ്മയുടെ സഹോദരിയുടെ വീടിന്റെ അടുത്തുതന്നെയായിരുന്നു. ഇദ്ദേഹത്തിന്റെ ജീവിതരീതിയും, സംസാരവും മറ്റും ചെറുപ്പത്തിലെ എന്നെ ആകർഷിച്ചിരുന്നു. മാതൃസഹോദരിയുടെ കുടുംബവും എന്റെ വീടിന് രണ്ടര മൈലിനുള്ളിൽ തന്നെയായിരുന്നു. കൂടുതലായി സഭയിലെ അധികം പട്ടക്കാരും ശ്രേഷ്ഠ പുരോഹിതന്മാരുമായി മാതാപിതാക്കൾക്ക് അധികം അടുപ്പം ഉണ്ടായിരുന്നു.(ഉദാഹരണം കൊല്ലത്തെ മാത്യൂസ് മാർ കുറിലോസ് തിരുമേനി, ബഥനി ദയറായിലെ പൗലോസ് അച്ചൻ (പിൻകാലത്തു പൗലോസ് മാർ മക്കാറിയോസ്...)ചുരുക്കത്തിൽ മനസ്സിൽ ബൈബിളിനെകുറിച്ച് മതിപ്പും കൂടുതൽ അറിയണമെന്നും ചിന്തയുണ്ടായി.

എന്നാൽ ജീവിതത്തിൽ സയൻസ് വിഷയങ്ങൾ ഇഷ്ടമായതിനാൽ അതും പഠിച്ചുപോന്നു.

*ബർണബാസ് തിരുമേനിയും പി.എസ് . സാമുവൽ കോർ എപ്പിസ്കോപ്പയും ജീവിതത്തിൽ ചെലുത്തിയ സ്വാധീനം?*

ഇങ്ങനെയിരിക്കെ 1980 ൽ ഞാൻ അമേരിക്കയിൽ പഠിക്കുവാനെത്തി. പഠിത്തം കഴിഞ്ഞ് 1986 കളിൽ ഇവിടെ പഠിച്ച ഫീൽഡിൽ തന്നെ ജോലിയുമായി. എന്റെ മൂത്തസഹോദരൻ (മോഹൻ-അലക്സ് അബ്രഹാം) ഈ രാജ്യത്ത് പഠിക്കുവാനായി 1969 ൽ വന്നിരുന്നു. 1985-ൽ എന്റെ മാതാവ് ന്യൂയോർക്കിൽ എത്തി. അമ്മച്ചി 25 വർഷകാലത്തോളം സഭയിലെ സ്ത്രീ സമ്മേളനത്തിന്റെ സെക്രട്ടറി ആയി കൊല്ലം ഭദ്രാസനത്തിൽ സേവനം അനുഷ്ഠിച്ച വ്യക്തിയായിരുന്നു. ഈ സമയം ബർണബാസ് മെത്രാച്ചനായിരുന്നു, ഓർത്തഡോക്സ് സഭയിലെ സ്ത്രീ സമാജത്തിന്റെ ചുമതല വഹിച്ചത്. അങ്ങനെ അമ്മച്ചി 1985ൽ മാവേലിക്കരയിൽ നിന്ന് ന്യൂയോർക്കിൽ വന്ന സമയത്ത് തന്നെ, കേരളത്തിൽ നിന്ന് മാത്യൂസ് ബർണബാസ് തിരുമേനിയും ന്യൂയോർക്ക് സന്ദർശിക്കാനായി വന്നു. അങ്ങനെ തിരുമേനി അമ്മച്ചിയെ കാണുകയും, മൂത്ത സഹോദരനുമായും അമ്മയുടെ ചാർച്ചയിൽപ്പെട്ട ഡെന്റിസ്റ്റ് ഡോ. അലക്സാണ്ടർ തരകൻ അച്ചായനുമായും ബന്ധപ്പെടുകയും ചെയ്ത ശേഷം മൂന്നു നാലു മാസം കഴിഞ്ഞ് നാട്ടിലേക്ക് പോയി. ചുരുക്കത്തിൽ അമ്മച്ചിക്ക്, ബർണബാസ് തിരുമേനിയുടെ അമേരിക്കയിലേക്കുള്ള വരവും സാന്നിധ്യവും അധികം ഇഷ്ടപ്പെട്ടു. തിരുമേനി തിരികെ പോയതിൽ പ്രയാസവും ഉണ്ടായിരുന്നു.







തിരുമേനി പിന്നീട് അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതലയിൽ 1992 ൽ തിരികെ ക്യൂൻസ് ലോംഗ് ഐലണ്ടിൽ വന്നപ്പോൾ തന്നെ തിരുമേനി അമ്മച്ചിയെ വന്നു കാണുകയും പിന്നീട് കൂടെക്കൂടെ തിരുമേനിയെ ഞാൻ കോമൺ വെൽത്ത് ബിൽഡിങ്ങിലുള്ള തിരുമേനിയുടെ വാസസ്ഥലത്തുനിന്നു വീട്ടിൽ കൊണ്ടുവരുകയും പതിവായിരുന്നു. തിരുമേനി തിരികെ ഇന്ത്യയിൽ പോകുന്നിടം വരെ (2012) അത് തുടർന്നു . അങ്ങനെ തിരുമേനിയുമായി കൂടുതൽ അടുക്കുവാനും ചെറിയ തോതിൽ തിരുമേനിക്ക്, എന്ന മനസ്സിലാക്കുവാനും സാധിക്കുകയുണ്ടായി.

ഈ സമയങ്ങളിൽ പി.എസ്. സാമുവേൽ അച്ചൻ, നൈജീരിയയിൽ നിന്ന്








ന്യൂയോർക്കിൽ എത്തിയിരുന്നു. എന്റെ രണ്ട് അമ്മാച്ചന്മാരേയും (മുകളിൽ പറഞ്ഞ) ജഡ്ജി പി.എ.ഉമ്മൻ അപ്പച്ചനേയും അദ്ദേഹം നന്നായി അറിയുമായിരുന്നു. അങ്ങനെ പി.എസ്. സാമുവേൽ അച്ചനും വീടിന്റെ ഒരു ഭാഗമായി. അച്ചൻ വീടിന്റെ അടുത്ത് തന്നെയായിരുന്നു താമസ്സവും. ബർണബാസ് തിരുമേനിയും പി.എസ്. സാമുവേൽ അച്ചനും ചെറുപ്പത്തിൽ പഠിച്ചിരുന്ന കാലത്ത് ഒരുമിച്ച് രണ്ടു മൂന്നു വർഷം മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ പഠിച്ചവരായിരുന്നു.

ബർണബാസ് തിരുമേനി കൂടെകൂടെ പറയുമായിരുന്നു. എന്നോട് താൻ തിയോളജി പഠിക്കുവാൻ. 2008 കളിൽ നിർബന്ധിച്ച് പറയുവാൻ തുടങ്ങി. അങ്ങനെ ബർണബാസ് തിരുമേനിയും പി.എസ്. സാമുവൽ കോർ എപ്പിസ്കോപ്പയും കൂടി എന്നെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽ ചേർന്ന് പഠിക്കുവാനായി പ്രേരിപ്പിച്ചു. 2010 ൽ പഠിക്കുവാൻ തുടങ്ങി. എന്നാൽ ഗ്രാജുവേറ്റ് ചെയ്ത സമയത്ത് തിരുമേനി നാട്ടിൽ പോയി കാലം ചെയ്തു കഴിഞ്ഞു. അത് വലിയ പ്രയാസം ഉണ്ടാക്കി. എന്നാൽ പി.എസ്. സാമുവൽ അച്ചൻ കൂടുതൽ പഠിക്കണമെന്ന് എപ്പോഴും എന്നെ നിർബന്ധിക്കുമായിരുന്നു. ആ നിർബന്ധത്തിന്റെ ഫലവും എനിക്ക് പ്രിയമായ വിഷയവും ആയതിനാൽ മുന്നോട്ട് പഠിക്കുവാൻ നിശ്ചയിച്ചു. അങ്ങനെ ഇന്നത്തെ ലെവലിൽ എത്തുവാൻ സാധിച്ചു.





ഈ വർഷത്തിനിടയിൽ സഭയിൽ ചേർന്ന് നിൽക്കുവാനും അന്നത്തെ പട്ടക്കാരുമായി വളരെ അടുത്ത് പ്രവർത്തിക്കുവാനും സാധിച്ചിട്ടുണ്ട്.

*താങ്കൾ ഇപ്പോഴും ജോലി ചെയ്യുന്നുണ്ടോ അതോ റിട്ടയർ ചെയ്തോ?*

ഇന്നും മുഴുവൻ സമയവും കമ്പ്യൂട്ടർ സോഫ്റ്റ് വെയർ അപ്ലിക്കേഷൻ ഡെവലപ്മെന്റ് ഏരിയായിൽ ജോലി ചെയ്തു പോരുന്നു. അധികം താമസ്സിയാതെ ജോലി വിട്ട്, ആത്മീയ കാര്യങ്ങളിൽ കൂടുതൽ സമയം ചെലവഴിച്ച് ജീവിക്കണം എന്നാശിക്കുന്നു.

*പിതാവ് ധീരദേശാഭിമാനി ലെഫ്റ്റനന്റ് കെ.സി.ഏബ്രഹാമിനെപ്പറ്റി ഒരു ലഘുവിവരണം തരാമോ?*

പിതാവ് പഠിക്കുവാനായി തിരുവനന്തപുരത്ത് അന്ന് കുടുംബമായി താമസിച്ച സഹോദരിയുടെ (റേച്ചൽ & ചന്ദനപ്പള്ളിൽ വറുഗീസ്, പാളയം-തിരുവനന്തപുരം) കൂടെയായിരുന്നു. പിതാവ് നല്ല സ്പോർട്സ് കാരനായതിനാൽ ചിത്തിര തിരുന്നാൾ മഹാരാജാവിന്റെ സഹോദരി ഭർത്താവായ ഗോദവർമ്മ രാജയുമായി വളരെ നല്ല അടുപ്പത്തിലും . സ്പോർട്സിൽ ജി.വി.രാജയെ പിതാവും അനിന്തരവനായ ക്യാപ്റ്റൻ ജോഷുവ വർഗീസും സഹായിച്ചിരുന്നു.

1930 കളിൽ പിതാവ് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് രാഷ്ട്രീയാസ്വാസ്ഥ്യത്തിന്റെ കനലിടമായി മാറുകയായിരുന്നു തിരുവിതാംകൂർ. സ്റ്റേറ്റ് കോൺഗ്രസ്സ് സർ സി.പി.ക്കെതിരെ കടുത്ത നിലപാട് എടുത്തു. ഇദ്ദേഹത്തിന്റെ ഹിതപ്രകാരം ബ്രിട്ടീഷ് സൈന്യം കൂടുതലായി തിരുവിതാംകൂറിലേക്ക് പ്രവേശിക്കുവാനുള്ള സാഹചര്യം ഒരുക്കി. പട്ടാള വണ്ടികളുടെ യാത്ര തടസ്സപ്പെടുത്തുന്നതിനായി വൻമരങ്ങൾ വെട്ടി റോഡിലിട്ട് ഗതാഗതതടസ്സം സൃഷ്ടിച്ചു. ഈ സംഭവത്തെ തടിവെട്ട് കേസ്സ് എന്ന് വിളിച്ചിരുന്നു. പിതാവ് ഈ കേസ്സിൽ മുൻനിരയിലായിരുന്നു


Vote For FOKANA
Dream Team 2024 - 2026
A TEAM WITH NEW VISION & DIRECTION
SAJIMON ANTONY
MILLY PHILIP
VOTE FOR
MILLY
PHILIP
for
FOKANA
ADDI. ASSO.
TREASURER
"Together We Are Stronger"
ഫൊക്കാനയ്ക്ക് പുതിയ പ്രൊഫഷണൽ മുഖം

# ഫോമാ സൺഷൈൻ റീജിയനിൽ നിന്നും നാഷണൽ കമ്മറ്റി മെമ്പറായി സുനിതാ മേനോൻ മത്സരിക്കുന്നു

ജാക്ക്സൺവിൽ, ഫ്ലോറിഡാ: അനുകമ്പയോടെയുള്ള സാമൂഹിക സേവനം എന്ന മുദ്രാവാക്യവുമായി ഫോമാ സൺഷൈൻ റീജിയനിൽ നിന്നും നാഷണൽ കമ്മറ്റി മെമ്പറായി മിസ് സുനിതാ മേനോൻ മത്സരിക്കുന്നു. നേരത്തെ മലയാളീ അസോസിയേഷൻ ഓഫ് നോർത്ത് ഫ്ലോറിഡാ (ങഅചഎഅ) എക്സിക്യൂട്ടീവ് കമ്മറ്റി സുനിതാ മേനോനെ ഐക്യകണ്ഠ്യേന നോമിനേറ്റ് ചെയ്തിരുന്നു.



മനോഫയുടെ കലാസാംസ്കാരിക രംഗങ്ങളിലെ നിറസാന്നിധ്യവും, ഏത് ചുമതലകൾ ഏറ്റെടുത്താലും ഏറെ ഉത്തരവാദിത്വത്തോടും, കർമ്മനിരതയോടും വിജയപ്രാപ്തിയിലെത്തിക്കുന്ന സുനിതാ മേനോൻ എന്തുകൊണ്ടും ഫോമാ സൺഷൈൻ റീജിയന്റെ പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടായിരിക്കുമെന്നു പ്രസിഡന്റ് ലിൻസ് ജേക്കബ് പറയുകയുണ്ടായി . 2023 ലെ മനോഫയുടെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചു . ഇപ്പോൾ ഫോമാ സൺഷൈൻ റീജിയൻ വുമൺസ് ഫോറം സെക്രട്ടറി ആയി പ്രവർത്തിക്കുന്നു. അതോടൊപ്പം നാഷണൽ ഇന്ത്യൻ നേഴ്സ് പ്രാക്റ്റീഷണേഴ്സ് അസോസിയേഷൻ സെക്രട്ടറി ആയും, പ്രമുഖ മെഡിക്കൽ ഗ്രൂപ്പിൽ നേഴ്സ് പ്രാക്റ്റീഷണറായും ജോലി ചെയ്തുവരുന്നു.

കോംപ്ലീറ്റ് കണക്റ്റഡ്കെയർ ടെലിഹെൽത്ത് സ്ഥാപന ഉടമയും സ്ഥാപകയുമാണ്. കെഎച്ച്എൻഎ ദേശീയ കൺവെൻഷൻ ഫ്ലോറിഡ ചെയർ ആയും പ്രവർത്തിക്കുന്നു

'സമൂഹത്തെ സേവിക്കുക, അനുകമ്പയോടെ നയിക്കുക,' എന്ന ലക്ഷ്യത്തോടെയാണ് സുനിതാ മേനോന്റെ പ്രവർത്തനങ്ങൾ.

# സതീശൻ നായർ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്റർ പ്രസിഡന്റ്

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യു.എസ്.എ കേരള ഘടകം പ്രസിഡന്റായി സതീശൻ നായരെ തെരഞ്ഞെടുത്തു. കഴിഞ്ഞ ഇരുപത്തഞ്ച് വർഷക്കാലമായി ഐ.ഒ.സിയിൽ സജീവ സാന്നിധ്യമാണ് സതീശൻ നായർ.

ഐ.ഒ.സിയുടെ ചിക്കാഗോ ചാപ്റ്ററിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായും, പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു. ഐ.ഒ.സിയുടെ പ്രവർത്തനങ്ങൾ അമേരിക്കയിൽ ഏകോപിപ്പിക്കുന്നതിനായി കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി അദ്ദേഹം പ്രവർത്തിച്ചുവരുന്നു. സ്കൂൾ, കോളജ് കാലഘട്ടങ്ങളിൽ കെ.എസ്.യുവിലും യൂത്ത് കോൺഗ്രസിലും സജീവസാന്നിധ്യമായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥതയോടെ തനതായ ശൈലിയിൽ എല്ലായ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

എൻ.എഫ്.ഐ.എ, കെ.എച്ച്.എൻ.എ, ഫൊക്കാന തുടങ്ങിയ ദേശീയ സംഘടനകളിലും, എഫ്.ഐ.എ, മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ, നായർ അസോസിയേഷൻ, ഓംകാരം, കരുണ ഫൗണ്ടേഷൻ തുടങ്ങിയ പ്രാദേശിക സംഘടനകളിലും പ്രവർത്തിച്ചുവരുന്നു.

ഐ.ഒ.സി കേരളാ ഘടകത്തിന്റെ പ്രവർത്തനങ്ങൾ ഏകീകരിച്ച് ശക്തിപ്പെടുത്തുമെന്നും, കൂടാതെ ഇപ്പോഴുള്ള പന്ത്രണ്ട് ചാപ്റ്ററുകളിലെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.


സതീശൻ നായരുടെ പ്രവർത്തനങ്ങൾ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തട്ടെയെന്നും, അദ്ദേഹത്തിന്റെ മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സാം പിട്രോഡ, എ.കെ. ആന്റണി, രമേശ് ചെന്നിത്തല, ജോർജ് ഏബ്രഹാം, മൊഹീന്ദർ സിങ്, ഹർബജൻ സിങ്, തോമസ് മാത്യു, ലീലാ



മാരേട്ട്, സന്തോഷ് നായർ തുടങ്ങിയവർ ആശംസകൾ നേർന്നു.

സജി കരിമ്പന്നൂർ ഒരു പത്രക്കുറിപ്പിലൂടെ അറിയിച്ചതാണ്.

# കെ.എസ്.ആർ.ടി.സിക്ക് എഴുതിയ കുറിപ്പ് ഫലം കണ്ടു ;
## മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടു



സ്ത്രീകളുടെ രാത്രിയാത്ര സംബന്ധിച്ചു ഇന്ദു മേനോൻ എഴുതിയ കുറിപ്പ് (https://emalayalee.com/vartha/317544) കൈരളി ടിവി യു.എസ് . എ ഡയറക്ടർ ജോസ് കാടാപ്പുറം മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ഫോർവേർഡ് ചെയ്തു. കയ്യോടെ മുഖ്യമന്ത്രിയുടെ ഓഫീസ് അത് ഗതാഗതമന്ത്രിയുടെ ഓഫീസിലേക്ക് നടപടികളെടുക്കാൻ നിർദേശിച്ച് അയച്ചു.

അതിനു മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള മറുപടിയിൽ കാര്യങ്ങൾ വ്യക്തമായി പറഞ്ഞിരിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസ് ആണ് ഇക്കാര്യം അറിയിച്ചതെന്നും അന്വേഷിച്ചു വേണ്ട നടപടിയെടുക്കാൻ കെ.എസ് . ആർ.ടി.സി ചെയർമാനും മാനേജിംഗ് ഡയറക്ടർക്കും നിർദേശം മ നൽകിയിട്ടുണ്ടെന്നും ഗതാഗത മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി അറിയിച്ചു. ഇക്കാര്യം ഇന്ദു മേനോനെയും അറിയിച്ചു.

മുഖ്യമന്ത്രി ശൈലി മാറ്റണമെന്നു പറയുമ്പോഴും കയ്യോടെ തീരുമാനം എടുക്കുന്ന ഈ ശൈലി തുടരട്ടെ. അത് ജനങ്ങൾക്ക് ഏറെ ഉപകാരമാണ്. സാധാരണ ഒരു പരാതി അയച്ചാൽ കിട്ടുന്ന മറുപടി ഇപ്രകാരമല്ലെന്നു മാലോകർക്ക് എല്ലാം അറിയാം. 'നിങ്ങളുടെ പരാതി കിട്ടി. തുടർ നടപടിക്കായി ഇന്നാർക്ക് അയച്ചു' എന്നൊരു കൈകഴുകൽ അഥവാ ഒഴുക്കൻ മറുപടിയാണ് ജനത്തിന് പരിചയം. നടപടി എടുക്കണമെന്നു പറയാനും അത് എടുത്തോ എന്ന് ഉറപ്പു വരുത്താനുമുള്ള ഉറപ്പുള്ള ശൈലി തന്നെയാണ് വേണ്ടത് .

ബസ് സ്റ്റാൻഡിലെ കടകളിലും അത്യാവശ്യം മരുന്നും സാനിറ്ററി പാഡ് പോലെയുള്ള വസ്തുക്കളും വിൽക്കാൻ വയ്ക്കണമെന്ന് കെ.എസ് . ആർ.ടി.സി ഉത്തരവിട്ടാൽ പ്രധാനപ്പെട്ട ഒരു പ്രശ്നത്തിന് പരിഹാരമാകും. മറ്റുള്ളവ പരിഹരിക്കാൻ ഉത്തരവ് പോലും വേണ്ട. ജീവനക്കാരുടെ ഉത്തരവാദിത്തബോധവും ആത്മാർത്ഥതയും തന്നെ മതി.

കെ. എസ്. ആർ .ടി.സി. ദ്രോഹങ്ങൾ : ഇന്ദു മേനോൻ

പ്രിയമുള്ളവരെ KSRTC ഗുണം പിടിക്കാത്തത് മറ്റൊന്നും കൊണ്ടല്ല, ഇത്രയും കെടുകാര്യമായ ഒരു ബസ് സർവീസ് ഞാനെൻറെ ജീവിതത്തിൽ കണ്ടിട്ടില്ല. 10. 40ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും കയറേണ്ട ബസ് ഇതുവരെയും വന്നില്ല. നേരം രണ്ടു മണിക്കൂറോ മൂന്നു മണിക്കൂറോ വൈകുമെങ്കിൽ ഒന്ന് വിളിച്ചു പറയേണ്ടേ? ആ മര്യാദ ഇല്ല. ഇപ്പോൾ വണ്ടി കോഴിക്കോട് എത്തി എന്ന് പറയുന്നു. അവിടുന്ന് എനിക്ക് അറിയില്ല. രാമനാട്ടുകരയിൽ ഒന്ന് നിർത്തി തരുമോ എന്ന് ചോദിച്ചപ്പോൾ ലോകത്തില്ലാത്ത നിയമം പറഞ്ഞ ടീംസ് ആണ്. അപ്പോൾ വിളിച്ചപ്പോഴെങ്കിലും പറയാനുണ്ട് ഞങ്ങൾ രണ്ടുമണിക്കൂർ മൂന്നുമണിക്കൂർ ലേറ്റാണ് എന്ന്.

ഒറ്റയ്ക്ക് 5 തെരുവ് പട്ടികളും ഉണ്ട്. ഞാനുണ്ട്. ഇടയ്ക്കിടെ ഒറ്റയ്ക്കും യാത്രക്കാർ വന്നു പോകുന്നുണ്ട്. യൂണിവേഴ്സിറ്റി ബസ്സ്റ്റാൻഡിൽ എല്ലാം എവിടെയും ഒരു ചെറിയ ബൾബ് പോലും വയ്ക്കാതിരിക്കാൻ അധികൃതർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

എന്നെ പട്ടി കടിക്കുകയോ മനുഷ്യന്മാർ ഉപദ്രവിക്കുകയോ എനിക്ക് എന്തെങ്കിലും തരത്തിലുള്ള അപകടം ഈ രാത്രിയിൽ സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം എൻറെ കുടുംബത്തിന് കെഎസ്ആർടിസി കൊടുക്കേണ്ടതാണ്.

ബാക്കിയുള്ള ബസ് സർവീസുകാരെല്ലാം നേരം വൈകുമ്പോൾ വിളിച്ചു പറയാറുണ്ട്.

ഒരു മര്യാദ ഇല്ലാത്ത ആളുകൾ ഇവർക്ക് ശമ്പളം കൊടുക്കുന്ന ടെൻഷൻ കൊടുക്കുന്നതും തടസ്സപ്പെടുന്നത് വെറുതെയല്ല.ഇത്ര ചെറുതായ ഒരു സർക്കാർ വകുപ്പ് ഇത്ര വർഷ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല.

ആനവണ്ടി അല്ല ആളെ പറ്റിക്കുന്ന വണ്ടിയാണ്.

രാത്രി 10.40 കാലിക്കറ്റ് യൂണിവേഴ്സിറ്റി ബസ്റ്റോപ്പിൽ വരെണ്ട ഗടഞാഉ വണ്ടി 12. 40 കഴിഞ്ഞപ്പോൾ എത്തി.

അതുവരെയുള്ള സമയം ഒരു മനുഷ്യജീവിയും ഇല്ലാതെ ഒരു ചെറിയ ബൾബിന്റെ

**വലിയ വലിയ ലോറികൾ (കൺസ്ട്രക്ഷൻ സൈറ്റ് ലേക്ക് ഉള്ള തരം) വരുന്നുണ്ടായിരുന്നു. ഡ്രൈവർമാർ വണ്ടി ഒതുക്കി എത്തിയും ഹോയ് ഹോയ് എന്ന് വിളിച്ചു. മറ്റ് ചിലപ്പോൾ സൈഡിൽ ഇരിക്കുന്നവൻ തല പുറത്തേക്ക് ഇട്ടു**

**ചേച്ചി ചേച്ചി എന്ന് വിളിച്ചു 'എത്രയാ '? എത്രയാന്നോ? ആദ്യത്തെ രണ്ട് സെക്കൻഡ് ചോദ്യം മനസ്സിലായില്ല പിന്നെ മനസ്സിലായപ്പോൾ ഞാൻ കാലിലെ ചെരുപ്പ് ഊരി കാണിച്ചു. അടുത്തത് കാറുകാരും ബൈക്കുകാരുമാളണ്. വരുന്നോ ? പോരുന്നോ? എത്രയാ? മുറിയുണ്ട് അടുത്തുതന്നെ ഉണ്ട്. പൈസ ഉണ്ട് അടിക്കണോ ?**

**അഞ്ചോ പത്തോ അല്ല അതിലധികം. ഒറ്റക്കിരുട്ടിൽ ബസ്സ്റ്റാൻഡിൽ ഒരു സ്ത്രീ രാത്രി നിന്നാൽ ഒറ്റ അർത്ഥമേ ഉള്ളൂ. അവളെ കാശു കൊടുത്താൽ ആർക്കും ലഭ്യമാകും.**

വെട്ടമില്ലാതെ കുറ്റിരുട്ടിൽ, യൂണിവേഴ്സിറ്റി ബസ് സ്റ്റോപ്പിൽ പരസ്പരം കടിപിടി കൂടുന്ന രണ്ട് പട്ടികൾക്കൊപ്പം ചകിതമായിരുന്നു.

നല്ല മഴ പെയ്തു തുടങ്ങിയപ്പോൾ പട്ടികൾ ബസ്സ്റ്റാൻഡിലേക്ക് കയറി നിന്നു എൻറെ അടുത്ത് വന്ന് എന്നെ മണത്തു നോക്കി. ഭാഗ്യത്തിന് കുരച്ചില്ല. എൻറെ കാലുകൾക്ക് എപ്പോഴും നായ്ക്കളുടെ മണമുണ്ട്. ടിങ്കുവും താമരയും തക്കുടുവും നക്കി നക്കി ഉമ്മ വച്ച് അവരുടെ അവശേഷിപ്പിച്ച ആ മണം കിട്ടുമ്പോൾ എനിക്ക് നേരെ കുരയ്ക്കാറില്ല.

നായവിധ മണമുള്ള ഏതോ ഒരു ചേച്ചി എന്നവർ എന്നെ അനുതാപപൂർവ്വം നോക്കി.

വലിയ വലിയ ലോറികൾ (കൺസ്ട്രക്ഷൻ സൈറ്റ് ലേക്ക് ഉള്ള തരം) വരുന്നുണ്ടായിരുന്നു. ഡ്രൈവർമാർ വണ്ടി ഒതുക്കി എത്തിയും ഹോയ് ഹോയ് എന്ന് വിളിച്ചു. മറ്റ് ചിലപ്പോൾ സൈഡിൽ ഇരിക്കുന്നവൻ തല പുറത്തേക്ക് ഇട്ടു

ചേച്ചി ചേച്ചി എന്ന് വിളിച്ചു

'എത്രയാ '?

എത്രയാന്നോ? ആദ്യത്തെ രണ്ട് സെക്കൻഡ് ചോദ്യം മനസ്സിലായില്ല പിന്നെ മനസ്സിലായപ്പോൾ ഞാൻ കാലിലെ ചെരുപ്പ് ഊരി കാണിച്ചു.

അടുത്തത് കാറുകാരും ബൈക്കുകാരുമാളണ്. വരുന്നോ ? പോരുന്നോ? എത്രയാ? മുറിയുണ്ട് അടുത്തുതന്നെ ഉണ്ട്. പൈസ ഉണ്ട് അടിക്കണോ ?

അഞ്ചോ പത്തോ അല്ല അതിലധികം. ഒറ്റക്കിരുട്ടിൽ ബസ്സ്റ്റാൻഡിൽ ഒരു സ്ത്രീ രാത്രി നിന്നാൽ ഒറ്റ അർത്ഥമേ ഉള്ളൂ. അവളെ കാശു കൊടുത്താൽ ആർക്കും ലഭ്യമാകും.

കുറച്ചു കഴിഞ്ഞപ്പോൾ ഒരു യാത്രക്കാരൻ കൂടി അവിടെ വന്നു നിന്നു.


എവിടേക്കാണ് പോകുന്നത് എന്ന് ചോദിച്ചു

പേടി തോന്നിയപ്പോൾ തന്നെ ഓഫീസിന്റെ കാർഡ് എടുത്ത് കഴുത്തിലിട്ട ഞാൻ വിജിലൻസ് ആടാ വിജിലൻസ് എന്നപോലെ അയാളെ തുറിച്ച് നോക്കി

കേസന്വേഷണത്തിന് പോവുകയാണ് എന്ന് പറഞ്ഞു. നായക്കുട്ടികൾ അയാളെ നോക്കിക്കൊരയ്ക്കാൻ തുടങ്ങി.

നായയെ പേടിച്ചോ ഞാൻ പറഞ്ഞത് വിശ്വസിച്ചോ? അയാൾ പെട്ടെന്നിറങ്ങി. കുറച്ചപ്പുറത്ത് നിർത്തിയിട്ട കാറ് ഞാനപ്പോഴാണ് കണ്ടത്.

ഫോണിലെ ബാറ്ററി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇരിക്കുന്ന സ്ഥലം ഒട്ടും സുരക്ഷിതമല്ല പുറകിൽ വിശാലമായ കാടാണ്. അവിടെ നിന്നും ആരെങ്കിലും വന്നു പുറകിൽ നിന്നും മൂക്കും വായയും പൊത്തിപ്പിടിച്ചാൽ അതുമതി.




എവിടെയെത്തി? എവിടെ എത്തി? എന്ന് വിളിച്ചു ചോദിക്കുമ്പോൾ മീഞ്ചന്ത എത്തി ചെറുവണ്ണൂർ എത്തി എന്നെല്ലാം മറുപടികൾ കിട്ടിക്കൊണ്ടിരുന്നു.10 കിലോമീറ്റർ അപ്പുറത്തുള്ള മീഞ്ചന്തയിൽ നിന്നും യൂണിവേഴ്സിറ്റിയിൽ എത്താൻ 48 മിനിറ്റ്. റോഡിൽ ബ്ലോക്ക് ഒന്നും ഗൂഗിൾ മാപ്പ് കാണിച്ചിട്ടുമില്ല.

എന്തായാലും ഒടുവിൽ ദുരിത ബസ് വന്നു. ഞാൻ കരുതി എന്റെ ദുരിതം അതോടെ തീർന്നു വെന്ന്. എന്നാൽ അത് ആരംഭിക്കുവാൻ പോകുന്നതേ ണ്ടായിരുന്നുള്ളൂ.

എൻറെ മനസ്സ് വളരെ ശക്തിയുള്ളതും എന്ത് പ്രശ്നത്തെയും നേരിടാൻ ആർജ്ജവമായതുമായിരുന്നു. എങ്കിലും ഇത്രയും അധികം ആളുകൾ ഇങ്ങോട്ട് കയറിവന്ന് ഇങ്ങനെ പറയാൻ ശ്രമിച്ചത് എന്റെ ആത്മവിശ്വാസത്തെ ഇല്ലാതാക്കി കളഞ്ഞു. ഒരു മദ്യപനവും മയക്കുമരുന്നുകാരനും ഞാൻ നോ പറഞ്ഞാൽ തിരിച്ചറിയാനുള്ള യുക്തിയുണ്ടാകുമോ എന്ന ആന്തരികമായ ഒരു ഭയം എന്നതിയെ ചൂഴ്ന്നു കൊണ്ടിരുന്നു. ഞാനിരിക്കുന്ന പാലമരത്തിന്റെ ചുവട്ടിൽ നേർത്ത പാലപ്പൂവുകളുടെ മണം ഒഴുകി വരുന്നതായി തോന്നി. കുറ്റം പറയരുതല്ലോ ബസ്സ്റ്റോപ്പിലേക്ക് പെരുച്ചാഴികൾ കയറി വന്നു. യക്ഷിയും ഭൂതവും എപ്പം വരുമെന്നു ഞാൻ കൗതുകപ്പെട്ടു.

എൻറെ രോഗാതുരമായ ഹൃദയം പടപടാ ഇടിച്ചു. എനിക്ക് പാൽപ്പിറ്റേഷൻ അനുഭവപ്പെട്ടു. മുട്ടുകൾ ദുർബലമായി വിറച്ചു കൊണ്ടിരുന്നു. പ്രത്യാക്രമണത്തിനായി ഒരു കുട പോലും കയ്യിൽ ഇല്ലാത്തത് എന്നെ ചെറുതായി ഒന്നുമല്ല ആശങ്കപ്പെടുത്തിയത്. പെപ്പർ

**മുതിർന്ന ഒരു സ്ത്രീ തന്റെ ആർത്തവ ദിനങ്ങളെ അറിയാതെ പൊതുഇടത്തിൽ പ്രത്യക്ഷയായത് എത്ര പരിഹാസ്യമെന്ന് കരച്ചിലോടെ ഓർത്തു. കടുത്ത അപമാനത്തെ, അശ്ലീലമായ പുരുഷ നോട്ടങ്ങളെ എങ്ങനെ രക്ഷപ്പെടാൻ എന്ന് ഞാൻ വേപഥുവോടെ ഉഴന്നു**




സ്പ്രേ വാങ്ങാത്ത ബുദ്ധിയെ ഞാൻ പ്രാകി.

ബസ്സിനകത്ത് എല്ലാവരും ഉറക്കമായിരുന്നു. എൻറെ ശരീരം അതിൻറെ മിടുപ്പുകൾ നിർത്താൻ കൂട്ടാക്കിയില്ല. ആശ്വാസത്തിന് പകരം ആകുലത വർദ്ധിച്ചു. എപ്പോഴത്തെയും പോലെ അമിതമായ സ്ട്രെസ് ടെൻഷൻ കാരണം പത്തോ പന്ത്രണ്ടോ ദിവസങ്ങൾക്ക് മുന്നേയായി ഉടൽ രക്തസ്നാതമായി. തൃശ്ശൂരിലെ കെ എസ്ആർടിസി ബസ് സ്റ്റേഷനിൽ നിന്നും ഓരോ കടകളിലും കയറി സാനിറ്ററി പാടുകൾ ഉണ്ടോ ഉണ്ടോ എന്ന് ഞാൻ കെഞ്ചികൊണ്ടിരുന്നു. അവസാനത്തെ പാഡുകളും വിറ്റ് തീർത്തു എന്ന് കടക്കാരൻ നിസ്സാരമായി പറഞ്ഞു.

കാലടി, എറണാകുളം, മൂവാറ്റുപുഴ കോട്ടയം ഒരു കെഎസ്ആർടിസി ബസ് സ്റ്റേഷൻ പോലും പെൺ സൗഹൃദ കാരിയായിരുന്നില്ല. എല്ലാ കടക്കാരനും ഒരു സാമൂഹ്യഉത്തരവാദിത്വം എന്ന നിലയിൽ എങ്കിലും ഒരു സാനിറ്ററി പാഡ് വാങ്ങിച്ചു വെക്കാവുന്നതല്ലേ ഉള്ളൂ എന്ന് ഞാൻ നിസ്സഹായമായി ഓർത്തു. ബസ്സിലെ, സ്റ്റാൻഡിലെ ഓരോ സ്ത്രീയോടും ഒരു പാഡിൻറെ സാധ്യതയെപ്പറ്റി ആരാഞ്ഞു. മെൻസ് ചറൽ കപ്പുകളുടെ കാലത്ത് അവർ ആരും തന്നെ പാഡുകൾ സൂക്ഷിക്കുന്നുണ്ടായിരുന്നില്ല.

മുതിർന്ന ഒരു സ്ത്രീ തന്റെ ആർത്തവ ദിനങ്ങളെ അറിയാതെ പൊതുഇടത്തിൽ പ്രത്യക്ഷയായത് എത്ര പരിഹാസ്യമെന്ന് കരച്ചിലോടെ ഓർത്തു. കടുത്ത അപമാനത്തെ, അശ്ലീലമായ പുരുഷ നോട്ടങ്ങളെ എങ്ങനെ രക്ഷപ്പെടാൻ എന്ന് ഞാൻ വേപഥുവോടെ ഉഴന്നു

കയ്യിൽ ഒരു പുതപ്പ് ഉണ്ടായിരുന്നു. അത് വച്ച് എന്തെങ്കിലും ചെയ്യാനുള്ള ഒരു സാധ്യത മാത്രമേ എന്റെ കയ്യിലുണ്ടായിരുന്നുള്ളൂ. വരുന്നതു വരട്ടെ എന്ന് കരുതി. സിനിമയിലും മറ്റും മേൽക്കോട്ടുകൾ ചുറ്റും ചുറ്റുന്നത് പോലെ പുതപ്പു മടക്കി ചുറ്റുന്നതിന്റെ സാധ്യതയെ കുറിച്ചാണ് ഞാൻ ആലോചിച്ചത്.

ലജ്ജാകരമായ ഈ അവസ്ഥയിൽ ഉറക്കം വന്നില്ല. ഇന്നലെ രാത്രിയാകട്ടെ ആകെ 3 മണിക്കൂറാണ് എനിക്ക് ഉറങ്ങാൻ കഴിഞ്ഞത് ഉച്ചയ്ക്കും ഉറങ്ങാൻ കഴിഞ്ഞില്ല.

മൂവാറ്റുപുഴ കഴിഞ്ഞപ്പോൾ ഞാൻ ക്ഷീണിച്ച് ഉറങ്ങി. 5 -10 ഓ മിനുട്ട് മാത്രം. പുറത്തെ മഴ മുഖത്ത് ശറ ശറ പെയ്തപ്പോൾ ഞാൻ കിടുങ്ങിപ്പോയി.

യൂണിവേഴ്സിറ്റി ബസ്റ്റോപ്പിൽ ഞാനു റങ്ങിയെന്നും മഴ നനയുന്നെന്നും ഭയപ്പെട്ടു. എന്നാൽ ഞാൻ ബസ്സിൽ തന്നെയായിരുന്നു. എന്റെ ആറാം നമ്പർ സീറ്റിൽ. ഗടങ്ങളെ യുടെ മേൽപ്പുര ചോർന്ന് വെള്ളം ചിതറുന്നതാണ്. എന്തു ചെയ്യും?

വേർ ഈസ് മൈ ട്രെയിൻ നോക്കിയപ്പോൾ 6. 57 ടൈം തിരുവല്ലയിൽ നിന്നുണ്ട് എന്ന് കണ്ടു. ഇത്രയധികം കാശുകൊടുത്ത് ഈ ബസ്സിൽ ടിക്കറ്റ് എടുത്ത് മഴ മുഖത്ത് വീണ് പോകേണ്ട അവസ്ഥ എനിക്ക് അസഹനീയമായിരുന്നു. സാനിറ്ററി പാഡ് ഇല്ലാത്ത അവസ്ഥ അതിലേറെ ശോചനീയം തിരുവല്ല ഇറങ്ങി ഫാർമസിയിൽ കയറി സാനിറ്ററി പാഡ് വാങ്ങുന്നു അതേ ഓട്ടോയിൽ റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്നു ടിക്കറ്റ് എല്ലാം ഓൺലൈൻ എടുത്തു.

പാപി ചെന്നിടം പാതാളം.6. 57 ന് എത്തിയിട്ടും മൂന്നാം പ്ലാറ്റ് ഫോമിലേക്ക് കയറാൻ പറ്റാത്തതുകൊണ്ട് ട്രെയിൻ പോകുന്നത് നോക്കി നിന്നു. അടുത്ത ട്രെയിൻ എട്ടുമണിക്കാണ് '

സാരമില്ലെന്ന് ആശ്വസിച്ചു. ഈ മരണ കാലത്ത് ഇതൊക്കെ നിസ്സാരം.എസിയും മഴയും കൊണ്ട് തൊണ്ട മുഴുവൻ വേദന തുടങ്ങിയിരുന്നു. ആർത്തവ സംബന്ധിയാ വേദനയും

8 മണിയുടെ തീവണ്ടി കിട്ടി. രണ്ടുമണിക്കൂർ കൊണ്ട് ഈ തീവണ്ടി കൊല്ലത്തെത്തും

KSRTC യ്ക്ക് ഗുണം പിടിക്കട്ടെ എന്ന് കരുതി 925 രൂപ കൊടുത്ത ഞാൻ വിഡ്ഢി

KSRTCയോട് ചില അപേക്ഷകൾ

1. ബസ്സ് ലേറ്റ് ആണെങ്കിൽ അത് എസ് എംഎസ് വഴിയോ വാട്സ്ആപ്പ് വഴിയോ കോളുകൾ വഴിയോ യാത്രികരെ അറിയിക്കുന്ന സംവിധാനം എന്തുകൊണ്ടും നല്ലതാണ്

2) 20 കിലോമീറ്റർ മുമ്പുള്ള പോയിന്റിൽ എത്തുമ്പോൾ വിളിച്ച് യാത്രികനും വിവരം നൽകുന്നതും നല്ലതാണ്.

3) 925 രൂപ നൽകിയിട്ടുള്ള ബസ് വാങ്ങുമ്പോൾ യാത്രക്കാരന്റെ മുഖത്ത് മഴ പെയ്യിക്കാതിരിക്കുവാനുള്ള ഒരു ടാർപോളിൻ ഷീറ്റെങ്കിലും ബസ്സിനകത്ത് വലിച്ചുകെട്ടേണ്ടതാണ്.

4)ഒരു സ്ത്രീ ഒരു കെഎസ്ആർടിസി സ്റ്റാൻഡിൽ ഓരോ തവണയും ഇറങ്ങി വെപ്രാളത്തോടെ മെഡിക്കൽ ഷോപ്പ് ഉണ്ടോ എന്ന് അന്വേഷിക്കുമ്പോൾ പോകുന്ന വഴിക്ക് എവിടെയെങ്കിലും മെഡിക്കൽ ഷോപ്പ് ഉണ്ടെങ്കിൽ ഫാർമസി ഉണ്ടെങ്കിൽ അവിടെ നിർത്തി അവൾക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ അനുവദിക്കുന്നുവെങ്കിൽ അത് വളരെ നല്ലതാണ്. ഇത്ര എമർജൻസിയിൽ തുറ്റിനുള്ള വല്ല മരുന്നോ അല്ലെങ്കിൽ സാനിറ്ററി പാഡ് ആയിരിക്കും അവൾ അന്വേഷിക്കുക എന്ന് മനസ്സിലാക്കാനുള്ള ഒരു വിവേകം ജീവനക്കാർക്ക് നല്ലതാണ്.




# ലോകം ചുറ്റിയുള്ള യാട്ട് റേസിൽ കോഴിക്കോട്ടുകാരനും

**യു.എ. നസീർ**

ന്യൂ യോർക്ക്: സർ റോബിൻ നോക്സ് ജോൺസ്റ്റൻ 1996 ൽ തുടക്കമിട്ട 'ദ് ക്ളിപ്പർ റൗണ്ട് ദ് വേൾഡ് യാട്ട് റേസി' ൽ പങ്കെടുക്കാൻ കോഴിക്കോട്ടു നിന്നുള്ള കൗശിക് കൊടിത്തോടികയും. സിംഗപ്പൂരിൽ താമസിക്കുന്ന കൗശിക് റൗണ്ട് ദ് വേൾഡ് റേസിന്റെ അവസാന പാദത്തിലാണ് ഇത്തവണ പങ്കെടുക്കുന്നത്. വാഷിംഗ്ടൺ ഡിസിയിൽ നിന്ന് പോർട്സ്മത്ത് വരെയുള്ള അവസാന പാദം (എട്ടാമത്തെ ഘട്ടം) ഈ മാസം 25 ന് തുടങ്ങും . പതിനൊന്ന് യാട്ടുകൾ വാഷിങ്ടൺ ഡിസിയിൽ യാത്രയ്ക്കു തയാറായി നിൽക്കുന്നു.

ഇതേ റേസിന്റെ രണ്ടാം പാദമായ സൗത്ത് അറ്റ്ലാന്റിക് ചാലഞ്ചിൽ കൗശിക് പങ്കെടുത്തിരുന്നു. യുറുഗെ മുതൽ കേപ് ടൗൺ വരെയായിരുന്നു ഈ ഘട്ടം. അഭിലാഷ് ടോമി, ദിലീപ് ദോണ്ഡെ എന്നിവർ പായ് വഞ്ചിയിൽ ലോകം ചുറ്റിയ സാഹസികതയാണ് കൗശിക്കിന് യാട്ടിംഗിൽ സാഹസിക പരീക്ഷണത്തിന് പ്രേരണയായത്.

പതിനൊന്നു മാസം കൊണ്ട് പൂർത്തിയാകുന്ന ദ് ക്ളിപ്പർ റൗണ്ട് ദ് വേൾഡ് യാട്ട് റേസ് 40,000 നോട്ടിക്കൽ മൈൽ ആണ്. ഇതിൽ വിവിധ രാജ്യാന്തര തുറമുഖങ്ങളിൽ എത്തുന്ന പല പാദങ്ങളുമുണ്ട്. ഇതിൽ ഒരു പാദത്തിലോ ഏതാനും പാദങ്ങളിലോ പൂർണമായോ പങ്കെടുക്കാം. ഏതു പാദം വേണമെങ്കിലും തിരഞ്ഞെടുക്കാം. അധികം പരിചയം ഇല്ലാത്ത അമെച്വറുകൾക്കും പങ്കെടുക്കാം. ഇവരെ സഹായിക്കാൻ പ്രഫഷണൽ സ്കിപ്പർ കൂടെയുണ്ടാകും.



കൗശിക് കൊടിത്തോടിക കോഴിക്കോട്ട് പ്രകൃതി സൗഹൃദമായ വാട്ടർ സ്പോർട്സ് ക്ലബ് നടത്തുന്നുണ്ട്. ജെല്ലി ഫിഷ് വാട്ടർ സ്പോർട്സ് എന്നാണ് പേര്. കനൂയിങ്, കയാക്കിങ്, സെയ്‌ലിങ് ഇനങ്ങളിലാണ് ക്ലബ് ശ്രദ്ധിക്കുന്നത്. കോഴിക്കോടിനു പുറമെ സിംഗപ്പൂരിലും കൗശിക് സാഹസിക യാട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നുണ്ട്.





# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# ബ്രോങ്ക്സ് സെൻറ് തോമസ് സീറോ മലബാർ ഫൊറോന ദേവാലയത്തിൽ ഇടവക തിരുന്നാൾ ജൂൺ 23 മുതൽ ജൂലൈ 6 വരെ







ന്യൂ യോർക്ക് : ഭാരത സഭയുടെ അപ്പസ്തോലനും, ബ്രോങ്ക്സ് ഇടവകയുടെ മദ്ധ്യസ്ഥനുമായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ജൂൺ 23 മുതൽ ജൂലൈ 6 വരെ വിവിധ തിരുക്കർമ്മങ്ങളോടെ ഭക്ത്യാഡംബരപൂർവം ആഘോഷിക്കുന്നു. ഇടവകയിലെ നൂറോളും പ്രസിദേന്തിമാർ ചേർന്നാണ് ഇക്കൊല്ലത്തെ തിരുന്നാൾ ഏറ്റു നടത്തുന്നത്.

ജൂൺ 23 –)0 തീയതി ഞായറാഴ്ച രാവിലെ പത്തുമണിക്കുള്ള വിശുദ്ധ കുർബാനക്ക് ബുക്കാനൻ സെൻറ് ജോസഫ് കത്തോലിക്ക മിഷൻ ഡയറക്ടർ റവ. ഫാ. റോയിസൺ മേനോലിക്കൽ മുഖ്യ കാർമ്മികത്വം വഹിക്കും. തുടർന്ന് പ്രസിദേന്തി വാഴിക്കലും തിരുന്നാൾ കൊടിയേറ്റവും നടക്കും. തിരുക്കർമ്മങ്ങൾക്ക് ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന കാർമ്മികത്വം വഹിക്കും.

ജൂൺ 25 മുതൽ ജൂലൈ 4 വരെ എല്ലാ ദിവസവും വിശുദ്ധ കുർബാനക്ക് ശേഷം തോമാ ശ്ലീഹായുടെ നൊവേനയും ഉണ്ടായിരിക്കും.

ജൂൺ 25 ചൊവ്വാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുര്ബാനക്കും , നൊവേനക്കും മുൻ വികാരിയും, നിലവിൽ കോറൽ സ്പ്രിംഗ് ഔർ ലേഡി ഓഫ് ഹെൽത്ത് ഫൊറോന ഇടവക വികാരിയുമായ റവ. ഫാ. ജോഷി എളമ്പാശ്ശേരിൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവകയിലെ ഗ്രാൻറ് പേരന്റിന്സിനെ അന്നേ ദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. ഒന്നാം വാർഡുകാരാണ് ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത് .

ജൂൺ 26 ബുധനാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനക്കും, നൊവേനക്കും ഹാർട്സ്ഫോഡ് സെൻറ് തോമസ് സീറോ മലബാർ ഇടവക വികാരി റവ. ഫാ. ജോസഫ് പുള്ളിക്കാട്ടിൽ കാർമ്മികത്വം വഹിക്കും. ഇടവകയിലെ അൾത്താര ശുശ്രുഷികളെ അന്നേ ദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. രണ്ടാം വാർഡുകാരാണ് ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത് .

ജൂൺ 27 വ്യാഴാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനക്കും, നൊവേനക്കും റവ. ഫാ. ബിജു നാറാണത്ത് മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവകയിലെ രണ്ടു വയസിനും നാല് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളെ അന്നേ ദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. മൂന്നാം വാർഡുകാരാണ് ആ ദിവസത്തെ ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത് .

ജൂൺ 28 വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനക്കും, നൊവേനക്കും റവ. ഫാ. ഫ്രാൻസിസ് നമ്പിയാപറമ്പിൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവകയിലെ രണ്ടു വയസിൽ താഴെ പ്രായമുള്ള കുട്ടികളെ അന്നേ ദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. നാലാം വാർഡുകാരാണ് ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത് .

ജൂൺ 29 ശനിയാഴ്ച രാവിലെ 9 മണിക്കുള്ള വിശുദ്ധ കുർബാനക്കും, നൊവേനക്കും ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവകയിലെ പ്രൈമറി സ്കൂൾ കുട്ടികളെ പ്രത്യേകം ആശീർവദിക്കുന്നതാണ്. അഞ്ചാം വാർഡുകാരാണ് ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത് . അന്നേദിവസം വൈകുന്നേരം അഞ്ചു മണിക്ക് പ്രസിദേന്തി നൈറ്റ് : കുട്ടികളും മുതിർന്നവരും അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ . ചടങ്ങുകൾക്ക് ബ്രോങ്ക്സ് ഇടവകയുടെ സ്ഥാപക വികാരി റവ. ഫാ. ജോസ് കണ്ടത്തിക്കുടി മുഖ്യാതിഥി ആയിരിക്കും.

ജൂൺ 30 ഞായറാഴ്ച രാവിലെ 10 മണിക്കുള്ള വിശുദ്ധ കുര്ബാനക്കും , നൊവേനക്കും ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവകയിലെ എല്ലാ ദമ്പതികളേ

# ഫോമാ അഡ്വൈസറി ബോർഡ് ചെയർ സ്ഥാനത്തേക്ക്

# തോമസ് ജോസ്



**ഫോമായുടെ ആരംഭകാല നേതാവ്**
**നിഷ്പക്ഷതയും എല്ലാവരുമായും സൗഹൃദവും**
**ആദ്യ മലയാളം ഫോണ്ട് 'ജോസ്കുട്ടി ഫോണ്ട്**
**രൂപം കൊടുത്ത ഭാഷാസ്നേഹി**

യും അന്നേ ദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. ആറാം വാർഡുകാരാണ് ആ ദിവസത്തെ ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത് . തുടർന്ന് പാരിഷ് ഹാളിൽ 'ഹോപ്പ് ' എന്ന സിനിമയുടെ പ്രദർശനവും ഉണ്ടായിരിക്കും.

ജൂലൈ ഒന്ന് തിങ്കളാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനക്കും, നൊവേനക്കും റോക്‌ലാൻഡ് ഹോളി ഫാമിലി സീറോ മലബാർ കത്തോലിക്കാ ഇടവക വികാരി റവ. ഫാ. സ്റ്റീഫൻ കണിപ്പിള്ളിൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവകയിലെ എല്ലാ ഹൈസ്‌കൂൾ വിദ്യാർത്ഥികളേയും അന്നേ ദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. ഏഴാം വാർഡുകാരാണ് ആ ദിവസത്തെ ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത് .

ജൂലൈ രണ്ടു ചൊവ്വാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനക്കും, നൊവേനക്കും റോക്‌ലാൻഡ് സെൻറ് മേരീസ് ക്നാനായ

കത്തോലിക്കാ ഇടവക വികാരി റവ. ഫാ. ബിപി മാത്യു തറയിൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവകയിലെ എല്ലാ യുവജനങ്ങളേയും പ്രത്യേകം ആശീർവദിക്കുന്നതാണ്. എട്ടാം വാർഡുകാരാണ് ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത്

ദുക്റാന ദിവസമായ ജൂലൈ മൂന്നാം തീയതി ബുധനാഴ്ച വൈകുന്നേരം 6 : 30 നു വേസ്പര. തുടർന്നുള്ള വിശുദ്ധ കുർബാനക്കും, നൊവേനക്കും ബ്രൂക്‌ലിൻ സീറോ മലബാർ മിഷൻ ഡയറക്ടർ റവ. ഫാ. ജോണി ചെങ്ങലാൻ മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവകയിലെ എല്ലാ തോമസ് നാമ ധാരികളേയും , തിരുന്നാൾ പ്രസിദേന്തിമാരേയും പ്രത്യേകം ആശീർവദിക്കുന്നതാണ്. ഒൻപതാം വാർഡുകാരാണ് അന്നേ ദിവസത്തെ ചടങ്ങുകൾക്കു നേതൃത്വം നൽകുന്നത്.

പ്രധാന തിരുന്നാൾ ദിവസമായ ജൂലൈ നാലാം തീയതി വ്യാഴാഴ്ച്ച രാവിലെ പത്തു മണിക്ക് ആഘോഷമായ തിരുന്നാൾ കുർബാന. തിരുക്കർമ്മങ്ങൾക്കു പാറ്റേഴ്സൻ സെയിന്റ് ജോർജ് ഇടവക വികാരി റവ. ഫാ. സിമ്മി തോമസ് മുഖ്യ കാർമ്മികത്വം വഹിക്കും. കുർബാനയ്ക്കു ശേഷം വാദ്യ മേളങ്ങളുടേയും മുത്തുകുടകളുടേയും അകമ്പടിയോടുകൂടി വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ വഹിച്ചുകൊണ്ട് ബ്രോങ്ക്സ് തെരുവീഥികളിലൂടെ ആഘോഷമായ പ്രദക്ഷിണം. തുടർന്ന് ദേവാലയത്തിൽ വിശുദ്ധ തോമാ ശ്ലീഹായുടെ തിരുശേഷിപ്പ് വണങ്ങുന്നതിനുള്ള അവസരവും ഉണ്ടായിരിക്കും.

ജൂലൈ ആറാം തീയതി ശനിയാഴ്ച് 9 മണിക്ക് വിശുദ്ധ കുർബാനക്കു ശേഷം മരിച്ചവരുടെ ഓർമ്മയാചരണം. തുടർന്ന് തിരുന്നാൾ കൊടിയിറക്കം. 10 :30 നു സെമിത്തേരി സന്ദർശനവും ഒപ്പീസും ഉണ്ടാകും .

നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാളിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിക്കാൻ എല്ലാ വിശ്വാസികളേയും ബ്രോങ്ക്സ് ഇടവകയിലേക്കു വികാരി റവ. ഫാ. കുര്യാക്കോസ് വടാന സ്വാഗതം ചെയ്യുന്നു.

ഷോളി കുമ്പിളുവേലി

# എബ്രഹാം ഫിലിപ്പ്, സി.പി.എ. ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് മത്സരിക്കുന്നു

മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: ലോങ്ങ് ഐലൻഡിലെ മുൻനിര സി.പി.എ ആയ എബ്രഹാം ഫിലിപ്പ് ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് മത്സരിക്കുന്നതിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. ന്യൂയോർക്കിലെ പ്രമുഖ മലയാളി സംഘടനയായ കേരളാ സെൻറർ എക്സിക്യൂട്ടീവ് കമ്മറ്റിയാണ് ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് എബ്രഹാം ഫിലിപ്പിനെ എൻഡോഴ്സ് ചെയ്തിരിക്കുന്നത്. ഫോമാ സ്ഥാപിതമായ വർഷം മുതൽ ഫോമായിൽ സജീവമായി പ്രവർത്തിക്കുന്ന വ്യക്തിയാണ് എബ്രഹാം ഫിലിപ്പ്. ഫോമായുടെ ആരംഭകാലമായ 2008 മുതൽ 2018 വരെ പത്തു വർഷക്കാലം ഫോമായുടെ ഓഡിറ്റർ ആയി അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.

വളരെ വിശ്വസ്തതയോടും അർപ്പണ മനോഭാവത്തോടെയും ഏറ്റെടുക്കുന്ന പ്രവർത്തികളെല്ലാം സമയബന്ധിതമായി ചെയ്യാൻ താൽപ്പര്യം കാണിക്കുന്ന വ്യക്തിയാണ് ശ്രീ. എബ്രഹാം ഫിലിപ്പ്. കേരളാ സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായി അദ്ദേഹം ദീർഘകാലമായി സേവനം ചെയ്യുന്നു. അതോടൊപ്പം വർഷങ്ങളായി കേരളാ സെന്ററിന്റെ അക്കൗണ്ടുകൾ മുഴുവൻ കൈകാര്യം ചെയ്യുകയും യഥാസമയം ഓഡിറ്റ് ചെയ്ത് ഐ.ആർ.എസ്-നു സമർപ്പിക്കുകയും ചെയ്യുന്ന വ്യക്തികൂടിയാണ് എബ്രഹാം. അക്കൗണ്ട് സംബന്ധമായ പ്രസ്തുത സേവനങ്ങളെല്ലാം സൗജന്യമായാണ് അദ്ദേഹം ചെയ്യുന്നത് എന്നതാണ് പ്രത്യേകത. സേവന മനസ്ഥിതിയുള്ള ശ്രീ ഫിലിപ്പ് ഫോമായ്ക്ക് നല്ല ഒരു മുതൽ



ക്കൂട്ടായിരിക്കും എന്നതിനാലാണ് കേരളാ സെൻറർ അദ്ദേഹത്തെ ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നത്. വോട്ടവകാശമുള്ള എല്ലാ ഫോമാ അംഗങ്ങളും കക്ഷിഭേദമെന്യേ എബ്രഹാം ഫിലിപ്പിന് വോട്ട് ചെയ്ത് അദ്ദേഹത്തെ നാഷണൽ കമ്മറ്റി അംഗമാക്കി ഫോമായ്ക്ക് ഒരു മുതൽക്കൂട്ടാക്കണം എന്ന് അഭ്യർത്ഥിക്കുന്നുÉ കേരളാ സെൻറർ പ്രസിഡൻറ് അലക്സ് എസ്തപ്പാൻ ന്യൂയോർക്കിൽ പ്രസ്താവിച്ചു.

ന്യൂയോർക്ക് മെട്രോ റീജിയൻറെ ദീർഘ കാല സജീവ പ്രവർത്തകനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കയ്യഴിഞ്ഞു സഹായിക്കുന്ന വ്യക്തിയുമാണ് എബ്രഹാം ഫിലിപ്പ്. ഫോമായിലൂടെയും മറ്റ് പല സംഘടനകളിലൂടെയും അദ്ദേഹം നേരിട്ടും ജന്മനാട്ടിൽ ധാരാളം കാരുണ്യ പ്രവർത്തനങ്ങൾക്ക് സഹായം നൽകി വരുന്നു. ഫോമായിൽ ലഭിക്കുന്ന സാമ്പത്തിക ഫണ്ടുകൾ യഥാവിധി അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനും അനുയോജ്യമായ വിധം ഉപയോഗിച്ച് ഫണ്ടുകളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിനും എബ്രഹാം ഫിലിപ്പിന്റെ സേവനം ഫോമായ്ക്ക് അനിവാര്യമാണ്. ഫോമാ ഏതു പ്രോജെക്ടുകൾ മുൻപോട്ടു കൊണ്ടുവന്നാലും അതിന്റെ ആവശ്യകത ശരിയാംവിധം വിശകലനം ചെയ്ത് അതിന്റെ ഗുണഗണങ്ങൾ ഉപഭോക്താവിന് ഉചിതമായി ലഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതിനും നടപ്പിലാക്കുന്നതിനും എബ്രഹാമിനെപ്പോലെ വിദഗ്ധരുടെ സേവനം ഫോമായ്ക്ക് അത്യാവശ്യമാണ്. അതിനാൽ ഫോമായുടെ നല്ല ഭാവിയെ മുൻ നിർത്തി എബ്രഹാം ഫിലിപ്പിനെ ഫോമാ നാഷണൽ കമ്മറ്റി അംഗമായി തെരഞ്ഞെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

emalayalee.com

# ഫോമാ അഡ്വൈസറി ബോർഡ് ചെയർ സ്ഥാനത്തേക്ക്


# ഷിനു ജോസഫ്



**ഫോമായിൽ വിവിധ തലങ്ങളിൽ**
**മികവ് പ്രകടിപ്പിച്ച പ്രവർത്തനങ്ങൾ**

**സംഘടനയുടെ നന്മക്കായുള്ള നിലപാടുകൾ**

# നേഴ്സ് പ്രാക്റ്റീഷണേഴസ് ശില്പശാല നടത്തി




ന്യൂയോർക് : നാഷണൽ നേഴ്സ് പ്രാക്റ്റീഷണേഴസ് അസോസിയേഷൻ ഓഫ് അമേരിക്ക (NINPAA) ഫ്ലോറിഡയിൽ നഴ്സ് പ്രാക്ടീറ്റർമാർ ആരോഗ്യ സംരക്ഷണ സംരംഭകത്വത്തിന്റെ ഭാവി രൂപപ്പെടുത്തുന്നുതിനെപ്പറ്റി വിജയകരമായ ശില്പശാല നടത്തി.

ഫ്ളോറിഡയിലെ മികച്ച ബിസിനസ്സ് ഉടമയും സമുദായ നേതാവുമായ മാത്യു മുണ്ടിയാങ്കൽ, CEO of RealCan Investments LLC. മുഖ്യാതിഥിയായിരുന്നു. എങ്ങനെ ഒരു ബിസിനസ്സ് തുടങ്ങാം എന്നതിനെക്കുറിച്ചുള്ള അടിസ്ഥാന പടികളെക്കുറിച്ചും നേഴ്സ് പ്രാക്റ്റീഷണേഴസ് സ്വന്തമായി ബിസിനസ് തുടങ്ങുന്നതിനെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു. തുടർന്നുള്ള സഹായങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു. സുനിതാ മേനോൻ, ബെറ്റി പോൾ, സാറാ അമ്പാട്ട്, നാൻസി മാത്യു, ഡോ. ആനി പോൾ, ലിഷ ദേവി എന്നിവർ നേഴ്സ് പ്രാക്റ്റീഷണേഴ്സ് ബിസിനസുമായി ബന്ധപ്പെട്ട വ്യത്യസ്ത വിഷയങ്ങൾ അവതരിപ്പിച്ചു. സ്മാൾ ബിസിനസ് ട്രെയിനിങ്ങും മുൻ ബിസിനസ് പരിചയവുമുള്ള സാറ അമ്പാട്ടും ഡോ.ആനിപോളും തന്റെ എക്സ്പീരിയൻസ് വിവരിച്ചു. വിശിഷ്ടാതിഥി അഞ്ജന നായരും പിന്തുണയ്ക്കുന്ന വിഷയം അവതരിപ്പിച്ചു. മാത്യു മുണ്ടിയാങ്കല്ലിനും ചർച്ചയിൽ പങ്കെടുത്തവർക്കും പ്രശംസാപത്രം സമ്മാനിച്ചു. ഇത്തരമൊരു വിജയകരമായ പരിപാടി സംഘടിപ്പിച്ചതിന് സുനിതാ മേനോനും ഫ്ലോറിഡ ടീമിനും വിഭവസമൃദ്ധമായ ഡിന്നറിനും ഇവന്റ് ആതിഥേയത്വം വഹിച്ച നാൻസിക്കും സാറ അമ്പാട്ട് നന്ദി രേഖപ്പെടുത്തി









FOMAA
TEAM UNITED 2024-26
സമൂഹത്തോട് പ്രതിബദ്ധത
പുരോഗതിയ്ക്ക് വേണ്ടി സമർപ്പണം
ഒരു ലക്ഷ്യം ഒരു അഭിനിവേശം
UNITY
OUR
STRENGTH
VOTE FOR
ANUPAMA KRISHNAN
Joint Treasurer candidate
FOMAA 2024-26
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE
PALACKALODY
for Treasurer
SHALU PUNNOOSE
for Vice President
PAUL P. JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# സ്മൃതി വയനാട് വിളിക്കുന്നു





സുനിൽ വല്ലാത്തറ ഫ്ലോറിഡാ

2019 ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ മിന്നും വിജയം നേടി അധികാരത്തിൽ രണ്ടാം പ്രാവശ്യവും നരേന്ദ്രമോദി സർക്കാർ എത്തിയപ്പോൾ ബി ജെ പി യുടെ 303 എം പി മാരിൽ ഏറ്റവും താര പ്രഭയോട് പാർലമെന്റിൽ പ്രവേശിച്ചത് ഉത്തർപ്രദേശിലെ അമേടി മണ്ഡലത്തിൽ കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധിയെ പരാജയപ്പെടുത്തിയ സ്മൃതി ഇറാനിയാണ്.

2003 ൽ ബി ജെ പി അംഗത്വം എടുത്തു രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച സ്മൃതി ബി ജെ പി യുടെ പോഷക സംഘടന ആയ മഹിളാമോർച്ചയിൽ ഉൾപ്പെടെ നേതൃനിരയിലേക്ക് ഉയർന്നു.

2011 മുതൽ രാജ്യസഭ മെമ്പർ ആയ സ്മൃതിയെ ആണ് ബി ജെ പി നേതൃത്വം 2014 ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധിക്കെതിരെ മത്സരിക്കുവാൻ അമേടിയിൽ നിയോഗിച്ചത്.

ബി ജെ പി യുടെ കണക്കുകൂട്ടലുകൾ ശരി വയ്ക്കുന്നതായിരുന്നു സ്മൃതിയുടെ പ്രകടനം 2004 ലും 2009 ലും മൂന്നു ലക്ഷത്തിൽ പരം വോട്ടുകൾക്ക് അമേടിയിൽ ജയിച്ച രാഹുൽ ആദ്യമായി സ്മൃതിയോട് ഏറ്റുമുട്ടിയപ്പോൾ ഭൂരിപക്ഷം ഒരു ലക്ഷം കൊണ്ട് തൃപ്തിപെടേണ്ടി വന്നു.

അതിന് ശേഷം ബി ജെ പി നിർദ്ദേശപ്രകാരം അമേടിയിൽ സ്ഥിരതാമസം ആക്കിയ സ്മൃതി തന്റെ മന്ത്രി സ്ഥാനം കൂടി ഉപയോഗിച്ചുകൊണ്ട് അമേടി മണ്ഡലത്തിലെ എല്ലാ ദൈനംദിന കാര്യങ്ങളിൽ ഇടപെട്ടു മണ്ഡലത്തിലെ വോട്ടർമാരിൽ വൻ സ്വാധീനം ഉണ്ടാക്കിയെടുത്തു.

തുടർന്ന് 2019 ലെ മോദി തരംഗം ആഞ്ഞുവീശിയ തെരഞ്ഞെടുപ്പിൽ ഗാന്ധി കുടുംബത്തിന്റെ പാരമ്പര്യം കാത്തു സൂക്ഷിച്ചു മുന്നോട്ട് പോയ്കൊണ്ടിരുന്ന അമേടി മണ്ഡലത്തിൽ ഇളം തലമുറക്കാരൻ രാഹുലിനെ അമ്പതിനായിരത്തിൽ പരം വോട്ടുകൾക്കു പരാജയപ്പെടുത്തിയാണ് മുൻ സിനിമാതാരം കൂടിയായ സ്മൃതി പാർലമെന്റിൽ എത്തിയത്.

ചരിത്രം രചിച്ച വിജയം ആഘോഷിച്ചുകൊണ്ട് സ്മൃതി ആദ്യം പറഞ്ഞത് രാഹുൽ ഇനി തല ഉയർത്തി അമേടിയിൽ വരില്ല



ഫോമാ
പ്രവർത്തനങ്ങളിൽ മാത്രമല്ല
കലയിലും
ഒന്നാമൻ!!
ഫോമാ നാടകോത്സവം
മികച്ച നടൻ
സണ്ണി കല്ലൂപ്പാറ
ഫോമാ
വൈസ് പ്രസിഡന്റ്
സ്ഥാനാർത്ഥി
പ്രവർത്തന
മികവിന്
ഒരു വോട്ട്
SUNNY P NINAN
SUNNY KALLOOPPARA
FOMAA TEAM 2024-2026
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
DR. PRINCE NECHIKAT DBA
JOINT SECRETARY
BINOOB SREEDHARAN
TREASURER
AMBILY SAJIMON
JOINT TREASURER



എന്നായിരുന്നു. അതിന് ന്യായീകരിക്കും വിധമായിരുന്നു കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കേവലം മൂന്നു പ്രാവശ്യം മാത്രം അമേടി സന്ദർശിച്ച രാഹുലിന്റെ നിലപാട്.

പാർലമെന്റിനുള്ളിലും പുറത്തും രാഹുലിനെ ആംഗ്യ ഭാഷയിലും പ്രസ്താവനകളിലും കഴിഞ്ഞ അഞ്ചു വർഷം നിരന്തരം വേട്ടയാടിയ സ്മൃതിക്കു കിട്ടിയ വലിയ ആഘാതം ആയിരുന്നു ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഗാന്ധി കുടുംബത്തിന്റെ പരിചാരകൻ എന്നു സ്മൃതി തെരഞ്ഞെടുപ്പു കാലത്ത് തുടരെ പരിഹസിച്ച കോൺഗ്രസ് ടിക്കറ്റിൽ തനിക്കെതിരെ മത്സരിച്ച കിഷൻ ലാൽ ശർമയിൽ നിന്നും ഏറ്റ വൻ പരാജയം.

വേയനാടും റായ്ബാറേലിയിലും വൻ വിജയം നേടിയ ശേഷം വയനാട് സീറ്റ് ഒഴിയാൻ തീരുമാനിച്ച രാഹുലിന് പകരം പ്രിയങ്ക ഗാന്ധി വയനാട്ടിൽ മത്സരിക്കുവാൻ എത്തുമ്പോൾ ഗാന്ധി കുടുംബത്തോട് പോർവിളി നടത്തി പ്രസിദ്ധയായ സ്മൃതിക്കു സുവർണ്ണ അവസരം ആണ് വന്നിരിക്കുന്നത്.

കോൺഗ്രസ് ജനറൽ സെക്രട്ടറി ആയശേഷം ഉത്തർപ്രദേശിന്റ ചുമതലയുള്ള പ്രിയങ്ക കഴിഞ്ഞ അഞ്ചു വർഷം നടത്തിയ ഐതിസാഹസികമായ പ്രവർത്തനത്തിന്റെ കൂടി ഫലമാണ് കോൺഗ്രസിനു ബാലികേറാമലയായിരുന്ന ഉത്തർപ്രദേശ് കൂടി ഉൾപ്പെടുന്ന ഹിന്ദി ഹൃദയ ഭൂമിയിൽ കോൺഗ്രസും ഇന്ത്യ സഖ്യവും ഈ തെരഞ്ഞെടുപ്പിൽ നേടിയ വൻ വിജയം.

എഴുപതുകളിലും എൺപതുകളിലും ഇന്ദിരാഗാന്ധി പ്രസംഗിക്കുമ്പോൾ കൂടിയിരുന്ന ജനങ്ങളുടെ ഇരട്ടിയാണ് ഇന്ദിരയുടെ രൂപവും ശബ്ദവും ഉള്ള പ്രിയങ്ക ജനാലക്ഷങ്ങളെ അഭിസംബോധന ചെയ്യുമ്പോൾ കിട്ടുന്ന ഹർഷാരവം.

ഇനി വയനാട്ടിൽ നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ മുൻപ് രാഹുൽ നേടിയിട്ടുള്ള മൂന്നു ലക്ഷവും നാലു ലക്ഷവും ഭൂരിപക്ഷം പ്രിയങ്കയ്ക്കു ഉറപ്പാണെങ്കിലും ഇത്തവണ പ്രിയങ്കയ്ക്കു എതിരെ മത്സരിച്ച ശേഷം അടുത്ത അഞ്ചു വർഷം വയനാട്ടിൽ തമ്പടിച്ചു നല്ലയൊരു ടൂറിസ്റ്റ് കേന്ദ്രമായതുകൊണ്ട് അതിന്റ കാഴ്ചകൾ ഒക്കെ ആസ്വദിച്ചു സിനിമാ നടൻ അബു സലീമിന് വയനാട്ടിലുള്ള റെസ്റ്റോറന്റിലെ നിർത്തി പൊരിച്ച ചിക്കനും ആസ്വദിച്ചാൽ പിന്നീട് സ്മൃതിക്കു എപ്പോഴെങ്കിലും ഒരു കൈ നോക്കാം.

# സിനി ജോണിന് സ്ട്രോസ് സർവീസ് എക്സലൻസ് അവാർഡ്

emalayalee.com

ഡാളസ്: വയനാട് സ്വദേശിനി സിനി ജോണിന് സ്ട്രോസ് സർവീസ് എക്സലൻസ് അവാർഡ്. യു.ടി. സൗത്ത് വെസ്റ്റേൺ ആശുപത്രിയിൽ വിവിധ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുവരുടെ കഴിവും വൈദഗ്ധ്യവും കണക്കിലെടുത്ത് സഹപ്രവർത്തകരുടെ നോമിനേഷനിൽ കൂടി എല്ലാ ക്വാർട്ടറിലും ആറു പേരെ വീതം തിരഞ്ഞെടുത്ത് അവർക്ക് കൊടുക്കുന്ന അവാർഡിനെയാണ് സ്ട്രോസ് സർവീസ് എക്സലൻസ് അവാർഡ് (Strauss Service Excellence Award) എന്ന് വിളിക്കുത്.

മൂന്നു കാര്യങ്ങൾ ആണ് ഈ അവാർഡ് കൊടുക്കുതിനായി പരിഗണിക്കുത്. ഒന്നാമത് അവരുടെ ജോലിയിലുള്ള മികവും വൈദഗ്ധ്യവും പ്രകടിപ്പിക്കുക. രണ്ടാമത് അടുത്ത തലമുറക്ക് ഇവർ ഒരു റോൾ മോഡൽ ആയിരിക്കുക. മൂന്നാമത് ഗുണകരമായ രീതിയിലുള്ള സമൂഹ്യസേവനം ചെയ്യുക.






അവാർഡിന് അർഹരായവരെ മെയ് 17ാം തീയതി ഡോ. ജോനാഥൻ എഫ്രോൺ (Executive Vice President for Health System Affairs) അവാർഡ് നൽകി അനുമോദിച്ചു. 24 വർഷത്തെ സേവന പരിചയം ഉള്ള സിനി 2021 മുതൽ ഈ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ജോലി ചെയ്തുവരുന്നു. ഡോ. എം.ജി. ആർ യൂണിവേഴ്സിറ്റി ചെന്നൈ (ശ്രീ ബാലാജി കോളേജ് ഓഫ് നേഴ്സിംഗ്) നിന്ന് നേഴ്സിംഗിൽ ബിരുദം കരസ്ഥമാക്കി. അമേരിക്കയിൽ വരുതിനു മുൻമ്പ് ഇൻഡ്യയിലും, അബുദാബിയിലും ജോലി ചെയ്തിരുന്നു. വൂണ്ട് കെയറിലും, സ്കിൻ കെയറിലും ഉള്ള സിനിയുടെ വൈദഗ്ധ്യം എടുത്തു പറയേണ്ടതാണ്.

ഭർത്താവ് മാത്യുവും മക്കൾ ഡോണാ, ഡെയിൻ, ഡെൽനാ യും ഒത്ത് ഇർവിംഗ്, ടെക്സാസിൽ താമസിച്ചു വരുന്നു. സെന്റ് അൽഫോൻസാ സീറോമലബാർ കാത്തലിക്ക് ചർച്ച് കൊപ്പേൽ പള്ളിയിലെ വുമൻസ് ഫോറത്തിലെ സജീവസാധ്യമാണ് സിനി ജോൺ

വാർത്ത: ലാലി ജോസഫ്

# Blue Ocean Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

# ഫാമിലി & യൂത്ത് കോൺഫറൻസിൽ പ്രശസ്ത പ്രഭാഷകർ അണിനിരക്കുന്നു


HG Mar Nicholovos


Rev Dr Varghese Varghese


Rev. Fr. Seraphim Majmudar


Rev. Fr Joel Mathew

**ഉമ്മൻ കാപ്പിൽ**

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഈ വർഷത്തെ ഫാമിലി & യൂത്ത് കോൺഫറൻസ് പ്രമുഖരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമാകും.

അഭിവന്ദ്യ സഖറിയ മാർ നിക്കളാവോസ് മെത്രാപ്പോലീത്തയുടെ സാന്നിധ്യത്തിനും ആത്മീയ നേതൃത്വത്തിനും പുറമെ ഫാ. ഡോ. വർഗീസ് വർഗീസ് മീനടം, ഫാ. സെറാഫിം മജ് മുദാർ, ഫാ. ജോയൽ മാത്യു എന്നിവർ കോൺഫറൻസിൽ പ്രഭാഷകരായിരിക്കും.

കോട്ടയം ഭദ്രാസനത്തിലെ മീനടം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമാണ് ഫാ.ഡോ. വർഗീസ് വർഗീസ്. 1992–ൽ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ബിരുദം നേടി. ഇംഗ്ലീഷിലും സുറിയാനിയിലും ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. ഡോക്ടറൽ പഠനത്തിനിടയിലെ അദ്ദേഹത്തിന്റെ വൈജ്ഞാനിക ഗവേഷണം വെസ്റ്റേൺ സുറിയാനി പാരമ്പര്യത്തിലെ എപ്പിഫനി പെരുന്നാളിനെ കേന്ദ്രീകരിച്ചായിരുന്നു. നിലവിൽ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയായും മലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിംഗ് കമ്മിറ്റി അംഗമായും ഓർത്തഡോക്സ് സൺഡേ സ്കൂൾ അസോസിയേഷന്റെ ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നു. മലങ്കര സഭയിലെ സുവിശേഷ പ്രാസംഗികരുടെ ശ്രേണിയിൽ പ്രശസ്തമായ മുഖമാണ് ഫാ.ഡോ.വർഗീസ് വർഗീസ്.

അമേരിക്കയിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ സാൻ ഫ്രാൻസിസ്കോ മെട്രോപോളിസിൽ നിന്നുള്ള ഒരു പുരോഹിതനാണ് സെറാഫിം മജ് മുദാർ. അദ്ദേഹം 2008–ൽ സെന്റ്. ടിഖോൺസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ദിവ്യത്വത്തിൽ ബിരുദം നേടി. ഗുജറാത്തി കുടിയേറ്റ മാതാപിതാക്കളുടെ മകനായ അദ്ദേഹം ഹിന്ദു മതത്തിലാണ് വളർന്നത്. സാധാരണ ജനങ്ങൾ അവരുടെ ജീവിതത്തിൽ അനുഭവിക്കുന്ന വേദനകളും കഷ്ടപ്പാടുകളും മനസ്സിലാക്കിയ അദ്ദേഹത്തിന്റെ ഇന്ത്യയിലെ യാത്രകൾ ജീവിതം മാറ്റിമറിച്ച അനുഭവമായിരുന്നു. അദ്ദേഹം ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവന്റെ അസ്തിത്വത്തിന്റെ അർത്ഥവും ലക്ഷ്യവും മനസ്സിലാക്കുകയും ചെയ്തു. ഓർത്തഡോക്സ് വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്ത അദ്ദേഹം ഒടുവിൽ ഒരു പുരോഹിതനായി നിയമിക്കപ്പെട്ടു. ഇപ്പോൾ കാലിഫോർണിയയിലെ സെന്റ് ലോറൻസ് ഓർത്തഡോക്സ് പള്ളിയിലെ വൈദികനായി ഫാ. സെറാഫിം സേവനം അനുഷ്ഠിക്കുന്നു.

അമേരിക്കയിലെ സൗത്ത് വെസ്റ്റ് ഭദ്രാസനത്തിലെ ഫാർമേഴ്സ് ബ്രാഞ്ച് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിലെ അംഗമാണ് ഫാ. ജോയൽ മാത്യു. 2011–ൽ സെന്റ് ടിഖോൺസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ദിവ്യത്വത്തിൽ ബിരുദം നേടി. നിലവിൽ ടെക്സസിലെ ഡാളസ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനമനുഷ്ഠിക്കുന്നു. യുവാക്കൾക്കിടയിൽ നടത്തുന്ന വിശിഷ്ട സേവനം മൂലം ശ്രദ്ധേയമായ വ്യക്തിത്വമാണ് ഫാ. ജോയൽ മാത്യു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലാൻകസ്റ്ററിലെ വിൻധം റിസോർട്ടിലാണ് കോൺഫറൻസ് നടക്കുന്നത്. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊലൊ സ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914.806.4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ. 516.439.9087) എന്നിവരുമായി ബന്ധപ്പെടുക.

# ബാൾട്ടിമോർ സെന്റ് അൽഫോൻസാ സീറോ മലബാർ കത്തോലിക്കാ ദേവാലയത്തിന്റെ ദശാബ്ദി ആഘോഷപൂർവ്വമാക്കി



ബാൾട്ടിമോർ: മാർത്തോമാ ശ്ലീഹായുടെ പ്രേഷിതചൈതന്യത്താൽ ക്രിസ്തു ശിഷ്യരായി തീർന്ന നസ്രാണി മക്കൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഒരുമയോടെ അമേരിക്കയിലെ ബാൾട്ടിമോറിൽ ഒന്നിച്ചുകൂടി വിശുദ്ധ അൽഫോൻസായുടെ നാമധേയത്തിലുള്ള സീറോ മലബാർ കാത്തോലിക്കാ ദേവാലയത്തിന് 2014 ൽ രൂപം നൽകി. 2024 ജൂൺ 16 ഞായറാഴ്ച ഇടവക സ്ഥാപനത്തിന്റെ ദശാപ്തി ആഘോഷം ഔദ്യോഗികമായി ബാൾട്ടിമോറിൽ കൊണ്ടാടി.

ക്രൈസ്തവ പാരമ്പര്യത്തിന്റെ ഈററില്ലമായ കേരളക്കരയിൽ നിന്നുള്ള മുതിർന്ന തലമുറയും അമേരിക്കയിലുള്ള ഇളം തലമുറയും ഒരുമയോടെ അണി ചേർന്ന് പത്തു വർഷത്തിന്റെ നിറവിൽ നിൽക്കുന്ന ദേവാലയത്തിലെ ആഘോഷങ്ങൾ വിശ്വാസാധിഷ്ടിതവും ഭക്തിസാന്ദ്രവും ആക്കി മാററി.

കത്തോലിക്കാ വിശ്വാസത്തിന്റെ പരമോന്നത പ്രഖ്യാപനമാണ് പരിശുദ്ധ കുർബാന. ആ ദിവസത്തെ ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് ഷിക്കാഗോ സീറോ മലബാർ രൂപതയുടെ അഭിവന്ദ്യ മെത്രാൻ ജോയ് ആലപ്പാട്ടാണ്. മുൻ മെത്രാൻ ജേക്കബ് അങ്ങാടിയത്ത്, തൃശുർ അതിരൂപതയുടെ സഹായ മെത്രാൻ മാർ ടോണി നിലങ്കാവിൽ, ഫാദർ മെൽവിൻ പോൾ, ഫാദർ ബെന്നി തടത്തിൽ, ഫാദർ ജെയ്സ്മോൻ ഫ്രാൻസീസ്, ഫാദർ വിൽസൺ കണ്ടങ്കരി എന്നീവർ സഹകാർമ്മീകരായി പരിശുദ്ധ കുർബാനയിൽ പങ്കു ചേർന്നു.

വിശുദ്ധ കുർബാനക്കു ശേഷം എല്ലാംവർക്കും ഉച്ചഭക്ഷണം ഒരുക്കിയിരുന്നു അതിനു ശേഷം പൊതുയോഗത്തിനും കലാപരിപാടികൾക്കും വേണ്ടി മൗണ്ട് സെന്റ് ജോസഫ് സ്ക്കൂൾ ഓഡിറേറാറിയത്തിൽ ഒന്നിച്ചു കൂടി. ഇടവക വികാരി ഫാദർ വിൽസൺ ആന്റണി കണ്ടങ്കരി വിശിഷ്ട അതിഥികൾക്കും സദസിൽ സന്നീഹിതരായവർക്കും സ്വാഗതം ആശംസിച്ചു. ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയി ആലപ്പാട്ട് ഉൽഘാടന കർമ്മം നടത്തുകയും അതിനുശേഷം ആഘോഷത്തിന്റെ ഭാഗമായ തിരിതെളിക്കൽ കർമ്മം അഭിവന്ദ്യ പിതാക്കന്മാർ, ഇടവക വികാരി, കൈക്കാരന്മാർ എന്നിവർ ഒന്നിച്ച് നിർവ്വഹിച്ചു.

മുൻ മെത്രാൻ ജേക്കബ് അങ്ങാടിയത്ത് അദ്ധ്യക്ഷ പ്രസംഗം, മുഖ്യ പ്രഭാഷണം ത്രിശൂർ മെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു അതിനു ശേഷം ദശാപ്തി ആന്തം ആലപിച്ചു. ബാൾട്ടിമോർ മാർത്തോമാ പള്ളി വികാരി റെവ. ഷെറിൻ ടോം മാത്യു, ഫാദർ മെൽവിൻ പോൾ മംഗലത്ത് എന്നീവർ അനുഗ്രഹ പ്രസംഗം നടത്തി. ഇടവകയുടെ ഒരു ചരിത്ര പ്രതിഫലനം എപ്പാർക്കിയൽ കാത്തിക്കൽ കൗൺസിൽ സെക്രട്ടറിയും അതുപോലെ ചെറുപുഷ്പം മിഷ്യൻ ലീഗ് ഡയസീൻ ജനറൽ സെക്രട്ടറിയുമായ ടിസൺ തോമസ് വായിച്ചു. പിന്നീട് മുൻകാല കൈക്കാരന്മാർ, നിലവിലുള്ള കൈക്കാരന്മാർ, സി.സി.ഡി ഡയറക്ററർ, കോർഡിനേററഴ്സ് എന്നിവർക്ക് ഫലകം




കൊടുത്ത് ആദരിച്ചു.

പൊതുയോഗത്തിനു ശേഷം കൈക്കാരൻ സിബിച്ചൻ കൊണത്താപ്പള്ളി വിശിഷ്ട അതിഥികൾക്കും ഈ പരിപാടിയുടെ വിജയത്തിനു വേണ്ടി ഒരു വർഷത്തോളം കഠിനാദ്ധ്വാനം ചെയ്ത സിസ്റ്റേഴ്സ്, വിവിധ തരം കമ്മററികൾ, ഇളം തലമുറകൾ ഇവരുടെ എല്ലാം മേൽനോട്ടം വഹിച്ച ഇടവക വികാരി ബഹുമാനപ്പെട്ട ഫാദർ വിൽസൺ കണ്ടങ്കരി, കൈക്കാരന്മരായ ജോഷി വടക്കൻ, ബാബു പ്ലാത്തോട്ടം, ആൽവിൻ ജോയ് പരിക്കാപ്പള്ളി എന്നിവർക്ക് നന്ദി രേഖപ്പെടുത്തി. ഒരു ഇടവക കൂട്ടായ്മയുടെ അക്ഷീണ പരിശ്രമവും പ്രാർത്ഥനയുമാണ് ഈ ദശവാർഷികം വിജയകരമാക്കിയത്. ഓരോ വ്യക്തികളുടേയും പേരെടുത്തു നന്ദി പ്രകടിപ്പിക്കണമെന്നുണ്ടങ്കിലും അത് പ്രയോഗികമല്ലാത്തതു കൊണ്ട് മാത്രം എടുത്തു പറഞ്ഞില്ല എന്നുള്ള കാര്യം എല്ലാംവർക്കും മനസിലാക്കാവുന്നതേയുള്ളു എന്ന് അദ്ദേഹത്തിന്റെ നന്ദി പ്രകടനത്തിൽ സൂചിപ്പിച്ചു.

ഒരു ചെറിയ കോഫി ബ്രേക്കിനു ശേഷം കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. മുതിർന്നവരുടേയും കുട്ടികളുടേയും വർണ്ണാഭമായ കലാവിരുന്ന്, വാദ്യമേളം എല്ലാം സദസ്യർക്ക് ഏറെ ഹൃദ്യമായ ഒരു അനുഭവമായിരുന്നു. കലാവിരുന്നിനു ശേഷം എല്ലാംവർക്കും സ്നേഹവിരുന്ന് ഒരുക്കിയിരുന്നു. ഒരു വർഷമായി ഇടവക ഒന്നിച്ചു കൈകോർത്തതിന്റെ ഫലമായിരുന്നു ഈ പത്താം വാർഷികം ഭക്തി നിർഭരമായി കൊണ്ടാടുകയും അതുപോലെ എന്നും ഓർമ്മയിൽ സൂക്ഷിക്കാവുന്ന ഒരു നല്ല അനുഭവമാക്കി മാററുകയും ചെയ്തു എന്നുള്ളതിന് ഒരു തർക്കവും ഇല്ല.


പിതൃദിനമായ അന്നേ ദിവസം ഇടവകയിലെ പിതാക്കമ്മാരെ അനുമോദിക്കുകയും അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്ത് ആദരിക്കുകയും ചെയ്തു. അങ്ങിനെ അനുഗ്രഹത്തിന്റെ പത്തുവർഷം പൂർത്തിയാക്കിയ ഭക്തി നിർഭരമായ ആഘോഷത്തിന് തിരശ്ശീല വീണു

വാർത്ത: ലാലി ജോസഫ്








ഫോമാ ട്രഷറർ സ്ഥാനത്തേക്ക്
ബിനൂബ് ശ്രീധരൻ
സാമ്പത്തിക രംഗത്ത് സുതാര്യതയും സത്യസന്ധതയും
മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം; സാമ്പത്തിക അച്ചടക്കം
പരിചയസമ്പന്നമായ നേത്രുത്വം
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINOOB SREEDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER

# ഫാദേഴ്സ് ഡേ ആഘോഷവും 'പകൽ പറുദീസാ' സിനിമാ പ്രദർശനവും




ന്യു യോർക്ക്: അമേരിക്കൻ മൾട്ടി എത്നിക് കോഅലിഷൻ സംഘടിപ്പിച്ച അവാർഡ് നൈറ്റും, ഫാദേഴ്സ് ഡേ ആഘോഷവും ടൈസൺ സെന്ററിൽ നടത്തപ്പെട്ടു. റവ.ജോൺ തോമസ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയും ഫാദേഴ്സ് ഡേ സന്ദേശം നൽകുകയും ചെയ്തു.

തദവസരത്തിൽ ന്യൂയോർക്കിലെ ഒരു പറ്റം കലാകാരന്മാരുടെ സൃഷ്ടിയായ 'പകൽ പറുദീസ' എന്ന സിനിമയും പ്രദർശിപ്പിച്ചു. എൽഐ.എം ന്റെ ബാനറിൽ ഷാജി എണ്ണശ്ശേരിൽ നിർമ്മിച്ച ഒമ്പതാമത്തെ ചിത്രമാണ് 'പകൽ പറുദീസ.' ഇതിന്റെ സംവിധാനം സാം മണ്ണിക്കരോട്ടും ക്യാമറ സുനു കാർത്തികപ്പള്ളിലുമാണ്. ലൂക്ക് പതിയിൽ-പിആർഓ, ഡയലോഗ് - റോയി, ലൊക്കേഷൻ എക്സിക്യൂട്ടീവ്, ലിസ, ഉഷ, ബിന്ദു-സിംഗർ ഡോ. ചിനോ മണ്ണിക്കരോട്ട്.

ജുവാൻ, ജിയാന എന്നീ രണ്ടു ബാലതാരങ്ങൾക്കൊപ്പം മേരിക്കുട്ടി കുര്യൻ, ജോൺ ജോബ്, ഏലിയാമ്മ, അപ്പുക്കുട്ടൻ എന്നവരും അഭിനയിക്കുന്നു.

ഇതോടൊപ്പം ഏറെ ശ്രദ്ധ ആകർഷിച്ച മൾട്ടി കൾച്ചറൽ നൃത്തപരിപാടിയും നടത്തപ്പെട്ടു. 'പകൽ പറുദീസ'യുടെ









അണിയറ പ്രവർത്തകർക്ക്   അവാർഡും നൽകി.

താഴെപ്പറയുന്നവരാണ് അവാർഡ് ജേതാക്കൾ:  റോയ് ബേബി, സാം മണ്ണിക്കരോട്ട്, സുനു കാർത്തികപ്പള്ളി, വറുഗീസ് എബ്രഹാം, ഷാജി എണ്ണശ്ശേരിൽ, ബിന്ദു ജസ്റ്റിൻ, ഉഷാ ജോർജ്ജ്, ലിസ മണ്ണിക്കരോട്ട്,  മേരിക്കുട്ടി,

ഏലിയാമ്മ അപ്പുക്കുട്ടൻ, ജോർജ് ചാക്കോ, അപ്പുക്കുട്ടൻ ആറ്റുപുറത്ത്, ജോൺ കെ ജോർജ്ജ്, ജോൺ ജോബ്, ലൂക്ക് പത്തിൽ, മേരി കുര്യൻ, ജുവാൻ സുനു ജോസഫ്, ജിയന്ന എലിസബത്ത് സുനു

കോശി ഉമ്മൻ സ്വാഗതവും  ഉഷ ജോർജ് നന്ദി പറഞ്ഞു.  രാജു വർഗീസ് എംസി ആയിരുന്നു .

വിഭവ സമൃദ്ധമായ ഡിന്നർ സ്പോൺസർ ചെയ്തത് കുട്ടനാട് റെസ്റ്ററന്റ്.

















# വീണ്ടും ചില കൃഷി വിശേഷങ്ങൾ





രാജു
മൈലപ്രാ

മറ്റു പല കാര്യങ്ങളിലുമെന്ന പോലെ കാർഷിക മേഖലയിലും ഞാനൊരു സമ്പൂർണ്ണ പരാജയമാണെന്ന് പലതവണ തെളിയിച്ചിട്ടുള്ളതാണ്- ഇക്കാര്യത്തിൽ എനിക്കുള്ള അഭിപ്രായം തന്നെയാണ് എന്റെ ഭാര്യക്കും.

അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡായിലേക്കും കഴിഞ്ഞ വർഷം കിടക്കയുമെടുത്തു നടന്നപ്പോൾ, വാടിത്തുടങ്ങിയ എന്റെ കാർഷിക മോഹങ്ങൾ വീണ്ടും പൂവണിഞ്ഞു.

പോയ വർഷത്തെ കൃഷി എന്റെ ആഗ്രഹത്തോളം വളർന്നില്ലെങ്കിലും, അതു കാലം തെറ്റിയ കന്നി സംരംഭമായതുകൊണ്ട് എനിക്കു വലിയ നിരാശ തോന്നിയില്ല. ശുഭ പ്രതീക്ഷയോടെ വിത്തും കൈക്കോട്ടും ഞാൻ വീണ്ടും കൈയിലെടുത്തു.

ജനുവരി മാസത്തിൽ തന്നെ ഞാൻ നിലമൊരുക്കി. വിദഗ്ദ്ധരായ മലയാളി കർഷകരിൽ നിന്നും, ആവശ്യത്തിനുള്ള വിത്തുകളും, ആവശ്യത്തിലേറെ ഉപദേശങ്ങളും കിട്ടി. ഒരു ചാൻസ് എടുക്കണ്ട എന്നു കരുതി, 'പ്ലാൻ ബി' പ്രകാരം ന്യൂയോർക്കിലും, ഹൂസ്റ്റണിലുമുള്ള എന്റെ സുഹൃത്തുക്കളുടെ ഔദാര്യത്തിൽ പാവയ്ക്കാ, പടവലങ്ങ, വെണ്ടയ്ക്കാ തുടങ്ങിയവയുടെ നാടൻ വിത്തുകളും തപാൽ മാർഗ്ഗം വരുത്തി.

'നമ്മളു കൊയ്യും വയലെല്ലാം
നമ്മുടെതാകും പൈങ്കിളിയേ'

എന്ന പാട്ടും മൂളിക്കൊണ്ടു വിത്തു വിതറി -ഒരു ബലത്തിനു വേണ്ടി, അയലത്തെ സായിപ്പു കാണാതെ ഒരു ചെങ്കൊടിയും നാട്ടി-

എല്ലുപൊടി, മിറക്കിൾ ഗ്രോ തുടങ്ങിയ വളങ്ങളും സംഭരിച്ചു. എന്നാൽ ഇതിനേക്കാളെല്ലാം മെച്ചം ചാണകപ്പൊടിയാണെന്ന്, കാർഷികരംഗത്ത് മികവു തെളിയിച്ചിട്ടുള്ള എന്റെ യുവസുഹൃത്ത് സജി കരിമ്പന്നൂരിന്റെ ഉപദേശം സ്വീകരിച്ച് ഞാൻ ചാണകം അന്വേഷിച്ചിറങ്ങി.

ഞാൻ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള വയലുകളിൽ വലിയ യമണ്ടൻ പശുക്കൾ മേഞ്ഞു നടക്കുന്നതു കണ്ടിട്ടുണ്ട്. എല്ലാത്തിനേയും കയറൂരി വിട്ടിരിക്കയാണ്- അവറ്റകളുടെ പിന്നാലെ ഒരു ബക്കറ്റുമായി നടന്ന് ചാണകം ശേഖരിക്കാമെന്നു വെച്ചാൽ തഴി ഉറപ്പ്. ഇനി അഥവാ തൊഴി കിട്ടിയില്ലെങ്കിൽത്തന്നെയും, 'ഗൺ കൺട്രോൾ' കാര്യമായി നടപ്പിലാക്കാത്ത ഫ്ളോറിഡയിലെ പശുഉടമയുടെ വെടി ഉറപ്പ്.

അങ്ങിനെയിരുന്നപ്പോഴാണ്, ഇവിടെ വന്നു പരിചയപ്പെട്ട സുഹൃത്ത്, സുനിൽ വല്ലാത്തറ, സാധനം 'ഹോം ഡിപ്പോ' യിൽ അവയിലബിളാണെന്നുള്ള കാര്യം പറഞ്ഞത്.

ഒട്ടും സമയം കളയാതെ 'ഹോം ഡിപ്പോ'യിലേക്കു വെച്ചു പിടിച്ചു. അവിടെ ചെന്നപ്പോഴാണ് 'ചാണകം' എന്നതിന്റെ ഇംഗ്ലീഷ് വാക്ക് എനിക്കറിയില്ല എന്ന ബോധം ഉണ്ടായത്.

കൗ ഫെർട്ടിലൈസർ, കൗ കംപോസ്റ്റ് തുടങ്ങിയ വാക്കുകളൊക്കെ പരീക്ഷിച്ചെങ്കിലും വിജയം കണ്ടില്ല-പശുവിന്റെ വിസർജ്ജനത്തിനാണല്ലോ ചാണകം എന്നു പറയുന്നത്. ആ വഴിയൊന്നു പരീക്ഷിച്ചാലോ എന്നു തോന്നി.

തേടിയവള്ളി കാലിൽ ചുറ്റിയെന്നു പറഞ്ഞപോലെ, കാണാനഴകുള്ള ഒരു കറമ്പി സെയിൽസ് ഗേൾ അതുവഴി വന്നു.

'മെ ഐ ഹെൽപ് യൂ?'-എന്തൊരു വിനയം! ഞാനൊന്നു പരുങ്ങി- അപ്പോഴാണ് അവരുടെ പിൻഭാഗം എന്റെ ശ്രദ്ധയിൽ പെട്ടത് -പത്ത് 'ഹണിറോസുമാർ' ഒരുമിച്ചു നിന്നാൽ പോലും അവളുടെ ഏഴയിലത്തു വരില്ലാ. കേരളത്തിലായിരുന്നെങ്കിൽ സ്വർണ്ണക്കടയുടേയും, തുണിക്കടകളുടേയും ഉദ്ഘാടനത്തിനു പോയി ഇവൾക്കു കോടികൾ സമ്പാദിക്കാമായിരുന്നല്ലോ എന്നു മനസ്സിൽ പറഞ്ഞു.

'I need cow-?'

'What ?'

അവളുടെ പിൻഭാഗത്തേക്കു ചൂണ്ടിക്കൊണ്ട്, 'I need Cowshit'.

അതിനു കിട്ടിയ മറുപടി കേട്ട്, മരിച്ചു പോയ എന്റെ മാതാപിതാക്കളുടെ ആത്മാക്കൾ പോലും എന്നെ ശപിച്ചു കാണും.

അതിനിടയിൽ എന്റെ കൃഷിമോഹം അറിഞ്ഞ ഒരു സുഹൃത്ത്, ഒരു കപ്പത്തണ്ടും, വാഴവിത്തും സ്മ്മാനിച്ചു.

'നല്ല ഒന്നാന്തരം കപ്പയാ- പുഴുങ്ങിത്തിന്നാൽ നല്ല ഏത്തക്കായുടെ രുചിയാ-' തന്റെ കപ്പയുടെ മഹാത്മ്യത്തെ അയാൾ വർണ്ണിച്ചു.

'എന്നാൽപ്പിന്നെ ഇത്ര കഷ്ടപ്പെടാതെ, ഏത്തക്കാ വാങ്ങി കഴിച്ചാൽപ്പോരേ?'- എന്നു ഞാൻ ചോദിച്ചത് അയാൾക്കത്ര പിടിച്ചില്ല.

പാവലും, പടവലവും മുളയ്ക്കുന്നതിനു മുമ്പുതന്നെ, അവർക്കു പടർന്നു പന്തലിക്കുവാൻ വേണ്ടി, എന്റെ ആരോഗ്യ പരിമിതിയിൽ നിന്നുകൊണ്ട്, ഞാനൊരു 'സോമാലിയൻ' പന്തലൊരുക്കി.

ഞാൻ കൃഷിയിറക്കിയ മാർച്ചു മുതൽ ഇതുവരെ ഈ പ്രദേശത്ത് ഒരു തുള്ളി മഴ പെയ്തിട്ടില്ല.

ഏതായാലും നനഞ്ഞിറങ്ങി-രാവിലെയും വൈകീട്ടും ചിലപ്പോൾ നട്ടുച്ചക്കും ചെടിക്കു വെള്ളമടിച്ചു.

'ഉച്ചസമയത്തു ചെടിക്കു വെള്ളമൊഴിക്കരുത്'-ഭാര്യയുടെ ഉപദേശം- 'അതെന്താ?'

'സൂര്യപ്രകാശത്തിലല്ലേ ചെടികൾ ഭക്ഷണം പാകം ചെയ്യുന്നത്. ആ സമയത്ത് വെള്ളം ഒഴിച്ചാൽ ചെടികൾ വാടിപോകും-'

' പിന്നെ-ഉച്ച സമയത്തു ചെടികൾ പൊറോട്ടയടിക്കുകയല്ലേ? ഭഒന്നു കേറിപ്പോടി-' ഭാര്യയുടെ ഉപദേശം ഞാൻ ചവറ്റു കുട്ടയിലെറിഞ്ഞു-

ഒരു ദിവസം രാവിലെ സുഹൃത്ത് സണ്ണി കോന്നിയൂർ ന്യൂയോർക്കിൽ നിന്നും വിളിച്ചു- 'രാവിലെ എന്നാ പരിപാടി?' പതിവു കുശലാന്വേഷണം- 'വെള്ളമടിക്കുകയാ-' എന്റെ പൊന്നളിയാ-അതിരാവിലെ തുടങ്ങിയോ-കൂമ്പു വാടിപ്പോകും-' ചെടിക്കു വെള്ളമടിച്ചു കൊണ്ടിരുന്ന എന്റെ മറുപടി ദുർവ്യാഖ്യാനിക്കപ്പെട്ടു.

ഇതിനിടയിൽ ഒന്നുരണ്ടു ഉണക്ക വെണ്ടായ്ക്കായുടേയും, രണ്ടു മൂന്നു മുന്തിരിങ്ങാവലുപ്പത്തിലുള്ള തക്കാളിയുടേയും ഒരു ഫോട്ടോ എടുത്ത് എന്റെ ഭർത്താവിന്റെ കൃഷി, എന്ന ക്യാപ്ഷനോടു കൂടി ഫേസ്ബുക്കിൽ, ഞാനറിയാതെ ഭാര്യ പോസ്റ്റു ചെയ്തു.

അതിനടിയിൽ ചില സാമൂഹ്യവിരുദ്ധർ അശ്ലീല കമന്റുകൾ ഇട്ടു.

വാഴത്തൈ തന്നവൻ ഒരു മാസം കഴിഞ്ഞപ്പോൾ മുതൽ വിളി തുടങ്ങി- വാഴ കിളിച്ചോ, കുലച്ചോ തുടങ്ങിയ ചോദ്യങ്ങൾ-

അയാൾ വീണ്ടും വിളിച്ചപ്പോൾ, ഞാൻ നിരാശ കലർന്ന അരിശത്തിൽ പറഞ്ഞു-

'വാഴ കുലച്ചു- കുറച്ചു പഴുപ്പിച്ചു കുറേ പുഴുങ്ങി- ബാക്കിയുള്ളത് വറുത്ത് ഉപ്പേരിയാക്കി വെച്ചിരിക്കുകയാ ഓണ സദ്യക്ക് വിളമ്പുവാൻ-' അതോടു കൂടി ആ സുഹൃത്ബന്ധത്തിനു തിരശ്ശീല വീണു-

'കണ്ണീരോടെ വിതക്കുന്നവൻ, ആർപ്പോടെ കൊയ്യും' എന്നാണ് തിരുവചനമെങ്കിലും, ഞാൻ ആർപ്പോടെ വിതച്ചത് കണ്ണീരോടെ പിഴുതു കളഞ്ഞു-

മതി മക്കളെ മതി

ഇനി ഈ പണിക്കു ഞാനില്ല.

ഓരോരുത്തർക്ക്, ഓരോ പണി പറഞ്ഞിട്ടുണ്ട്-അതിനപ്പുറത്തേക്ക് കടന്നാൽ പണി കിട്ടും.


HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ



നാല്പതു വർഷത്തിനാലെ-4
**മീനു എലിസബത്ത്**

ഡാലസിൽ കടുത്ത വേനൽ അവസാനിക്കുകയും മഴ തുടങ്ങുകയും ചെയ്തു. മാസങ്ങൾ കടന്നുപോകുമ്പോളേക്കും ഞങ്ങൾ നാല് പേരും ഡ്രൈവിങ് പഠിച്ചു. പഴയ രണ്ടു വണ്ടികൾ വാങ്ങി. കുറച്ചുകൂടി ഭേദപ്പെട്ട ജോലി മാതാപിതാക്കൾക്കു ലഭിച്ചു. അവർ ഒരുമിച്ചായി പോക്കും വരവും.

സ്കൂൾ വർഷം തുടങ്ങിയപ്പോൾ സഹോദരനെ ഹൈസ്കൂളിൽ ചേർത്തു. സ്കൂൾ കഴിഞ്ഞു വന്നു അവൻ പിറ്റ്സ്സ ഹട്ടിൽ ജോലിക്കു പോകും. തിരികെ വരുമ്പോൾ അവന്റെ വീതം നല്ല കിടിലൻ പിറ്റ്സ്സ പതിവായി. ക്രസ്റ്റിൽ നിറയെ പലതരം ടോപ്പിങ്‌സ് നിരത്തിയ മീറ്റ് ആൻഡ് സോസേജ് കൂടുതലുള്ള പിറ്റ്സ്സ. ആഹാഹ!

വന്നയിടക്ക് ചില അമേരിക്കൻ ഭക്ഷണങ്ങൾ ഇഷ്ടമായിരുന്നില്ല. ഇവിടുത്തെ പാല്, മുട്ട, ഇറച്ചി ഇവക്കൊന്നും രുചിയില്ലന്നു തോന്നിയിരുന്നു. പച്ചക്കറിയുടെയും പഴങ്ങളുടെയും അമിത വലുപ്പം കണ്ടു അത്ഭുതം കൂറിയിട്ടുണ്ട്. ഇന്ന് രാസവളം ഉപയോഗിച്ച് വലുപ്പം വെപ്പിച്ചതും വിഷമടിച്ചതുമായ പച്ചക്കറികൾ നാട്ടിലും സാധാരണം. വെസ്റ്റേൺ ഭക്ഷണശാലകൾ കേരളത്തിൽ ധാരാളം. പുതുതായി വരുന്നവർക്ക് ഭക്ഷണമൊന്നും പ്രശ്നമല്ല.

മഴ മാറി മാനം തെളിയുന്നത് പോലെ ജീവിതം അൽപ്പമൊന്നു തെളിഞ്ഞു. എല്ലാ തിരമാലയും കുറച്ചു കഴിഞ്ഞു ശാന്തമാകുമല്ലോ. അതാണല്ലോ നിയതിയുടെ ഒരു താളം.

അന്ന് നാടുമായുള്ള ബന്ധം എഴുത്തുകുത്തുകളിൽ മാത്രമാണ്. ഇന്റർനാഷണൽ ഫോൺ ചാർജൊക്കെ ഭീമമായതിനാൽ വിളി കുറവാണ്.

മെല്ലെ അമേരിക്കയുമായി ഒരു സമരസന്ധി ഉണ്ടാവുകയാണ്. സമവായം നടപ്പിലാവുകയാണ്, ഇടക്കൊക്കെ ഹ്യൂസ്റ്റൻ, ഓസ്റ്റിൻ, സാൻ അന്റോണിയോ എന്നി ചെറുപട്ടണങ്ങളിലേക്കുള്ള യാത്രകൾ, അമ്യൂസ്മെന്റ് പാർക്കുകൾ. ഔട്ടിംഗുകൾ. പാർട്ടികൾ. അമേരിക്ക ഞങ്ങളുടെ ഗൃഹാതുരത്വം അൽപ്പമൊന്നു മാറ്റിയെടുക്കുകയാണ്. ഞങ്ങൾ അമേരിക്കയെ സ്നേഹിച്ചു തുടങ്ങുകയാണ്. എങ്കിലും നാടും വീട്ടുകാരും ഒരു വേദനയായി ഉള്ളിലുണ്ട്. ഉണ്ടാകുമല്ലോ. അതങ്ങിനെയാണല്ലോ.

വന്നപ്പോൾ മുതൽ അടുത്തുള്ള പള്ളിയിൽ പോകുന്നുണ്ട്. താമസിയാതെ ഞങ്ങൾ അംഗത്വം സ്വീകരിച്ചു. സജീവമാകുന്നു. കൊയറിൽ ചേരുന്നു. യുവജനസംഘ്യത്തിൽ ചേരുന്നു. പുതിയ കൂട്ടുകാർ.

അഞ്ചു ദിവസത്തെ ജോലിയുടെയും സ്കൂളിന്റെയും കഷ്ടപ്പാടൊക്കെ മറക്കുന്നത് ശനിയും ഞായറുമാണ്. പള്ളിയിൽ ചെല്ലുമ്പോഴാണ്. അവിടെ മലയാളം പറയാം. പാട്ടു പാടാം. പ്രാർത്ഥിക്കാം. ഇടയ്ക്കു വീടുകളിൽ പ്രാർത്ഥനായോഗങ്ങൾക്ക് പോകാം. ആയിടക്ക് നാട്ടിൽ നിന്നും വന്ന സമപ്രായക്കാരായ ചില പിള്ളേർ പള്ളിയിലുണ്ട്. ബന്ധുക്കളുണ്ട്. താമസിക്കുന്ന സിറ്റിയിൽ നിന്നും അമ്പതു മിനിറ്റ് ദൂരെയാണെങ്കിലും, എല്ലാവർക്കും പള്ളിയിൽ പോകാൻ വളരെ ഉത്സാഹമായിരുന്നു. ഞങ്ങളുടെ ഗൃഹാതുരത്വം കുറക്കാൻ പള്ളിയും നല്ല രീതിയിൽ സഹായിച്ചു. അന്യഥാബോധം അൽപ്പമൊന്നു മാറി ഒരു ബിലോങിങ് ഫീലിംഗ് വന്നു തുടങ്ങി.

ഗായകസംഗത്തോടും സംഗീതത്തോടുമുള്ള ബന്ധം എനിക്ക് പള്ളത്തു വെച്ചേയുണ്ട്. പള്ളത്തു പള്ളിയുടെ കൊയറിൽ ചെറുപ്രായം മുതലേയുണ്ട്. അതിനാൽ പുതിയ പള്ളിയിൽ കൊയർ പാടാൻ സന്തോഷമേ ഉണ്ടായിരുന്നുള്ളു.

ഒരു തിങ്കളാഴ്ച്ച രാവിലെ ഒരു ഫോൺ കാൾ. കൂട്ടുകാരിയാണ് ..

" എടി .. നീയറിഞ്ഞോ? നമ്മടെ പള്ളിലെ ജോജിയില്ലെ ? ജോജി ഇന്നലെ രാത്രി മരിച്ചെന്ന്!

"അയ്യോ" എന്നൊരു ശബ്ദം മാത്രമേ എന്നിൽ നിന്നും വന്നുള്ളൂ. അവൾ തുടർന്നും എന്തൊക്കെയോ പറഞ്ഞു. കേട്ട കാര്യങ്ങളൊന്നും വിശ്വസിക്കാൻ കഴിഞ്ഞില്ല. തലേ ദിവസം കൂടി ഗായകസംഘക്കാരെ പാട്ടൊക്കെ പ്രാക്ടീസ്ചെയ്തു പഠിപ്പിച്ചു വിട്ടയാളാണ് ജോജി.

അവൾ ഫോൺ വെച്ചു

അവൾ പറഞ്ഞതൊന്നും സത്യമാകല്ലേ എന്ന് ആഗ്രഹിച്ചു ഞാൻ സംസാരിക്കാനാവാതെ നിന്നു. .

ജോജിയെക്കുറിച്ചോർത്തു.

പള്ളിയിൽ അന്നൊക്കെ കീ ബോർഡ് വായിച്ചിരുന്ന ആളാണ് ജോജി. സുമുഖൻ, സുന്ദരൻ, സുശീലൻ എന്നൊക്കെ വിശേഷിപ്പിക്കാവുന്നയാൾ. വെള്ള ഫുൾ സ്ലീവ് ഷർട്ടും, ടൈയും കറുത്ത പാന്റുമാണ് ആ ഇരുനിറക്കാരന്റെ സ്ഥിരം വേഷം. മുഖത്തെപ്പോഴും പുഞ്ചിരിയും പ്രസാദവും. അന്നദ്ദേഹത്തിനു ഒരു മുപ്പത്തിഅഞ്ചിൽ താഴെയാവും പ്രായം. അവിവാഹിതൻ. ജോജി പള്ളിയിൽ വളരെ സജീവമാണ്. പള്ളിയുടെ ഏത്പരിപാടിക്കും പിള്ളേരെ പാട്ടു പ്രാക്ടിസ് ചെയ്യിക്കുന്നത് ജോജിയാണ്. അധിക സംസാരമോ ബഹളമോ ഒന്നുമില്ല. പാട്ടല്ലാതെ ഒരു വിഷയവും അദ്ദേഹത്തിനില്ല. എല്ലാവർക്കും ഒരു ബഹുമാനം നിറഞ്ഞ സ്നേഹമായിരുന്നു ജോജിയോട്. ഇത്രയും മാത്രമേ അന്ന് വരെ ജോജിയെക്കുറിച്ചു അറിയൂ. ഞാൻ പള്ളത്തുകാരിയാണെന്നറിഞ്ഞപ്പോൾ ഫാദർ. ടി.ജെ. ജോഷാച്ചന്റെ വിവരങ്ങൾ അന്വേഷിച്ചു. അച്ചനും ജോജിയും പരിചയക്കാരായിരുന്നത്രെ.

പതിവ് പോലെ ആ ഞായറാഴ്ചയും പള്ളി കഴിഞ്ഞു കൊയർ പ്രാക്ടീസ് ഉണ്ടായിരുന്നു. ജോജി കീ ബോർഡ്വായിച്ചു. ഞങ്ങൾ പാടി. പിരിഞ്ഞു.

ഇന്ന് കേൾക്കുന്നത് അദ്ദേഹത്തിന്റെ മരണവാർത്തയാണ്. അതും ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ട വാർത്ത. അദ്ദേഹത്തിന്റെ ബോഡി കാണുന്നത് സ്വന്തം വീട്ടിലോ വഴിയിലോ ഒന്നുമല്ല. ആ പള്ളിയിലെ തന്നെ മധ്യവയസ്കയായ ഒരു സ്ത്രീയുടെ കാർ ഗരാജിലായിരുന്നു മരിച്ച നിലയിൽ ജോജിയെ കാണപ്പെട്ടത്!

സ്ത്രീ കുറെ നാളായി ഭർത്താവുമായി ബന്ധം പിരിഞ്ഞു നിൽക്കുകയാണ്. അവരുടെ ഗരാജിൽ വണ്ടിയിലിരുന്ന് പാട്ടുകേട്ട് ജോജി


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

ഉറങ്ങി പോയിരിക്കാമെന്നും വിഷവാതകമായ കാർബൺ ഡയോക്സൈഡ് ശ്വസിച്ചായിരിക്കും മരണമെന്നും അതല്ല ആത്മഹത്യ ആയിരിക്കാമെന്നും, ആരോ കരുതിക്കൂട്ടി ചെയ്ത കൊലപാതകമാകാനും സാധ്യതയുണ്ടെന്നുമുള്ള അഭ്യൂഹങ്ങളും കിംവദന്തികളും ഡാലസിൽ പെട്ടെന്ന് പരന്നു. കേട്ട കഥകൾ ആപള്ളിയിലുള്ളവരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. അന്നു ലാൻഡ് ഫോൺ മാത്രമേ ഉള്ളു. ജോജിയുടെ മരണത്തെക്കുറിച്ചുള്ള പൊടിപ്പും തൊങ്ങലും മസാലയും വെച്ച വാർത്തകൾ കുറെ നാൾ ഡാളസ് മലയാളികൾ പാടി നടന്നു. വിവാഹമോചിതയും സാമാന്യം സൗന്ദര്യവും ഉള്ള ഒരു സ്ത്രീ ഉൾപ്പെട്ടസംഭവമായിരുന്നതിനാൽ മസാലയുടെയും ഭാവനയുടെയും അളവ് കൂടി വന്നു.

ദുരൂഹ മരണം സംഭവിച്ച ജോജിക്ക് അമേരിക്കയിൽ മാതാപിതാക്കളോ കുടുംബമോ കൂടപ്പിറപ്പുകളോ ഇല്ലാതിരുന്നതിനാൽ കേസ് കൊടുക്കാനോ കുത്തിപ്പൊക്കാനോ ആരും മുന്നോട്ട് വന്നില്ല.

പോസ്റ്റുമാർട്ടം കഴിഞ്ഞു പെട്ടെന്ന് തന്നെ ശവസംസ്കാരവും നടന്നു.

പിറ്റേ ഞായറാഴ്ച്ച കീ ബോഡിന്റെ അകമ്പടിയില്ലാതെ കൊയർ പാടി. ജോജിക്ക് വേണ്ടി പള്ളിക്കകത്തു ധൂപപ്രാർത്ഥന നടന്നു.

''കരുണ നിറഞ്ഞവനെ പുനരുദ്ധാനത്തിൽ

നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ''

എന്ന പാട്ടു പാടുമ്പോൾ ഒഴിഞ്ഞു കിടന്ന കീ ബോർഡിലേക്കും ഇരിപ്പിടത്തിലേക്കും നോക്കാൻ ഞങ്ങൾ പിള്ളേർക്ക് വിഷമമായിരുന്നു.

പിന്നീടാരും ജോജിയുടെ മരണത്തെക്കുറിച്ചു സംസാരിക്കുന്നത് പോലും കേട്ടിട്ടില്ല. അതേക്കുറിച്ചു ചർച്ച ചെയ്യാൻ ആൾക്കാർക്ക് മടിയുള്ളതു പോലെ. പേടിയുള്ളതു പോലെ. പിന്നീട് പുറത്തു വന്ന കഥകളും പേടിപ്പെടുത്തുന്നവയായിരുന്നു. ശ് ശ് ശ് !

ഇന്നും പഴയ ചില പാട്ടുകളുടെ ഈണം കേൾക്കുമ്പോൾ ഞാനാ മനുഷ്യനെക്കുറിച്ചോർക്കും.

എന്ത് പറ്റിയതായിരിക്കും ആ കലാകാരന്? എപ്പൊഴും പുഞ്ചിരിച്ചു മാത്രം കണ്ടിട്ടുള്ളയാൾ ആത്മഹത്യ ചെയ്തെന്നു വിശ്വസിക്കാൻ പ്രയാസം! അപകടമരണമോ ? കൊലപാതകമോ? എങ്കിൽ ആര് ? എന്തിനു ? ഇതെല്ലം ഉത്തരം ഇല്ലാത്ത ചോദ്യങ്ങളായി ഡാലസിന്റെ അന്തരീക്ഷത്തിൽ ഒരു പ്രഹേളികയായി ഇന്നും അവശേഷിക്കുന്നു!

ൃലമറ ാീൃല: വഛ്വേ://ലാമഹമ്യമഹലല.രീാ/ിൃശല്വേ/14

# ഫോമാ യൂത്ത് റെപ്രസെന്റേറ്റീവായി ഡൊണൾഡ് ജോഫ്രിൻ മത്സരിക്കുന്നു



ന്യു യോർക്ക്: ഫോമാ യൂത്ത് റെപ്രസെന്റേറ്റീവായി ഡൊണൾഡ് ജോഫ്രിനെ യോങ്കേഴ്സ് മലയാളി അസോസിയേഷൻ നോമിനേറ്റ് ചെയ്തതായി പ്രസിഡന്റ് പ്രദീപ് നായർ അറിയിച്ചു .

ഡെലവെയർ യൂണിവേഴ്സിറ്റിയിൽ ബിരുദ വിദ്യാർത്ഥിയായായ ഡൊണാൾഡ് ജോഫ്രിൻ വാഴ്സിറ്റി ബോയ്സ് നീന്തൽ ടീമിന്റെ ക്യാപ്റ്റനും ചെസ്സ് ക്ലബ്ബ് പ്രസിഡന്റുമാണ്. ഇതിനു പുറമെ ബിസിനസ് ഹോണർ സൊസൈറ്റി ട്രഷർ, നാഷണൽ ഹോണർ സൊസൈറ്റി സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

നോർത്ത് റോക്ക്ലാൻഡ് ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ മുതൽ സാമൂഹിക രംഗത്തും ബൗദ്ധിക തലത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഫോമായുടെ യുവജനപ്രതിനിധി എന്ന നിലയിൽ മികച്ച സംഭാവനകൾ ഡോൺ നൽകുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ടെന്ന് എമ്പയർ റീജിയൻ ആർ.വി.പി ഷോളി കുമ്പിളുവേലി, നാഷണൽ കമ്മിറ്റി അംഗങ്ങളായ ബെറ്റി ഉമ്മൻ, ഷിനു ജോസഫ്, വനിതാ പ്രതിനിധി ടീന ആശിഷ് എന്നിവർ പറഞ്ഞു.

യോങ്കേഴ്സ് മലയാളി അസോസിയേഷൻ സെക്രട്ടറിയും മുൻ നാഷണൽ ജോ. ട്രഷററും ഫോമാ ജുഡീഷ്യൽ കൗൺസിൽ വൈസ് ചെയറുമായ ജോഫ്രിൻ ജോസിന്റെ പുത്രനാണ്

# പൊതിച്ചോറ് കട്ട ഹെഡ്മാസ്റ്റർ






<u>സിനിമാവലോകനം</u>

**ഫാദർ ജോൺ പിച്ചാപ്പിള്ളി**


തൂലികക്ക് പടവാളിനേക്കാൾ ശക്തിയുണ്ട് എന്ന മഹദ്വചനം അന്വർത്ഥമാക്കുന്നതാണ് മലയാള കഥാചരിത്രത്തിന്റെ പിതൃസ്ഥാനത്തു നിൽക്കുന്ന കാരൂർ നീലകണ്ഠപ്പിള്ളയുടെ കൃതികൾ. സൂക്ഷ്മമായ ജീവിത നിരീക്ഷണങ്ങൾ കൊണ്ട് വേറിട്ടു നിൽക്കുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ. അതിനൊരു മകുടോദ്ദാഹരണമാണ് അദ്ദേഹത്തിന്റെ 'പൊതിച്ചോറ്' എന്ന ചെറുകഥ. 1950 കാലഘട്ടത്തിലെ കേരളീയ വിദ്യാലയങ്ങളുടെ പരിതാപകരമായ അവസ്ഥയും അദ്ധ്യാപകരുടെ ദുരിതജീവിതവുമാണ് ഇതിൽ ഒരു അദ്ധ്യാപകൻകൂടിയായ കാരൂർ നേർ ചിത്രമായി വരച്ചുകാട്ടിയിരിക്കുന്നത്. 'എത്രമേൽ അസഹ്യമായ വിശപ്പുണ്ടെങ്കിലാണ് അന്യന്റെ ചോറെടുത്തുണ്ണുക?' എന്ന പൊതിച്ചോറിലെ ഹൃദയത്തിൽ പതിച്ച ചോദ്യം ചിന്താവിഷയമായതും പഠിച്ചതും പഠിപ്പിച്ചതും



**ഒരു ചിത്രത്തിന് ഒരായിരം വാക്കുകളുടെ വിലയുണ്ട് എന്ന പഴമൊഴി ദൃശ്യവൽക്കരിക്കുതാണ് ഈ സിനിമയിൽ മേൽപറഞ്ഞതാരങ്ങളുടെ മുഖങ്ങൾ. അനുഭവിക്കുക, അനുഭവിപ്പിക്കുക എന്ന കലാധർമ്മം അവർ സത്യസന്ധമായി നിറവേറ്റി. ഇതിലെ കഥാപാത്രങ്ങൾ നമുക്കുനേരെ പിടിച്ചിരിക്കുന്ന കണ്ണാടികളാണ്.**



സന്ദേശ വിഷയമായതുമെല്ലാം ഓർത്തു പോകുന്നു. ഈ കഥയിൽ നമ്മെ സ്വാധീനിക്കുന്ന പലതും ഒളിഞ്ഞിരിക്കുന്നു. ജോസഫ് മുണ്ടശ്ശേരി ഈ ശക്തമായ കഥ കേരള നിയമസഭയിൽ അവതരിപ്പിച്ചതും വിദ്യാഭാസ രംഗത്ത് പല പരിവർത്തനങ്ങൾക്കും അത് കാരണമായതും നമുക്ക് അറിവുള്ള താണല്ലോ.

ഒരു കാലഘട്ടത്തിന്റെ, ഒരു പക്ഷെ ഇന്നും ഒരുപാടുപേരുടെ പറയപ്പെടാതെ പോകുന്ന, മനസ്സുണർത്തുന്ന മനോഹരമായ 'പൊതിച്ചോറ്' എന്ന ഈ കഥയുടെ ചലച്ചിത്രാവിഷ്ക്കാരമാണ് നമ്മുടെ മുന്നിലെത്തിയിരിക്കുന്ന 'ഹെഡ്മാസ്റ്റർ.'

പൊതിച്ചോറ് ആസ്വദിച്ച അതേ താത്പര്യത്തോടെ തന്നെ ഹെഡ്മാസ്റ്ററുടെ മുന്നിലും ഒന്നര മണിക്കൂർ ഇരുന്ന ഞാനും സുഹൃത്തുക്കളും അതിലെ അഗാധമായ പ്രമേയത്തിലും, ജീവിക്കുന്ന കഥാപാത്രങ്ങളിലും ആമഗ്നരായി. ദുഃഖത്തെയും പ്രതിസന്ധികളെയും മൗനത്തിലൊതുക്കിയ പൊതിച്ചോറിലെ ഹെഡ്മാസ്റ്റർ ആ അച്ചാണിയിലാണല്ലോ ഈ സിനിമ ചുരുളഴിയുന്നത് തമ്പി ആന്റണിയിലൂടെയും, അദ്ദേഹത്തിന്റെ ദാരിദ്ര്യം സഹിക്കുന്ന വീട്ടമ്മയായ ഭാര്യ മഞ്ജുപിള്ളയിലൂടെയും, അവരുടെ കദന കഥയെല്ലാം ഹൃദയത്തിലൊതുക്കിയ മകൻ ബാബു ആന്റണിയിലൂടെയും കൈയും കാലും മുഖവും വച്ച് മുന്നിൽ തെളിഞ്ഞപ്പോൾ കഥയുടെ ആഴത്തിലേക്കും പട്ടിണി എന്ന ദുരവസ്ഥയുടെ ക്രൂരമുഖത്തേക്കും സാമൂഹിക വ്യവസ്ഥിതിയിലേക്കും ഒരെത്തിനോട്ടമായി. കഥയിലെ മറ്റു പ്രമുഖ കഥാപാത്രങ്ങൾക്കു തിരശീലയിൽ ഒന്നിനൊന്നു മെച്ചമായിട്ട് ജീവൻ നൽകിയ ജഗദീഷ്, മധുപാൽ, സുധീർ കരമന, പ്രേംകുമാർ, ആകാശ് രാജ്, കാലടി ജയൻ, പൂജപ്പുര രാധാകൃഷ്ണൻ, സേതു ലക്ഷ്മി, ദേവി, സഞ്ജു ശിവറാം, ശങ്കർ രാമകൃഷ്ണൻ, ബാലാജി, ശിവൻ സോപാനം, പ്രതാപ്കുമാർ, മിനി, ദർശന ഉണ്ണി എന്നിവരും പ്രശംസയർഹിക്കുന്നു. കാരൂരിന്റെ കഥയിൽ പ്രധാന കഥാപാത്രങ്ങൾക്ക് പേരുകളില്ല. കാരണം, അവർ നമ്മളോരോരുത്തരുമാണ്, അന്നും ഇന്നും. നമ്മുടെ ഇടയിൽ ഇതിലെ കഥാപാത്രങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്നു, പക്ഷെ പലരും അതറിയുന്നില്ല.

ഒരു ചിത്രത്തിന് ഒരായിരം വാക്കുകളുടെ വിലയുണ്ട് എന്ന പഴമൊഴി ദൃശ്യവൽക്കരിക്കുതാണ് ഈ സിനിമയിൽ മേൽപറഞ്ഞതാരങ്ങളുടെ മുഖങ്ങൾ. അനുഭവിക്കുക, അനുഭവിപ്പിക്കുക എന്ന കലാധർമ്മം അവർ സത്യസന്ധമായി നിറവേറ്റി. ഇതിലെ കഥാപാത്രങ്ങൾ നമുക്കുനേരെ പിടിച്ചിരിക്കുന്ന കണ്ണാടികളാണ്.

പൊതിച്ചോറ് കട്ടുതിന്ന ഗുരുനാഥന് (തമ്പി ആന്റണി) കുറ്റബോധവും ജാള്യതയും ഉള്ളിലൊതുക്കി കള്ളനെ കണ്ടുപിടിക്കാൻ വടിയുമായി നടന്ന് അന്വേഷണം നടത്തേണ്ടിവരുന്നതും കളവു പാപമാണ് എന്നുപദേശിക്കേണ്ടി വരുതുമായ ആ നിസ്സഹായത ഉള്ളിൽ തട്ടുന്നതാണ്. 'ഞാൻ പിന്നെ എന്തുചെയ്യണമായിരുന്നു?' എന്ന് ആ ഓംസാർ ചോദിക്കുന്നുണ്ടല്ലോ. വിധിക്കുമുന്നിൽ തോറ്റുപോയ ഹെഡ്മാസ്റ്ററായ അച്ഛനെ, ഈ കഥാപാത്രം തനിക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടത് എന്നപോലെ തന്മയത്വത്തോടെയാണ് തമ്പി ആന്റണി അവതരിപ്പിച്ചിരിക്കുന്നത്. ഏറ്റവും നല്ല സഹനടനുള്ള കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷന്റെ അവാർഡ് ഈ കഥാപാത്രാവതരണത്തിന് തമ്പിക്കു ലഭിച്ചു. ഒരു നിഷ്കളങ്ക ഗ്രാമത്തിന്റെ, മനുഷ്യാവകാശത്തിന്റെ, കഥ പറഞ്ഞ ഈ കുടുംബചിത്രം 'ഏറ്റവും നല്ല ചലച്ചിത്രം' എന്നതടക്കം കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷന്റെ മറ്റ് ആറ് അവാർഡുകൾ കൂടി കരസ്ഥമാക്കിയെന്നതും അഭിമാനകരം തന്നെ.

സിനിമയിലെ നാടകീയതക്കുവേണ്ടി കഥയിൽ ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും ഇതിവൃത്തം സുവിദിതമായതുകൊണ്ട് ആവർത്തിക്കുന്നില്ല, പക്ഷെ, കഥപോലെ, അഭിനയം പോലെ കരളിൽ കൊള്ളുന്നതാണ് ഇതിലെ സംഭാഷണങ്ങൾ. അവയിൽ ചിലത് ചൂണ്ടിക്കാണിക്കട്ടെ.

'നീ വലിയ സ്വപ്നങ്ങൾ കണ്ടുവേണം വളരാൻ. കോളേജിലൊക്കെ പഠിപ്പിക്കുന്ന സാറാകണം. അച്ഛനെപ്പോലെ പ്രായോഗിക ബുദ്ധിയില്ലാത്തവനായി വളരരുത്,' ഹെഡ്മാസ്റ്റർ സ്വന്തം മകനു കൊടുക്കുന്ന ഉപദേശം.

'സ്വർണ്ണപ്പാത്രം കൊണ്ട് മൂടിവച്ചാലും സത്യം എപ്പോഴെങ്കിലും പുറത്തുവരും....അച്ഛൻ പരാജയപ്പെട്ടിടത്തുനിന്നാണ് ഞാൻ എന്റെ പോരാട്ടം തുടങ്ങിയത്,' വിധിയെ തോല്പിച്ച മകന്റെ അസാധാരണ അഭിനയത്തിൽ ബാബു ആന്റണി.

'ആർക്കാനും വേണ്ടി ഇങ്ങനെ പണിയെടുക്കതല്ലാതെ ഇദ്ദേഹത്തെക്കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ അമ്മേ; .. മരിച്ചോളാം, ഞാൻ മരിച്ചോളാം, ഈ കൊ





ച്ചുങ്ങളെ പിന്നെ ആരുനോക്കും,' മഞ്ജുപിള്ള.

അദ്ധ്യാപകർക്കെന്നല്ല ഏതുജോലിക്കാരനായാലും അവരർഹിക്കുന്ന ശബളം; ആരും പട്ടിണി കിടക്കാത്ത ലോകം. എന്തൊരു ശക്തവും മഹനീയവുമായ ചിന്തകൾ.

ഒരു നല്ല കലാസൃഷ്ടിക്കു പിന്നിൽ ഒരുപാട് പ്രതിഭകളുടെ അശ്രാന്ത പരിശ്രമമുണ്ടല്ലോ. ചാനൽ ഫൈവിന്റെ ബാനറിൽ ശ്രീലാൽ ദേവരാജും പ്രേമതെക്കേക്കും ചേർന്ന് നിർമ്മിച്ച ഈ സിനിമയുടെ സംവിധായകൻ ഒരുപാട് പുരസ്കാരങ്ങൾ നേടിയിട്ടുള്ള പരിചയസമ്പനായ രാജീവ് നാഥാണ്. ഒപ്പം, രാജീവ് നാഥ്,കെ.ബി. വേണു (തിരക്കഥ, സംഭാഷണം), പ്രവീൺ കുമാർ (ഛായാഗ്രഹണം), ബീനാ പോൾ (എഡിറ്റിംഗ്), രാജീവ് കുടപ്പനക്കുന്ന് (പ്രൊഡക്ഷൻ കട്രോളർ), ആർ കെ (കല), തമ്പി ആര്യനാട് (കോസ്റ്റിയും), ബിനു കരുമം (ചമയം), രാജൻ മണക്കാട് (പ്രൊഡക്ഷൻ എക്സിക്യുട്ടീവ്), വിവി എസ് ബാബു (സ്റ്റിൽസ്), അജയ് തുണ്ടത്തിൽ (പി.ആർ.ഓ) എന്നീ വൈഭവമുള്ളവരുടെ ഒരു ഒന്നാന്തരം ടീമും.

ഹെഡ്മാസ്റ്ററിലെ ഏറ്റം ശ്രദ്ധേയമായ ഒരു ഭാഗമാണ് സംഗീതം. ഇതിലെ ആഴവും അർത്ഥവുമുള്ള വരികൾ രചിച്ച പ്രഭാവർമ്മയേയും അവയക്ക് ചേരും പടിയുള്ള ഈണമിട്ട കാവാലം ശ്രീകുമാറിനേയും പശ്ചാത്തലസംഗീതം ചേർത്ത റോണി റാഫേലിനെയും അവ അറിഞ്ഞാലപിച്ച ഗായകർ പി.ജയചന്ദ്രനേയും നിത്യാ മാമ്മനേയും എത്ര അഭിനന്ദിച്ചാലും കൂടുതലാകില്ല.

ജയചന്ദ്രന്റെ 'മാനത്ത് പൊതിച്ചോറൊരു മേഘം കവരുന്നു, കണ്ടീലക്കളവിന്നാരാരും..' അത്രക്കും അർത്ഥഗർഭവും സന്ദർഭോചിതവും ഹൃദയത്തിൽ പതിയുന്നതുമാണ്. നിത്യാ മാമ്മനെ കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷന്റെ ഏറ്റവും നല്ല പിന്നണിഗായികക്കുള്ള അവാർഡിനർഹയാക്കിയ 'ആയിരത്തിരി..' എന്നു തുടങ്ങുന്ന, എങ്ങും എവിടെയും ആലപിക്കാൻ പര്യാപ്തമായ പ്രാർത്ഥാഗാനമാണ് രണ്ടാമത്തേത്. ഇതിലെ ചില വരികൾ എടുത്തു പറയാതെ വയ്യ. 'ആന്ധ്യമാകെയകറ്റി വെട്ടമിയറ്റുവാനുണരേണമേ.... തെറ്റിലേക്ക് പതിച്ചിടാതെ മനസ്സു നേരിലുറയ്ക്കണം...;സങ്കടങ്ങളതെങ്ങു കാൺകിലും ഇങ്ങു കൺകൾ തുളുമ്പണം...; വിങ്ങുമേതു മനസ്സിനൊപ്പവും ഉള്ളു നിന്നു തുടിക്കണം..; മഞ്ഞുതുള്ളികണക്കെ ശുദ്ധിനിറഞ്ഞു ഹൃത്തു വിളങ്ങണം..' ഈ പാട്ടിലെ ഓരോ വാക്കും വരിയും അപഗ്രഥിച്ചു പഠിക്കേണ്ടതാണ്.

ഗൃഹാതുരത്വമുണർത്തു ചേരുവകളെല്ലാം സമഞ്ജസമായി സമ്മേളിക്കുന്ന ഇന്നത്തെ 'ഹെഡ്മാസ്റ്റർ' സിനിമ, അത്തെ 'പൊതിച്ചോറ് എന്ന പോലെ വളരെ പ്രസക്തമാണ്.

'ഹെഡ്മാസ്റ്റർ'ക്ക് അന്യഭാഷകളിലേക്ക് മൊഴിമാറ്റമുണ്ടാകുമെന്ന് നമുക്കാശിക്കാം. ജീവിതാനുഭവങ്ങളെ തുറന്നുകാട്ടുന്നു, മാറ്റങ്ങളുണ്ടാക്കുന്ന ഇത്തരം കലാസൃഷ്ടികളെ നമുക്ക് അകമഴിഞ്ഞ് ആസ്വദിക്കാം, പ്രോത്സാഹിപ്പിക്കാം. കേരള ഗവൺമെന്റിന്റെ ഇരുമരല എന്ന ആപ്പിൽ മറ്റു സിനിമകളോടൊപ്പം ഹെഡ്മാസ്റ്ററും ലഭ്യമാണ്.


# ഇരട്ട പരത്വത്തിനുള്ള തോമസ് ടി ഉമ്മന്റെ ആഹ്വാനത്തിന് പ്രവാസി സംഘടനകളുടെ പിന്തുണ

**(ആർ. ജയചന്ദ്രൻ)**

ന്യൂയോർക്ക്: ഇന്ത്യയുടെ അയൽ രാജ്യങ്ങളായ പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും പൗരന്മാർക്ക് ചുരുക്കം നിയന്ത്രണങ്ങൾക്ക് വിധേയമായി അമേരിക്കയിൽ ഇരട്ട പൗരത്വമുണ്ട്. എന്നാൽ ഇന്ത്യാക്കാർക്ക് മാത്രം അതില്ല.

ഈ സാഹചര്യത്തിലാണ് പ്രവാസി ഇന്ത്യക്കാർക്ക് ഇരട്ട പരത്വം ലഭിക്കണമെന്ന ആവശ്യവുമായി തോമസ് ടി. ഉമ്മൻ രംഗത്തു വരുന്നത്. ഇതിനായി അദ്ദേഹം കേന്ദ്ര സർക്കാരിന് പലവട്ടം നിവേദനങ്ങൾ നൽകി. ഇപ്പോൾ മറ്റ് പ്രവാസി സംഘടനകളും ഈ ആവശ്യത്തെ പിന്തുണക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഫോമാ നേതാവും സാമൂഹ്യ പ്രവർത്തകനുമായ തോമസ് ടി ഉമ്മൻ അറിയിച്ചു .


കേന്ദ്ര സർക്കാർ പ്രവാസികൾക്ക് ഇരട്ട പൗരത്വം നൽകുന്നതിനെപ്പറ്റി പഠനങ്ങൾ തുടങ്ങിയിട്ട് കാലങ്ങളായി . ഈ അടുത്ത കാലത്തായി ഇന്ത്യൻ വിദേശകാര്യ മന്ത്രി ജയശങ്കർ ഈ വിഷയത്തോട് അനുഭാവപൂർണ്ണമായ നയമാണ് സ്വീകരിക്കുന്നത്. ഇത് എല്ലാ പ്രവാസികൾക്കും ആശയ്ക്ക് വക നൽകുന്നു.




ഭരണഘടനാ ഭേദഗതി ആവശ്യമുള്ള കാര്യമാണ് ഇതെങ്കിലും ഇതിനു അംഗീകാരം ലഭിക്കുക പ്രയാസമാവില്ല. രാജ്യ സുരക്ഷയെ മുൻ നിർത്തിയാണ് ഈ ആവശ്യത്തിന് പലപ്പോഴും ഗവൺമെന്റ് എതിർ നിന്നത്. എന്നാൽ കേന്ദ്ര മന്ത്രിയുടെ അടുത്ത കാലത്തെ പ്രസ്താവന എല്ലാ പ്രവാസി സംഘടനകൾക്കും പ്രതീക്ഷ നൽകുന്നുവെന്ന് തോമസ് ടി ഉമ്മൻ അറിയിച്ചു.

കഴിഞ്ഞ നാല്പതിലേറെ വർഷമായി അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിനും വിശിഷ്യ കേരള സമൂഹത്തിനും വേണ്ടി സേവനമനുഷ്ഠിക്കുന്ന തോമസ് ടി ഉമ്മൻ ദീർഘകാലമായി ഉന്നയിക്കുന്ന ഒരു വിഷയമാണ് ഇരട്ട പൗരത്വം. അഞ്ച് വർഷം ഓ സി ഐ കാർഡ് ഉള്ളവർക്ക് ഇരട്ട പൗരത്വം നൽകുന്ന നടപടി ഉടൻ കേന്ദ്ര സർക്കാർ തുടങ്ങണമെന്ന ആവശ്യം കഴിഞ്ഞയാഴ്ച്ച ഒരു ഹിന്ദി ചാനലിന് നൽകിയ അഭിമുഖത്തിലും ആവർത്തിച്ചു . ഈ ആവശ്യത്തെ നിരവധി ഇന്ത്യൻ സംഘടനകൾ താല്പര്യപൂർവം പിന്തുണച്ചതോടെ ഈ ആവശ്യം ശക്തിപ്പെടുകയാണ്.

അമേരിക്കയിൽ കുടിയേറിയവർ തങ്ങളുടെ നിലനിൽപ്പിന് വേണ്ടി അമേരിക്കൻ പൗരത്വം സ്വീകരിക്കുക സ്വാഭാവികമാണ്. കുടുംബമായി അമേരിക്കയിൽ തുടരുന്ന പലർക്കും ജൻമനാട്ടിലേക്ക് പോകാൻ വിസ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടായി . ഇതു സംബന്ധിച്ച ചർച്ചകൾ വർഷങ്ങൾക്ക് മുൻപേ തുടങ്ങി വെച്ച വ്യക്തിയാണ് തോമസ് ടി ഉമ്മൻ . ഇന്ത്യൻ വിദേശകാര്യ വകുപ്പുമായി ബന്ധപ്പെട്ടു നൽകിയ പല നിവേദനങ്ങളും കാര്യമായ ഫലം കാണുന്ന വയായിരുന്നില്ല. എങ്കിലും പി ഒ ഐ കാർഡും പിന്നീട് ഒ സി ഐ കാർഡും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായി.



ഇപ്പോൾ ഇരട്ട പൗരത്വം പൊതു ചർച്ചയ്ക്ക് വന്നതും അദ്ദേഹത്തിന്റെ പ്രസ്താവനയ്ക്ക് ശേഷമാണ് . അഞ്ചു വർഷമായി ഓ.സി.ഐ കാർഡുള്ളവർക്ക് ഇരട്ട പൗരത്വം നൽകാമെന്ന പ്രായോഗികമായ ഒരു നിർദേശമാണ് അദ്ദേഹം ഇപ്പോൾ മുന്നോട്ടു വയ്ക്കുന്നത്.

അമേരിക്കൻ മലയാളികളുടെ നിരവധി പ്രശ്നങ്ങളിൽ ഒരു സുഹൃത്തിനെ പോലെ ഒപ്പം നിന്ന് പ്രവർത്തിക്കുന്ന തോമസ് ടി ഉമ്മൻ നയിക്കുന്ന ടീം ഫോമാ 2024 –2026 കാലയളവിൽ നിരവധി പദ്ധതികളാണ് മുന്നോട്ട് വയ്ക്കുന്നത് . അതിനായി ഫോമാ പ്രവർത്തകരും അമേരിക്കൻ മലയാളികളും പിന്തുണയ്ക്കണമെന്നു അദ്ദേഹം അഭ്യർത്ഥിച്ചു .

ഇരട്ട പൗരത്വം എന്ന അമേരിക്കൻ മലയാളികളുടെ ദീർഘകാല ആവശ്യത്തിന് ,അത് നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ എപ്പോഴും സമ്മർദ്ദം ചെലുത്തുവാൻ ഒരേ മനസോടെ അമേരിക്കൻ മലയാളികൾ പ്രവർത്തിക്കണമെന്ന് തോമസ് ടി ഉമ്മനൊപ്പം മത്സരിക്കുന്ന സാമുവൽ മത്തായി (ജനറൽ സെക്രട്ടറി), ബിനൂബ് ശ്രീധരൻ (ട്രഷറർ) , സണ്ണി കല്ലൂപ്പാറ (വൈസ് പ്രസിഡന്റ് ), ഡോ. പ്രിൻസ് നെച്ചിക്കാട് (ജോ സെക്രട്ടറി), അമ്പിളി സജിമോൻ (ജോ. ട്രഷറർ) തുടങ്ങിയവരും മറ്റ് സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നവരും അഭ്യർത്ഥിച്ചു.

# എൻ.യു.എം.സി. ഡയറക്ടർ ബോർഡ് അംഗമായി മൂന്നു വർഷ കാലാവധി സ്തുത്യർഹമായി പൂർത്തിയാക്കി അജിത് കൊച്ചൂസ്

**മാത്യുക്കുട്ടി ഈശോ**



ന്യൂയോർക്ക്: ലോങ്ങ് ഐലൻഡ് ഈസ്റ്റ് മെഡോയിൽ പ്രവർത്തിക്കുന്ന നാസ്സോ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിൽ (എൻ.യു.എം.സി) കഴിഞ്ഞ മൂന്നു വർഷം സ്തുത്യർഹ സേവനം കാഴ്ചവച്ച ഡയറക്ടർ ബോർഡ് അംഗം അജിത് എബ്രഹാം എന്ന അജിത് കൊച്ചൂസ് കാലാവധി പൂർത്തിയാക്കിയതിനെ തുടർന്ന് സ്ഥാനം ഒഴിഞ്ഞു. 2021-ൽ നാസ്സോ കൗണ്ടി എക്സിക്യൂട്ടീവ് ആയിരുന്ന ലോറ കുറാൻ അജിത്തിന്റെ പ്രഗൽഭ്യവും സമൂഹത്തിലെ അംഗീകാരവും കണക്കിലെടുത്താണ് എൻ.യു.എം.സി. ഡയറക്ടർ ബോർഡ് അംഗമായി നിയമിച്ചത്. ചരിത്രത്തിൽ ആദ്യമായാണ് ഒരു സൗത്ത് ഇന്ത്യൻ വംശജന് ഇത്തരം ഒരു പദവി ലഭിക്കുന്നത്. ഇത് തികച്ചും ഒരു പൊളിറ്റിക്കൽ നിയമനമാണെങ്കിലും മലയാളീ സമൂഹത്തിൽ നിന്നും ഇതുവരെ ആർക്കും ലഭിക്കാത്ത പദവിയും അംഗീകാരവുമായിരുന്നു അന്ന് അജിത്തിനെ തേടിയെത്തിയത്. 2021-ൽ ഡെമോക്രാറ്റിക് പാർട്ടിക്കായിരുന്നു നാസ്സോ കൗണ്ടി ഭരണം. 2021 നവംബർ 2-ന് നടന്ന തെരഞ്ഞെടുപ്പിൽ ലോറ കുറാനെ പരാജയപ്പെടുത്തി റിപ്പബ്ലിക്കൻ സ്ഥാനാർഥിയായ ബ്രൂസ് ബ്ലേയ്ക്ക്മാൻ കൗണ്ടി എക്സിക്യൂട്ടീവ് ആയി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും, ഡെമോക്രാറ്റ് പാനലിൽ നിയമിതനായ അജിത്തിന് പ്രസ്തുത സ്ഥാനത്ത് തുടരുന്നതിന് ഒരു തടസ്സവും ഉണ്ടായില്ല.

ലോങ്ങ് ഐലൻഡിലെ ഒരേയൊരു പബ്ലിക് സേഫ്റ്റി നെറ്റ് ആശുപത്രിയായ എൻ.യു.എം.സി ഹോസ്പറ്റലിന്റെ കീഴിൽ വിവിധ സ്പെഷ്യലിറ്റികളുള്ള 530 ബെഡ് ഹോസ്പിറ്റൽ സമുച്ചയത്തിൽ മെഡിക്കൽ റെസിഡൻസി, 911 പോലീസ് കൺട്രോൾ യുണിറ്റ്, ഹെലിപാഡ്, നാസ്സോ കൗണ്ടി ജയിൽ, യൂണിയൻ ഡെയ്‌ലിൽ സ്ഥിതി ചെയ്യുന്ന 589 ബെഡിന്റെ എ. ഹോളി പാറ്റേഴ്സൺ എക്സ്റ്റെൻഡഡ് കെയർ നേഴ്സിങ് ഹോം യൂണിറ്റ് തുടങ്ങിയവയെല്ലാം 14 അംഗങ്ങൾ മാത്രമടങ്ങുന്ന ഡയറക്ടർ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നവയാണ്. ഗവർണ്ണർ, കൗണ്ടി എക്സിക്യൂട്ടീവ്, സെനറ്റ് മജോറിറ്റി ലീഡർ എന്നിവർക്കാണ് ഡയറക്ടർ ബോർഡിലേക്കുള്ള നിയമനം നടത്തുവാനുള്ള അധികാരം. വോട്ടവകാശമുള്ള ആകെ 14 ബോർഡ് അംഗങ്ങളിൽ നിലവിൽ ഉണ്ടായിരുന്നത് 7 റിപ്പബ്ലിക്കൻ നിയമിതനും 7 ഡെമോക്രാറ്റിക് നിയമിതനും ആയിരുന്നു. അജിത്തിന്റെ വിരമിക്കൽ ഡയറക്ടർ ബോർഡിൽ നിലവിലുള്ള സമനിലയെ ബാധിക്കാൻ സാധ്യതയുണ്ടെന്ന് നിരീക്ഷകർ അഭിപ്രായപ്പെട്ടു.

2021-ൽ ബോർഡ് മെമ്പർ ആയി അജിത് സ്ഥാനം ഏൽക്കുമ്പോൾ സത്യവാചകം ചൊല്ലിക്കൊടുത്ത് ഓത്ത് എടുപ്പിച്ചത് അന്നത്തെ ജനറൽ കൗൺസിൽ ആയിരുന്ന അറ്റോർണി മേഗൻ റയാൻ ആയിരുന്നു. എൻ.യു.എം.സി-യുടെ ഇപ്പോഴത്തെ സി.ഇ.ഓ ആയി പ്രവർത്തിക്കുന്നത് മേഗൻ ആണ്. ഹോസ്പിറ്റലിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുക, ആശുപത്രിയിലേക്ക് ആവശ്യമുള്ള വിവിധ സാധനങ്ങൾ വാങ്ങുന്നതിനുള്ള അംഗീകാരം നൽകുക, കോൺട്രാക്ടുകൾക്ക് ടെൻഡർ നൽകി അത് അംഗീകരിച്ച് നടപ്പിലാക്കുക തുടങ്ങി നിരവധി കാര്യങ്ങളിൽ തീർപ്പു കല്പിക്കുന്നതും ഡയറക്ടർ ബോർഡ് ആണ്. അജിത് ബോർഡ് മെമ്പർ ആയിരുന്ന കാലഘട്ടത്തിൽ ഹോസ്പിറ്റലിന്റെ സി.ഇ.ഓ, സി.എഫ്.ഓ എന്നിവരെ ഡയറക്ടർ ബോർഡ് പുതുതായി നിയമിക്കുകയുണ്ടായി. കൂടാതെ പുതിയ കാത്ത് ലാബ്, പീഡിയാട്രിക് സൈക്കിയാട്രി ഫെസിലിറ്റിയുടെ വികസനം, ഔട്പേഷ്യന്റ് വിഭാഗത്തിനായി റെസ്റ്റോറന്റ്, കോഫി ഷോപ് എന്നിവയെല്ലാം ഹോസ്പിറ്റലിന്റെ വികസനത്തിന്റെ മുന്നേറ്റത്തിലേക്കുള്ള കാൽവെയ്പുകളായിരിക്കെ അതിലെല്ലാം പങ്കാളിയാകുവാൻ തനിക്കു കിട്ടിയ അവസരത്തിന് അത്യധികം ചാരിതാർഥ്യം ഉണ്ടെന്നു അജിത് പറഞ്ഞു.



പ്രതിവർഷം ഏകദേശം രണ്ടര ലക്ഷത്തോളം രോഗികൾക്ക് ചികിത്സ നൽകുന്ന ഈ സ്റ്റേറ്റ് ഫണ്ടഡ് പബ്ലിക് ഹോസ്പിറ്റൽ ലോങ്ങ് ഐലൻഡിലെ ആയിരക്കണക്കിന് രോഗികളുടെ ആശയും അവലംബവുമാണ്. ഇവിടെ ജോലി ചെയ്യുന്ന 3500-ൽ പരം ജോലിക്കാരിൽ നല്ല ശതമാനം ഇന്ത്യക്കാരും അതിൽ ഏറെ മലയാളികളുമാണ്. തീപൊള്ളൽ ഏൽക്കുന്നവർക്കായി അമേരിക്കയിലെ തന്നെ ഒന്നാമതായി നിൽക്കുന്ന പ്രശസ്തമായ ബേൺ ആൻഡ് ട്രോമാ സെന്റർ എൻ.യു.എം.സി-ക്ക് സ്വന്തമാണ്. ബോർഡ് മെമ്പർ എന്ന നിലയിൽ വളരെയധികം കമ്മ്യൂണിറ്റി പ്രവർത്തനം നടത്തുവാനും

സമൂഹത്തിലുള്ള പലർക്ക് വിവിധങ്ങളായ സഹായങ്ങൾ നൽകുവാനും അവസരം ലഭിച്ചതിലുള്ള സന്തോഷവും സംതൃപ്തിയും അജിത് രേഖപ്പെടുത്തി.

ന്യൂയോർക്കിന്റെ ആദ്യത്തെ സൗത്ത് ഏഷ്യൻ സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ്, എൻ.യു.എം.സി ഡയറക്ടർ ബോർഡ് ചെയർമാൻ മാത്യു ബ്രൂഡർമാൻ, സി.ഇ.ഒ മേഗൻ റയാൻ, നാസ്സോ കൗണ്ടി എക്സിക്യൂട്ടീവ് ബ്ലെയ്ക്ക്മാന്റെ ചീഫ് ഡെപ്യൂട്ടി എക്സിക്യൂട്ടീവ് ആർതർ വാൽഷ് എന്നിവരും മറ്റ് ഡയറക്ടർ ബോർഡ് അംഗങ്ങങ്ങളും ഹോസ്പിറ്റൽ ജീവനക്കാരും അജിത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനങ്ങളെ ശ്ലാഘനീയമായി അനുമോദിക്കുകയും അതിനോടുള്ള നന്ദിയും സന്തോഷവും അറിയിക്കുകയും ചെയ്തു.

നാസ്സോ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്റർ ഡയറക്ടർ ബോർഡ് അംഗമായി മൂന്നു വർഷത്തെ സ്തുത്യർഹ സേവനത്തിനു ശേഷം സ്ഥാനം ഒഴിയുന്ന അജിത് മറ്റ് പല പദവികളും അലങ്കരിച്ച് ഇന്ത്യൻ സമൂഹത്തിൽ അറിയപ്പെടുന്ന വ്യക്തിയാണ്. സെനറ്റർ കെവിൻ തോമസിൻറെ കമ്മ്യൂണിറ്റി ലയസൺ മെമ്പറായും ഫോമാ സിവിൽ & പൊളിറ്റിക്കൽ ഫോറം ചെയർമാനായും തൻറെ സാമൂഹിക പ്രവർത്തനം മുൻപോട്ട് നയിക്കുന്നു. കേരളാ കൾച്ചറൽ അസ്സോസ്സിയേഷൻ ഓഫ് നോർത്ത് അമേരിക്ക (KCANA) പ്രസിഡൻറ് , മാസ്സപ്പെക്വ സെൻറ് പീറ്റേഴ്സ് & സെൻറ് പോൾസ് പള്ളി സെക്രട്ടറി, ഫോമാ യൂത്ത് ഫോറം നാഷണൽ ചെയർമാൻ എന്നീ പദവികളിലും കഴിഞ്ഞ പല വർഷങ്ങളിൽ സ്തുത്യർഹ സേവനം കാഴ്ച വച്ചിട്ടുണ്ട്. കഴിഞ്ഞ 18 വർഷമായി ന്യൂയോർക്ക് സിറ്റി ഗവൺമെൻറ് ഐ.ടി. ഡിപ്പാർട്മെന്റിൽ മാനേജർ ആണ്.

മുവാറ്റുപുഴ കടാതിയിൽ നിന്നും ഏതാനും വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിലേക്ക് കുടിയേറിയ കൊച്ചുകുടിയിൽ എബ്രഹാമിന്റെയും അന്നകുഞ്ഞിന്റെയും മൂന്നു മക്കളിൽ ഏക പുത്രനാണ് അജിത് കൊച്ചൂസ്. അഞ്ചു, മഞ്ജു എന്നിവർ രണ്ട് സഹോദരിമാർ. ഭാര്യ ജയാ വർഗ്ഗീസ് ലോങ്ങ് ഐലൻഡിലെ മലയാളികളുടെ ഇടയിൽ അറിയപ്പെടുന്ന റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരിയാണ്. ലോങ്ങ് ഐലൻഡിലെ സ്മിത്ത് ടൗണിൽ സ്ഥിര താമസമാക്കിയ അജിത്-ജയാ ദമ്പതികൾക്ക് അലൻ, ഇസബെൽ, റയാൻ എന്നീ മൂന്നു മക്കളുമുണ്ട്.

# റെജി വർഗീസ് ഫൊക്കാന ന്യൂയോർക്ക് റീജിയൺ വൈസ് പ്രസിഡന്റ് സ്ഥാനാർഥി

**ബിജു ചെറിയാൻ, ന്യൂയോർക്ക്**

ന്യൂയോർക്ക്: മൂന്നു പതിറ്റാണ്ടിലേറെ അമേരിക്കയിലെ മലയാളി സാമൂഹ്യ-സാംസ്ക്കാരിക- ചാരിററി-രംഗങ്ങളിൽ നിറസാന്നിദ്ധ്യമായ ശ്രീ.റെജി വർഗീസ് ഫൊക്കാന എന്ന മഹത് പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്തേക്ക് മൽസരിക്കുന്നു. ജൂലൈ മാസത്തിൽ നടത്തപ്പെടുന്ന ദേശീയ കൺവൻഷനിൽ നടക്കുന്ന പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ ന്യൂയോർക്ക് റീജിയൺ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കാണ് അദ്ദേഹം മത്സരിക്കുന്നത്. ഏറ്റെടുക്കുന്ന ഏതു ചുമതലയും വലിയ ഉത്തരവാദിത്വബോധത്തോടെ നിർവ്വഹിച്ച സ്തുത്യർഹവും നിസ്തുലവുമായ പ്രവർത്തനം കാഴ്ച വെക്കുന്ന പാരമ്പര്യമുള്ള ശ്രീ.റെജി വർഗീസിന്റെ സാന്നിധ്യവും നേതൃത്വവും ഫൊക്കാനയുടെ വളർച്ചക്കും സംഘടനയുടെ ഐക്യത്തിനും കെട്ടുറപ്പിനുമായി ഉപയുക്തമാകുമെന്നതിൽ സംശയമില്ല.




അമേരിക്കയിലെ ആദ്യകാല മലയാളി സംഘടനകളിലൊന്നായ ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലന്റ് മലയാളി അസോസിയേഷന്റെ സജീവ പ്രവർത്തകനായ ശ്രീ.റെജി വർഗീസ് ഒന്നിലധികം തവണ സംഘടനയുടെ പ്രസിഡന്റ്, സെക്രട്ടരി, ട്രഷറർ, പ്രോഗ്രാം കോർഡിനേറ്റർ തുടങ്ങിയ നിലകളിൽ തിളക്കമാർന്ന നേതൃത്വമാണ് നൽകിയിട്ടുള്ളത്. സ്റ്റാറ്റൻഐലന്റിലെ മുഴുവൻ മലയാളി സമൂഹത്തേയും ഒന്നായി കാണുവാനും ഒരു കുടക്കീഴിൽ അണിനിരത്തി പ്രവർത്തിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

സംഘടനാ പ്രവർത്തനത്തിലുപരി രാഷ്ട്രീയരംഗത്തും, ആദ്ധ്യാത്മിക രംഗത്തും സജീവ സാന്നിധ്യമായ അദ്ദേഹം ഇൻഡ്യൻ നാഷ്ണൽ ഓവർസീസ് കോൺഗ്രസിന്റെ ന്യൂയോർക്ക് ചാപ്റ്റർ ട്രഷറർ എന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇൻഡ്യൻ -അമേരിക്കൻ ദേശീയ രാഷ്ട്രീയ മേഖലയിൽ വ്യക്തമായ കാഴ്ചപ്പാടുള്ള ശ്രീ.റെജി വർഗീസ് അമേരിക്കൻ രാഷ്ട്രീയ രംഗത്ത് കൂടുതൽ മലയാളികൾ ഭാഗഭാക്കാകണമെന്ന അഭിപ്രായക്കാരനാണ്. ആദ്ധ്യാത്മികരംഗത്തും എക്യൂമെനിക്കൽ രംഗത്തും സജീവമായ അദ്ദേഹം ന്യൂയോർക്കിലെ ഏറ്റവും മനോഹരമായ മലങ്കര ഓർത്തഡോക്സ് ദേവാലയം സ്റ്റാറ്റൻ ഐലന്റ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിന്റെ പുതിയ നിർമ്മിതിയുടെ കാലഘട്ടത്തിൽ ഉടനീളം ബിൽഡിംഗ് കമ്മിറ്റി ട്രഷറർ ആയിരുന്നു. കുറഞ്ഞകാലയളവിനുള്ളിൽ ദേവാലയനിർമ്മാണം പൂർത്തീകരിച്ച കൂദാശയ്ക്കായി സജ്ജമാക്കുവാൻ നേതൃനിരയിൽ നിന്നാണദ്ദേഹം പ്രവർത്തിച്ചത്. ചാരിറ്റി പ്രവർത്തനങ്ങളിലും എക്യൂമെനിക്കൽ രംഗത്തു നിറസാന്നിദ്ധ്യമായ റെജിവർഗീസ് വിവിധ ചാരിറ്റി സംഘടനകളുടെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.

മെഡിക്കൽ, ബിസിനസ്സ്, രംഗങ്ങളിൽ ഔദ്യോഗിക ജീവിതമാരംഭിച്ച അദ്ദേഹം ഇപ്പോൾ ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിൽ ഉദ്യോഗസ്ഥനാണ്. ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ മാസ്റ്റർ ബിരുദധാരിയായ റെജി വർഗീസ് സ്വന്തമായ ബിസിനസ്സ് വ്യാവസായിക രംഗത്തും സജീവമാണ്. കുടുംബത്തോടൊപ്പം ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലന്റിൽ താമസിക്കുന്നു. ഫൊക്കാന തെരഞ്ഞെടുപ്പിൽ ന്യൂയോർക്കിൽ റീജിയൺ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് അദ്ദേഹത്തെ തെരഞ്ഞെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# നിര്യാതരായി



**ബൈജു ജേക്കബ്**

കൊച്ചി: വടക്കഞ്ചേരി തൈമറ്റത്തിൽ പരേതനായ ജേക്കബ് മകൻ ഇടപ്പള്ളി പാടിവട്ടം തൈമറ്റത്തിൽ ബൈജു ജേക്കബ് അന്തരിച്ചു. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക് മുൻ പ്രസിഡന്റ്റും ഇപ്പോൾ അഡൈ്വസറി ബോർഡ് ചെയറുമായ സുനിൽ തൈമറ്റത്തിന്റെ സഹോദരനാണ്.

**പി.സി.പുന്നൂസ്**

കുറ്റൂർ: പനച്ചയിൽ പി.സി.പുന്നൂസ് (അനിയൻ–86) അന്തരിച്ചു. റാന്നി ഐത്തല പടിഞ്ഞാറേമുറിയിൽ അന്നക്കുട്ടി. മക്കൾ: ഷൈനി, ഷീബ (യുകെ), ഷിജു (യുകെ). മരുമക്കൾ: വാകത്താനം കിഴക്കേകൊഞ്ഞിരക്കാട്ട് ബോബൻ കുരുവിള (സർവിസ് സഹകരണ ബാങ്ക് റിട്ട. സെക്രട്ടറി), കല്ലിശ്ശേരി ചരിവുപറമ്പിൽ ജയ്മോൻ (യുകെ), കല്ലറ കപിക്കാട് കളത്തൂപ്പറമ്പിൽ ബിജിമോൾ.



**അമ്മിണി ഫിലിഫോസ്**

ഡാളസ്:വെൺമണി കോളൂതറ വെരി റവ.കെ.ജി.ഫിലിപ്പോസ് കോർ എപ്പിസ്കോപ്പയുടെ ഭാര്യ അമ്മിണി ഫിലിഫോസ് ഡള്ളാസിൽ അന്തരിച്ചു കായംകുളം മങ്കുഴിയിൽ പനകുന്നിൽ എം വി വർഗീസിന്റെയും ചിന്നമ്മയുടെയും മകളാണ് പരേത മകൾ: ഡോ.ഷീബ പി തോമസ്, സിസിലിയ പി ജോർജ് മരുമക്കൾ: അനീഷ് തോമസ്, ലീജോ ജോർജ്ജ് . സഹോദരങ്ങൾ: മേരി ഗീവർഗീസ്, ലീലാമ്മ തങ്കച്ചൻ, മത്തായി ഗീവർഗീസ്, റേച്ചൽ മാത്യു, സൂസമ്മ തോമസ്, സാറാമ്മ വർഗീസ്.

**ജോസ് ജോർജ്**

വാകക്കാട്: ഇളംതുരുത്തിയിൽ ജോസ് ജോർജ് (72) അന്തരിച്ചു. ഭാര്യ: കളത്തൂക്കടവ് കുന്നത്ത അച്ചാമ്മ ജോസ്. മക്കൾ: സിന്ധു ടോമി, സന്തോഷ് ജോസ്, സിനി സെബാസ്റ്റ്യൻ.



**അന്നമ്മ ജോർജ്ജ്**


പുനലൂർ: തുണ്ടത്തിൽ വീട്ടിൽ പരേതനായ നൈനാൻ ജോർജ്ജിന്റെ ഭാര്യ അന്നമ്മ ജോർജ്ജ് (96) അന്തരിച്ചു.

**ഏലിക്കുട്ടി**

കടനാട്:നടുവിലേക്കുറ്റ് പരേതനായ മൈക്കിളിന്റെ ഭാര്യ ഏലിക്കുട്ടി (അച്ചാമ്മ–88) അന്തരിച്ചു. ഏഴാച്ചേരി മാമ്മൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി (യുഎസ്), സാജു (ഏഴാച്ചേരി), ബീന, ബിജി.

**മേരി തോമസ്**

കുറവിലങ്ങാട്: മാനാച്ചേരിൽ തോമസിന്റെ (പോസ്റ്റാർ സ്റ്റോഴ്സ്) ഭാര്യ മേരി തോമസ് (മേരിക്കുഞ്ഞ്68) അന്തരിച്ചു. നസ്രത്ത്ഹിൽ വരകുകാലായിൽ കുടുംബാംഗമാണ്. മക്കൾ: പ്രിയങ്ക, പ്രിറ്റോ. മരുമക്കൾ: അനീഷ് മേപ്പുറത്ത് (വായ്പൂര്), സോഫിയ കളർകാണിയിൽ (തോട്ടുവാ).



**കെ.പി. ജോർജ്ജുകുട്ടി**

ഹൂസ്റ്റൺ/മല്ലശ്ശേരി: പുങ്കാവ് കളർവിളയിൽ കെ.പി. ജോർജ്ജുകുട്ടി (74) (മല്ലശ്ശേരി ഡോൾഫിൻ കേറ്ററിംഗ് ഉടമ) അന്തരിച്ചു. ഭാര്യ : സുസമ്മ ജോർജ്ജ് (വൽസമ്മ) എണ്ണയ്ക്കാട് വടക്കേക്കോട്ടിൽ കുടുംബാംഗമാണ്. മക്കൾ:ബ്രദറൺ സുവിശേഷകൻ എബി കെ. ജോർജ്ജ് (മല്ലശ്ശേരി) ഫേബാ സൂസൻ സാമുവേൽ (യു.കെ.). മരുമക്കൾ : ഹെലൻ എബി കിണർമുക്ക് (കണ്ണൂർ), ജിജി ജോർജ്ജ് സാമുവേൽ കാക്കനാട് (യു.കെ) കൊച്ചുമക്കൾ :എയ്ഞ്ചൽ സൂസൻ എബി, ആരൻ എബി ജോർജ്ജ്, രുത്ത് സാറാ സാമുവേൽ.

**പി.വി.ചെറിയാൻ**

വാകത്താനം:വള്ളിക്കാട്ട് പുല്ലുകാട് പി.വി.ചെറിയാൻ (84) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: വാകത്താനം കുമ്മൻകുളം മോളി ചെറിയാൻ.



**മേരി തോമസ് ഏബ്രഹാം**

ഡാലസ്: യുഎസ് ഹെൽത്ത് ഡിപ്പാർട്മെന്റ് മുൻ ഉദ്യോഗസ്ഥ പാക്കിൽ ചോലപ്പിള്ളി പൂവത്തുംമൂട്ടിലായ കരിക്കാടൻപാക്കിൽ മേരി തോമസ് ഏബ്രഹാം (78) അന്തരിച്ചു. പള്ളം വൈഡബ്ല്യുസിഎ സ്പെഷൽ സ്കൂൾ ട്രഷറർ, കുഴിമറ്റം വൈസ്മെൻസ് ക്ലബ് മെനറ്റ്സ് പ്രസിഡന്റ്, കോട്ടയം ഈസ്റ്റ് അർബൻ കോഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.ഭർത്താവ്: ഇട്ടിക്കുഞ്ഞ് ഏബ്രഹാം (അഖിലകേരള ബാലജനസഖ്യം മുൻ ജന. സെക്രട്ടറി). മക്കൾ: അരുൺ ഏബ്രഹാം (ഡാലസ്), അഞ്ജു ഏബ്രഹാം യദു (സാൻഫ്രാൻസിസ്കോ), സഞ്ജു ഏബ്രഹാം മരുമക്കൾ: സിജി സാറ ഏബ്രഹാം രാജീവ് യദു, മെറിന ഏബ്രഹാം പുത്തൻവീട്ടിൽ തുമ്പമൺ.



**മറിയാമ്മ ഗീവർഗീസ്**

അയർക്കുന്നം: മണ്ണുംമൂട്ടിൽ മറിയാമ്മ ഗീവർഗീസ് (91) അന്തരിച്ചു. മടേലിൽ, ഇരവിപേരൂർ കുടുംബാംഗമാണ്.ഭർത്താവ്: എം.സി ഗീവർഗീസ് (റിട്ട. എച്ച്പിസിഎൽ മാനേജർ).മക്കൾ: ജയിംസ് (എറണാകുളം), മോളി (യുഎസ്എ), ജോർജ് (യുഎസ്എ). സനിൽ (മസ്കറ്റ്), ബെറ്റി (എറണാകുളം), ബിജു (ഷോപ്പ് എൻ ഷോപ്പ്) അയർക്കുന്നം.മരുമക്കൾ: ലിസി (മണത്തല), ഫ്രാൻസീസ് (മേനാച്ചേരി), സീന (കാട്ടാശേരി), ജോളി (പവ്വത്ത്), ടി.പി. ജയ്സൺ (തോട്ടാപ്പള്ളി), സൂസൻ (ലാച്ചന്തറ).

**ജേക്കബ് കുര്യൻ**

കുറിച്ചി:നീലംപേരൂർ കൊച്ചുളുന്തുരുത്തിൽ ജേക്കബ് കുര്യൻ (അനിയച്ചൻ69) അന്തരിച്ചു. ഭാര്യ: ചിങ്ങവനം പുത്തൻപറമ്പിൽ ലീലാമ്മ.



**ഡോ. പി.സി. സെബാസ്റ്റ്യൻ**

കാഞ്ഞിരപ്പള്ളി: പൂവത്തിങ്കൽ പരേതനായ പി.ഡി. ചാക്കോയുടെ മകൻ ഡോ. പി.സി. സെബാസ്റ്റ്യൻ (78) അന്തരിച്ചു. ഭാര്യ: മോളി കുറവിലങ്ങാട് വടക്കേക്കര കുടുംബാംഗം.മക്കൾ: ഡെന്നിസ് സെബാസ്റ്റ്യൻ, ആന്റണിസെബാസ്റ്റ്യൻ (യുഎസ്എ), ഡോ. അമിത് സെബാസ്റ്റ്യൻ (ഫിസിഷ്യൻ, വെല്ലിംഗ്ടൺ ന്യൂസിലൻഡ്). മരുമക്കൾ: റൈന ചെങ്ങളത്തുപറമ്പിൽ വടവാതൂർ (കോട്ടയം), ഇഷ പുലിക്കോട്ടിൽ ചിമ്മൻ കുട്ടനെല്ലൂർ (തൃശൂർ), നീതു വേലംകുന്നേൽ ഭരണങ്ങാനം.

**എൻ.ഡി.ജോസഫ്**

വയലാ:ഐക്കളമ്പിൽ എൻ.ഡി.ജോസഫ് (ജോസ് 71) അന്തരിച്ചുഭാര്യ: തലയോലപ്പറമ്പ് പനയ്ക്കൽ മോളി ജോസഫ്.



**അന്തോണി**

തൃശൂർ:വരന്തരപ്പിള്ളി: പരേതനായ മഞ്ഞളികല്ലേലി ലോനപ്പൻ മകൻ അന്തോണി(86) അന്തരിച്ചു. സംസ്കാരം വെള്ളിയാഴ്ച 3.30ന് വരന്തരപ്പിള്ളി വിമലഹൃദയ പള്ളിയിൽ. ഭാര്യ: സിസിലി അന്തോണി.മക്കൾ: രാജീവ് (യുഎസ്എ), സജീവ് (അയർലണ്ട്),മിനി.മരുമക്കൾ; ഷേർലി, ഫ്രിൻസി, ജോഷി.

**ആലീസ് പുന്നൂസ്**

ചിങ്ങവനം:വട്ടച്ചിറയിൽ പരേതനായ വി.എ.പുന്നൂസിന്റെ മകൾ ആലീസ് പുന്നൂസ് (82) അന്തരിച്ചു.

**കെ.ഐ.വർക്കി**

പാറമ്പുഴ:കിഴക്കേപ്പറമ്പിൽ കെ.ഐ.വർക്കി (ബേബി75) അന്തരിച്ചു. ഭാര്യ: മണർകാട് കാവുങ്കലേത്ത് സാറാമ്മ. മക്കൾ: രഞ്ജു (ഷാർജ), സിമി, അനീഷ്. മരുമക്കൾ: കൊച്ചുമോൻ പൂവക്കുന്നേൽ സതീഷ് മൈലക്കാട്ട്




**ഏലിയാമ്മ**

ഏറ്റുപാറ: പരേതനായ തോണിപ്പാറ ചാക്കോയുടെ (കുട്ടപ്പൻ) ഭാര്യ ഏലിയാമ്മ (ചിന്നമ്മ– 82) അന്തരിച്ചു. മക്കൾ: ഫിലോമിന, ആനിയമ്മ, സിസ്റ്റർ ബീന (ബെനിറ്റ്) എംഎസ്എംഐ (ജർമനി), ജെസി, സിസ്റ്റർ റീന (ആഗ്നസ്) എംഎസ്എംഐ (യുഎസ്എ), മനോജ് (ഏറ്റുപാറ).മരുമക്കൾ: ജോയ് അരയാണ്ടയിൽ (ആശാൻകവല), ബാബു മുണ്ടയ്ക്കൽ (പരപ്പ്), തോമസ് വളോംതടത്തിൽ (വായാട്ടുപറമ്പ്), ബീന (ഇരിട്ടി).

**പി.സി.ജേക്കബ്**

കുമ്പനാട്:കലമണ്ണിൽ പൊയ്കയിൽ പി.സി.ജേക്കബ് (ബാബു–75) അന്തരിച്ചു. ടാറ്റാ ടീ എസ്റ്റേറ്റ് മുൻ ഉദ്യോഗസ്ഥനാണ്. ഭാര്യ: പെരുമ്പാവൂർ ചുണ്ടക്കുഴി അറയ്ക്കൽ സൂസി ജേക്കബ്.



**ടി.സി. തോമസ്**

ചിങ്ങവനം: തെക്കെ കരോട്ട് ടി.സി. തോമസ് (തങ്കച്ചൻ–68, റിട്ടെ. ഐഎസ്ആർഒ) ബംഗളൂരുവിൽ അന്തരിച്ചു. ഭാര്യ സജിനി ഒളശ പാറേൽകുന്നും പുറത്ത് കുടുംബാംഗം. മക്കൾ: നിതിൻ തോമസ് (യുഎസ് എ), സ്റ്റെനിൻ തോമസ് (ടിസിഎസ്, ബംഗളൂരു). മരുമകൾ: ശിൽപ (യുഎസ്എ).

**മേരിക്കുട്ടി തോമസ്**

മണിമല:കൂനംകുന്നേൽ മേരിക്കുട്ടി തോമസ് (88) അന്തരിച്ചു. എടത്വ കളങ്ങര കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കെ.ജെ.തോമസ്. മറ്റു മക്കൾ: ലിസമ്മ, ഫോൺസമ്മ, സിബി. മരുമക്കൾ: പ്രഫ. പി.ടി.ചാക്കോ പൊട്ടൻപ്ലാക്കൽ പായിപ്പാട് (മാർത്തോമ്മാ കോളജ് തിരുവല്ല), അൻസൻ , സിനി തിരുനല്ലൂർ (കോട്ടാങ്ങൽ), സുനി അട്ടിയിൽ ചമ്പക്കുളം.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയ്‌ലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News